

# സത്യദൂതൻ

2025 ജൂൺ | ലക്കം 06

വില ₹ 30

100TH YEARS

ഒരു നൂറ്റാണ്ട് പൂർത്തിയാക്കിയ മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

- ഇരുമ്പ്: ഖുർആന്റെ അത്ഭുത ദൃഷ്ടാന്തം
- റൂഹുൽ ഖുദ്സ് ആത്മാവിൽ ഇറങ്ങുന്നവർ
- ആസൂത്രിത ശിശുഹത്യ നടത്തുന്ന ഇസ്റയേലും നയം മാറ്റത്തിനൊരുങ്ങുന്ന യൂറോപ്യൻ യൂണിയനും

SUBSCRIBE

വായിക്കുക, വരിക്കാരാവുക!

# സത്യദൂതൻ

Rs. 30/-




ഒരു നൂറ്റാണ്ട് പിന്നിട്ട
മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

**ഒരു കോപ്പിക്ക് 30 രൂപ**
**വാർഷിക വരിസംഖ്യ 300 രൂപ**

G Pay
accepted here

ISLAM INTERNATIONAL PUBLICATIONS
+91 94470 86862

9447086862@okbizaxis

BHIM UPI

ഈ ക്യൂആർ കോഡ് ഉപയോഗിച്ച്
വരിസംഖ്യ അയക്കുന്നവർ രസീതിന്റെ
സ്ക്രീൻ ഷോട്ട്, പേര്, വിലാസം എന്നിവ
സർക്കുലേഷൻ മാനേജർക്ക് അയച്ചു
നൽകുവാൻ താൽപര്യപ്പെടുന്നു.
9995950052

*കൂടുതൽ വിവരങ്ങൾക്ക്:*
**മാനേജർ**
**സത്യദൂതൻ, മസ്ജിദ് ഉമർ**
**സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം**
*Email : sathyadoothan1@gmail.com*
***Phone No: 9447086862 (G. Pay)***



# അകം


**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7** **നാം നമ്മുടെ ത്യാഗങ്ങളുടെയും ഭക്തിയുടെയും നിലവാരം ഉയർത്തുക.**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു)
2022.7.10 ന് യു കെയിലെ മസ്ജിദ് മുബാറക്കിൽ നിർവ്വഹിച്ച ഈദ് ഖുത്ബയുടെ സംഗ്രഹം.



**10** **റൂഹുൽ ഖുദ്സ് ആത്മാവിൽ ഇറങ്ങുന്നവർ**
ഹദ്റത്ത് അഹ്മദ്(അ)



**13** **ഇരുമ്പ്: ഖുർആന്റെ അത്ഭുത ദൃഷ്ടാന്തം**
എ.എം.മുഹമ്മദ് സലീം

**19** **സ്ത്രീകളുടെ ഋതുകാലവും ഭർത്താവിന്റെ ചുമതലകളും**
റിസ്വാൻ ഖാൻ, യു എസ് എ

**23** **വാഗ്ദത്ത മസീഹി(അ)ന്റെ രൂപലാവണ്യം**
ഖലീം എസ്. എം.



**26** **വാഗ്ദത്ത മസീഹി(അ)ന്റെ പ്രവചനവും ഒരു നംറൂദിന്റെ പതനവും**
ഇബ്നു വഫ, ബേപ്പൂർ



**32** **ഹജ്ജിന്റെ തത്വശാസ്ത്രം**
അയിസാസ് ഖാൻ, കാനഡ

**കുറിപ്പുകൾ**



**32** **ആസൂത്രിത ശിശുഹത്യ നടത്തുന്ന ഇസ്റയേലും നയം മാറ്റത്തിനൊരുങ്ങുന്ന യൂറോപ്യൻ യൂണിയനും**
മുസാഫിർ

**വാർത്തകൾ**

**അനുസ്മരണം**


**സത്യദൂതന്റെ പഴയ ലക്കങ്ങൾ ഓൺലൈനിൽ വായിക്കുവാൻ ഈ QR CODE ഉപയോഗിക്കുക.**


لا الہ الا اللہ محمد رسول اللہ

# സത്യദൂതൻ

**ഒരു നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

2025 – ജൂൺ
ഹി.ശ. 1405– ഇഹ്സാൻ
1446 ദുൽഖഅദ് – ദുൽഹിജ്ജ
പുസ്തകം 97 ലക്കം 06
വില 30 രൂപ

---

എഡിറ്റർ
**എ.എം.മുഹമ്മദ് സലീം**
**ഫോൺ : 8907 182 933**
Email: salimqld@gmail.com

---

ചീഫ് എഡിറ്റർ
**സി.പി.സുൽത്താൻ നസീർ**
**ഫോൺ : 9544 274 240**

---

മാനേജർ
**ഡോ. സി. സലാഹുദ്ദീൻ**
**ഫോൺ : 9447 424 619**

---

സർകുലേഷൻ മനേജർ
**കെ.എ.സാജിദ്**
**ഫോൺ : 9995950052**

---

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്റ്റ് റോഡ്
എറണാകുളം നോർത്ത്, കൊച്ചി– 682018

**Printed & Published by**
B.B.Ahmad Kabeer,
for the Kerala
Ahmadiyya Muslim Jama-ath

**Printed at**
A-One Offset Prints,
Ramanattukara,
Calicut, Kerala - 673 633

**Published at**
Masjid Umar, St. Benedict Road,
Ernakulam, Kochi-18.

**Edited by** A.M. Muhammed Salim.

**Design:** Creative Graphics

## വിശുദ്ധ ഖുർആനിൽ നിന്ന്



ഓർക്കുക, ഇബ്റാഹീമിന് നാം ആ പരിശുദ്ധ ഭവനത്തിന്റെ സ്ഥലം സൗകര്യപ്പെടുത്തിക്കൊടുത്ത സന്ദർഭം. (നാം അദ്ദേഹത്തോട് കൽപിച്ചു) നീഎനിക്കൊരു വസ്തുവിനേയും പങ്കാളിയാക്കി വെക്കരുത്. പ്രദക്ഷിണം ചെയ്യുന്നവർക്കും, നിന്നും കുനിഞ്ഞും കുമ്പിട്ടും കൊണ്ട് ആരാധന നടത്തുന്നവർക്കും വേണ്ടി എന്റെ മന്ദിരത്തെ ശുദ്ധമാക്കി വെക്കുക.(22: 27)



## നബിവചനം

അബൂ ഹുറയ്റ[റ]ൽ നിന്നും നിവേദനം: വല്ലവനും അല്ലാഹുവിന്ന് വേണ്ടി ഹജ്ജ് ചെയ്തു. അവൻ അനാവശ്യം പ്രവർത്തിച്ചില്ല. കുറ്റകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുമില്ല. എങ്കിൽ സ്വമാതാവ് അവനെ പ്രസവിച്ച ദിവസം പോലെ പരിശുദ്ധനായിക്കൊണ്ടാണ് അവൻ തിരിച്ചു വരുന്നത് എന്ന് നബി[സ]പറയുന്നത് ഞാൻ കേൾക്കുകയുണ്ടായി (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

ഹജ്ജ് കൊണ്ടുള്ള ഉദ്ദേശം ഒരാൾ തന്റെ വീട്ടിൽ നിന്നും പുറപ്പെട്ട് സമുദ്രങ്ങൾ തരണം ചെയ്ത് മക്കയിൽ ചെന്ന് ആചാരാനുഷ്ഠാനമെന്നോണം ചില വചനങ്ങൾ ഉരുവിട്ടു ചില കടമകൾ നിർവ്വഹിച്ചു തിരിച്ചു വരിക മാത്രമല്ല, വാസ്തവത്തിൽ ഹജ്ജ് പരിപൂർണ്ണമായ ആത്മ സമർപ്പണത്തിന്റെ അവസാനത്തെ പരമോന്നത സ്ഥാനത്തിന്റെ പേരാണ്. മനുഷ്യൻ തന്റെ ആത്മാവിനെ ഭൗതികമായ എല്ലാ ബന്ധനങ്ങളിൽ നിന്നും മുക്തമാക്കി ദൈവാനുരക്തിയിൽ തന്നെ അർപ്പണം ചെയ്യുന്നു. അവന്റെ ഹൃദയത്തിൽ സംജാതമാകുന്ന ദൈവസ്നേഹവും അനുരക്തിയും നിമിത്തം യാത്രാ ക്ലേശങ്ങൾക്കോ ജീവനും ധനവും നഷ്ടപ്പെടുമെന്ന ചിന്തകൾക്കോ ബന്ധുക്കളേയും സുഹൃത്തുക്കളേയും വിട്ടു പിരിയണമെന്ന വ്യാകുലതക്കോ ഒരു പ്രസക്തിയുമില്ല. ഒരു പ്രേമി തന്റെ പ്രേമഭാജനത്തിന്നായി തന്റെ ജീവൻ കൂടി ബലിയർപ്പിക്കാൻ സന്നദ്ധമാകുന്നത് പോലെ ഹജ്ജിൽ ത്വവാഫ് ചെയ്യുന്നു. വളരെ സൂക്ഷ്മമായ ഒരു രഹസ്യമാണിത്. കഅ്ബത്തുല്ല എന്ന ഭവനം പോലെ തന്നെ അതിന്ന് മുകളിലും ഒരു ഉന്നത സ്ഥാനമുണ്ട്. ഏതുവരെ ഉപരി ലോകത്തുള്ള ആ ആസ്ഥാനം ഹൃദയാത്മനാ വലംവെക്കപ്പെടുന്നില്ലയോ അതുവരെ ഈ ത്വവാഫ് പ്രയോജനകരമോ ഫലദായകമോ ആകുന്നില്ല. ഈ ഭവനത്തെ വലം വെക്കുന്നവർ വളരെ ചുരുങ്ങിയ മേൽ വസ്ത്രങ്ങളണിയുന്നു. അതേ പ്രകാരം ഉപരി ലോകത്തുള്ള ഭവനത്തെ ത്വവാഫ് ചെയ്യുന്നത് ഭൗതിക ബന്ധങ്ങളെന്ന വസ്ത്രങ്ങൾ ഉപേക്ഷിച്ചു കൊണ്ട് സ്നേഹത്തിന്റെയും അനുരക്തിയുടെയും ഭയഭക്തിയുടെയും വസ്ത്രങ്ങളണിഞ്ഞു കൊണ്ടായിരിക്കണം. ത്വവാഫ് ദൈവാനുരാഗത്തിന്റെ അടയാളവും പ്രതീകവും ആകുന്നു. ഇതിന്റെ അർത്ഥം ദൈവപ്രീതിക്കു ചുറ്റും വലം വെക്കുകയാണ്. മറ്റൊരുദ്ദേശവും അവിടെ അവശേഷിക്കുന്നില്ല.

(മൽഫൂസാത്ത് വാല്യം 9 പേ. 123,124)



# ഹാജിമാർ അല്ലാഹുവിന്റെ യഥാർത്ഥ വിളി തിരിച്ചറിയുക.

**'നാഥാ നിന്റെ വിളിക്കിതാ ഞാൻ ഉത്തരമായി വന്നിരിക്കുന്നു. നിനക്ക് പങ്കുകാരില്ല. നിനക്കാകുന്നു സ്തുതി. നിന്റെതാകുന്നു അനുഗ്രഹം എല്ലാ അധികാരവും നിനക്ക് മാത്രമാകുന്നു. നിനക്ക് പങ്കുകാരനായി ആരുമില്ല.'**

യഹൂദ ക്രിസ്ത്യൻ ഇസ്ലാം മതങ്ങളുടെ പൂർവ്വപിതാവായ ഖലീലുല്ലാഹി ഇബ്രാഹിം നബി(അ) നാലായിരം വർഷം മുമ്പ് നടത്തിയ വിളംബരത്തിന്നുത്തരമായി ലോക മുസ്ലിംകൾ അറഫയിൽ സമ്മേളിക്കുകയാണ്. ദൈവകല്പനക്കായി കാത്തിരിക്കുക എന്ന അർത്ഥമുള്ള 'തൽബിയ്യത്ത്' വചനങ്ങൾ ഉരുവിട്ടു കൊണ്ട് ഹാജിമാർ ചോരപ്പുഴകൾ കടന്ന് അറഫയിലെത്തുമ്പോൾ അവർക്ക് ചുറ്റും സംഭവിക്കുന്ന ഭ്രാതൃഹത്യകളും മുസ്ലിം ഉമ്മത്തിന് സംഭവിച്ചുകൊണ്ടിരിക്കുന്ന ഭയാനകമായ പരീക്ഷണങ്ങളും അല്ലാഹുവിനോടുള്ള വിലാപങ്ങളായി അവരുടെ സ്മൃതി പഥത്തിൽ എത്താതിരിക്കില്ല. അല്ലാഹുവിന്റെ വിളി എന്നത് കൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിന്റെ വിളിയാളന്റെ വിളിയാണ്. ഈ കാലഘട്ടത്തിൽ റസൂൽ തിരുമേനി(സ)യുടെ വാഗ്ദാന പ്രകാരം അവിടുത്തെ വിനീത ശിഷ്യനായി അല്ലാഹു അയച്ച വാഗ്ദത്ത മസീഹിന്റെ വിളിയോടായിരുന്നു ഹാജിമാർ ലബ്ബൈക് പറയേണ്ടിയിരുന്നത്. അതാണ് ഈ കാലഘട്ടത്തിലെ അല്ലാഹുവിന്റെ യഥാർത്ഥവിളി.

അവസാനകാലത്ത് വെളിപ്പെടുകയും മുസ്ലിംകളെ ബാധിക്കുകയും ചെയ്യുന്ന നാശങ്ങളെപറ്റി റസൂൽ തിരുമേനി(സ) യുടെ പ്രവചനങ്ങൾ നിരവധിയാണ്. ദജ്ജാലിന്റെയും യഅ്ജൂജ് മഅ്ജൂജിന്റെയും അതിശക്തമായ ആക്രമണത്തിന്ന് മുസ്ലിംകൾ വിധേയമാവുമെന്ന ഗൗരവമേറിയ പ്രവചനമാണത്. അഞ്ചു നേരം നമസ്ക്കാരങ്ങളിൽ ദജ്ജാലിന്റെ ഉപദ്രവത്തിൽ നിന്നും രക്ഷ നേടാൻ മുസ്ലിംകൾ നിരന്തരം പ്രാർത്ഥിക്കുകയും ചെയ്യുന്നു. പാശ്ചാത്യ നാഗരികതയാണ് ആ ദുഷ്ടശക്തി. അവരുടെ ആക്രമണവും നാശവും ദിനേന നടന്നുകൊണ്ടിരിക്കുമ്പോഴും പരമ്പരാഗതമായി വിശ്വസിച്ചു കൊണ്ടിരിക്കുന്ന വികൃത ജീവികളാണ് ദജ്ജാലെന്ന് മുസ്ലിംകൾ ശഠിച്ച് വിശ്വസിച്ച് ആ സുപ്രധാനമായ പ്രവചനത്തെ അവർ നിരർത്ഥകമാക്കിമാറ്റുന്നു. തങ്ങളുടെ സഹോദരന്മാരുടെ കൂട്ടഹത്യക്ക് കാരണമാവുന്ന ഈ ദജ്ജാലീ ശക്തികളുടെ നായകന്മാരെ മക്കയുടെയും മദീനയുടെയും ഭരണാധികാരികൾ വിലയേറിയ സമ്മാനങ്ങളും പദവികളും നൽകി സ്വീകരിക്കുന്നു.

മുസ്ലിംകൾ മലവെള്ളത്തിലെ ചണ്ടികൾ പോലെ ദുർബലരാവുമെന്നും ലോകത്ത് കൊലപാതകങ്ങളും യുദ്ധങ്ങളും അധികരിക്കുമെന്നും വ്യഭിചാരം വ്യാപകമാവുമെന്നും ഭരണാധികാരികൾ അഴിമതിക്കാരാവുമെന്നും സ്വവർഗരതി വർദ്ധിക്കുമെന്നും ഭൂമി അലംകൃതമാവുമെന്നും തുടങ്ങി നിരവധി പ്രവചനങ്ങൾ ഹദീസുകളിൽ രേഖപ്പെട്ടു കിടക്കുന്നു. നിരാശജനകമായ ഈ പ്രവചനങ്ങൾ മാത്രമല്ല റസൂൽ തിരുമേനി(സ) പ്രവചിച്ചത്. മുസ്ലിംകളുടെ വിമോചനത്തിന്നും ലോകത്തെ അന്ധകാരത്തിൽ നിന്ന് വീണ്ടെടുക്കാനും മസീഹിന്റെയും മഹ്ദിയുടെയും ആഗമനം കൂടി അതോടൊപ്പം സുവിശേഷമായി റസൂൽ തിരുമേനി(സ) പ്രവചിച്ചിരിക്കുന്നു.

പ്രവചനങ്ങളിൽ പറയപ്പെട്ട വിനാശശക്തി ദൈവത്തിന് പുത്രനെ കൽപ്പിച്ച പാശ്ചാത്യ നാഗരികതയാണ്. അവരുടെ അപ്രതിരോധ്യമായ സംഹാര താണ്ഡവവും അധിനിവേശവും മുസ്ലിം ലോകം ഇന്ന് അനുഭവിച്ചു കൊണ്ടിരിക്കുന്ന യാഥാർത്ഥ്യമാണ്. ദജ്ജാലീ ശക്തികളെ നശിപ്പിക്കാൻ അവരുമായി ആശയ സമരവും പ്രാർത്ഥനയുടെ മാർഗ്ഗവുമാണ് സ്വീകരിക്കേണ്ടത് എന്നാണ് വാഗ്ദത്ത മഹ്ദി മുസ്ലിം സമൂഹത്തെ പല നിലക്കും ഉപദേശിച്ചത്. മഹ്ദിയുടെ കാലം വാളെടുത്തുള്ള ജിഹാദ് റദ്ദാക്കപ്പെടും എന്ന് റസൂൽ തിരുമേനി(സ) യുടെ വചനം ഓർക്കുക. ഇമാം മഹ്ദിയുടെ ശാന്തിയുടെ മാർഗ്ഗം വിട്ട് സായുധ ജിഹാദിൽ ഏർപ്പെട്ടിരിക്കുന്ന മുസ്ലിംകൾ നശിച്ച് നാമാവശേഷമായിക്കൊണ്ടിരിക്കുന്ന കാഴ്ച്ചയും നാം കാണുന്നു. പ്രവാചകന്മാരുടെ ആത്മീയ മാർഗ്ഗത്തിലാണ് അദ്ദേഹം ഇസ്ലാമിനെ വിജയ സോപാനത്തിലേക്ക് നയിക്കുക. അദ്ദേഹത്തിന്റെ ആഗമനം ഒരു പെരുന്നാളായി ആഘോഷിക്കണമെന്ന് പൂർവ്വസൂരികളായ മഹാത്മാക്കൾ മുസ്ലിം ലോകത്തെ നൂറ്റാണ്ടുകളായി ഉപദേശിച്ചതാണ്. പക്ഷേ അല്ലാഹുവിന്റെ പക്കൽ നിന്ന് ആഗതരാവുന്നവരോട് പ്രവാചക നിഷേധികൾ അനുവർത്തിക്കുന്നതെല്ലാം ആ മഹാത്മാവിനോടും ചെയ്തു.

ലോക മുസ്ലിംകൾ ബലി പെരുന്നാൾ സുദിനത്തിൽ സമ്മേളിക്കുമ്പോൾ വാഗ്ദത്ത മഹ്ദിയും മസീഹുമായ ഹദ്റത്ത് അഹ്മദ്(അ)ന്റെ ഈ വാക്കുകൾ ഓർക്കുക: **'അല്ലയോ വിവേകശാലികളെ ഈ നിശിതാന്ധകാരത്തിന്റെ നാളുകളിൽ അല്ലാഹു തക്കസമയത്ത് തന്നെ ഒരു സ്വർഗ്ഗീയ പ്രകാശം ഇറക്കി തരുന്നതിലും കലിമത്തുൽ ഇസ്ലാമിനെ ഉയർത്തിത്തിക്കാട്ടുന്നതിലും ഹദ്റത്ത് ഖൈറുൽ അനാമിന്റെ പ്രകാശം പരത്തുന്നതിന്നും മുസൽമാന്മാരുടെ പിന്തുണക്ക് വേണ്ടിയും പിന്നെ അവരുടെ ആന്തരികനിലയെ ശുദ്ധീകരിക്കാനുദ്ദേശിച്ചും തന്റെ ദാസനെ ഈ ലോകത്തയച്ചതിൽ നിങ്ങൾ അത്ഭുതപ്പെടേണ്ടതില്ല. ഇസ്ലാം ദീനിന്റെ സഹായകനും ഖുർആനികാദ്ധ്യാപനങ്ങളുടെ നിത്യസംരക്ഷകനും ഖുർആനെ ചൈതന്യരഹിതവും നിഷ്പ്രഭവും പ്രകാശരഹിതവുമാക്കാൻ അനുവദിക്കുകയില്ലെന്ന് വാഗ്ദാനം നൽകിയവനും ആരാണോ ആ സത്യ ദൈവം ഈ അന്ധകാരത്തെ നോക്കിക്കണ്ടിട്ടും ആന്തരീയവും ബാഹ്യവുമായ എല്ലാകുഴപ്പങ്ങളും വീക്ഷിച്ചറിഞ്ഞിട്ടും മിണ്ടാതിരിക്കുകയും തന്റെ വിശുദ്ധ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ള വാഗ്ദാനത്തെക്കുറിച്ച് ഓർക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അതിലാണ് അത്ഭുതപ്പെടേണ്ടത്.... ആകയാൽ എന്നെ നിഷേധിക്കുന്ന കാര്യത്തിൽ ആരും ധൃതികാണിക്കേണ്ട. അവൻ ദൈവത്തോട് പോരിന്ന് പുറപ്പെടാതിരിക്കാൻ തന്നെ** '(ഫത്ഹെ ഇസ്ലാം) മുസ്ലിം ലോകത്തിന്ന് ഈ സത്യം എളുപ്പത്തിൽ ഗ്രഹിക്കുമാറാകട്ടെ.(ആമീൻ)



## ആരാധനയിലെ അനുഷ്ഠാനങ്ങൾ ദൈവാനുരാഗത്തിന്റെ പ്രതീകങ്ങൾ

**ഹദ്റത്ത് അഹ്മദ് عليه السلام**

വാസ്തവത്തിൽ മനുഷ്യൻ ദൈവാരാധനക്ക് വേണ്ടി മാത്രമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ദൈവാരാധന രണ്ടു വിധത്തിലാണുള്ളത്. ഒന്ന് അങ്ങേയറ്റത്തെ വിനയവും കീഴ്വണക്കവും കാണിക്കുക. രണ്ട് അനുരക്തിയും സ്നേഹവും പ്രകടിപ്പിക്കുക.

ഇസ്ലാം വിനയത്തിന്റെയും വണക്കത്തിന്റെയും പ്രതീകമായ നമസ്ക്കാരാനുഷ്ഠാനത്തിന്നുള്ള കൽപ്പന നൽകുന്നു. നമസ്ക്കാരം ശാരീരികമായി മനുഷ്യന്റെ ഓരോ അവയവത്തേയും ഭയഭക്തിയിലും അനുസരണത്തിലും സമർപ്പണവിധേയനാക്കി തീർക്കുന്നു. അവന്റെ ഹൃദയം സുജൂദ് ചെയ്യുന്നതോടൊപ്പം നമസ്ക്കാരത്തിൽ അവന്റെ ശരീരവും കുമ്പിടുന്നു. അങ്ങനെ അവന്റെ ആത്മാവും ശരീരവും ഈ ദൈവാരാധനയിൽ ഒരുപോലെ പങ്കുചേരുന്നു. ശരീരം ചെയ്യുന്ന സുജൂദ് വ്യർത്ഥമാണെന്ന് കരുതരുത്. ദൈവം ആത്മാവിന്റെയും ശരീരത്തിന്റെയും സ്രഷ്ടാവാണ്. രണ്ടിലും അവന്ന് സൃഷ്ടി കർത്താവെന്ന നിലയിൽ അവകാശവും അധികാരവുമുണ്ട്. ശരീരവും ആത്മാവും പരസ്പരം ഒന്ന് മറ്റൊന്നിൽ പ്രഭാവിതമാകുന്നു. ചിലപ്പോൾ ശരീരം ചെയ്യുന്ന സുജൂദ് ആത്മാവ് ചെയ്യുന്ന സുജൂദിന്ന് ഉത്തേജനം നൽകുന്നു. അതേ പ്രകാരം ആത്മാവിന്റെ സുജൂദ് ശരീരത്തിന്റെ സുജൂദിന്റെ അവസ്ഥ സംജാതമാക്കുന്നു. കാരണം ആത്മാവും ശരീരവും പരസ്പരം ബന്ധിതമാണ്. ഉദാഹരണത്തിന്ന് ഒരാൾ കൃത്രിമമായി മന്ദഹസിക്കുന്ന മുഖപ്രകൃതി സംജാതമാക്കുകയാണെങ്കിൽ ആ കൃത്രിമച്ചിരി യഥാർത്ഥ ചിരിയായി മാറുന്നു. ഇത് ആത്മാവിന്നുണ്ടാകുന്ന പ്രതിഫലനത്തിന്റെയും പ്രഭാവത്തിന്റെയും ബഹിർ പ്രകടനമാണ്. അതേ പ്രകാരം കൃത്രിമമായി ഒരാൾ കരയുന്ന ഭാവം സംജാതമാക്കുകയാണെങ്കിൽ യഥാർത്ഥത്തിൽ അയാൾക്ക് കരച്ചിൽ വരുന്നു. അത് ആത്മാവിന്നുണ്ടാകുന്ന പ്രതിഫലനത്തിന്റെയും പ്രഭാവത്തിന്റെയും ബഹിർ പ്രകടനമാണ്. നാം ശാരീരികമായി ബാഹ്യമായി ചെയ്യുന്ന ദൈവാരാധനയുടെ പ്രതിഫലനം ആത്മാവിലും ആത്മാവിലുണ്ടാകുന്ന വിനയ ഭാവത്തിന്റെ പ്രതിഫലനം ബാഹ്യമായി ശരീരത്തിലുമുണ്ടാകുമെന്നും ഇതിൽനിന്നും മനസ്സിലാകുന്നു

അതേ പ്രകാരം ദൈവരാധനയുടെ രണ്ടാമത്തെ അനുരക്തിയുടെയും ത്യാഗത്തിന്റെയും പ്രതിഫലനവും പ്രഭാവവും നമ്മുടെ ആത്മാവിലും ശരീരത്തിലും അതായത് ആന്തരീകമായും ബാഹ്യമായും സംജാതമാവുന്നു. അനുരക്തിയുടെയും അനുരാഗത്തിന്റെയും അവസ്ഥയിൽ മനുഷ്യന്റെ ആത്മാവ് എപ്പോഴും തന്റെ പ്രേമിയെ വലം വെച്ചുകൊണ്ടിരിക്കുന്നു. അവന്റെ ആസ്ഥാനത്തെ ചുംബിക്കുന്നു. അതേപ്രകാരം കഅ്ബത്തുല്ല ഭൗതികമായി ദൈവപ്രേമികൾക്ക് ഒരു മാതൃകയാക്കപ്പെട്ട ഭവനമാണ്. ദൈവം പറയുന്നു: നോക്കുക ഇത് എന്റെ ഭവനമാണ്. ഇത് എന്റെ ആസ്ഥാനത്തിലെ കല്ലായ ഹജ്റുൽ അസ്‌വദാണ്. ഈ കൽപ്പന അവൻ പുറപ്പെടുവിച്ചത് മനുഷ്യൻ തന്റെ അനുരക്തിയേയും സ്നേഹ ഭാവത്തെയും പ്രകടിപ്പിക്കാനാണ്. അത് കൊണ്ട് ഹജ്ജ് ചെയ്യുന്നവർ ഹജ്ജിന്നുള്ള പുണ്യസ്ഥലങ്ങളിൽ ചെന്ന് ശാരീരികമായ നിലയിൽ പ്രസ്തുത ഭവനത്തെ വലംവെക്കുന്നു. അവർ ദൈവാനുരക്തിയിൽ ഉന്മത്തരായി അവന്റെ തിരുസന്നിധിയെ ഭ്രമണം ചെയ്യുന്നു. ശാരീരികമായ എല്ലാ അലങ്കാരങ്ങളെയും വർജ്ജിച്ച് തലമുണ്ഡനം ചെയ്ത് ദൈവസ്നേഹത്തിൽ മുഴുകിയവരായി കൃത്രിമ ലേശമില്ലാതെ പ്രേമാർത്ഥരെ പോലെ അവന്റെ ആസ്ഥാനത്തെ വലം വെക്കുന്നു. ഹജ്റുൽ അസ്‌വദിനെ ദൈവത്തിന്റെ ആസ്ഥാനത്തിലുള്ള കല്ലാണെന്ന് കരുതി സ്നേഹ രൂപേണ അതിനേയും ചുംബിക്കുന്നു. ശാരീരികവും ബാഹ്യവുമായ ഈ ആവേശവും ഉത്സാഹവും ആത്മീയമായ താപവും ഉഷ്ണവും സംജാതമാക്കുന്നു.

(ചശ്മെ മഅ്രിഫ പേ 100,101)

# ത്യാഗങ്ങളുടെയും ഭക്തിയുടെയും നിലവാരം ഉയർത്തുക

**അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 10.07.2022 ന് യു കെയിലെ മസ്ജിദ് മുബാറക്കിൽ നിർവ്വഹിച്ച ഈദ് ഖുത്ബയുടെ സംഗ്രഹം.**



**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹുല്ലാഹു)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് നാം ഈദുൽ അദ്ഹാ അഥവാ ബലി പെരുന്നാൾ ആഘോഷിക്കുകയാണ്. ഈ ഈദ് ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് ഒരു പിതാവും പുത്രനും മാതാവും നടത്തിയ ത്യാഗത്തിന്റെ സ്മരണയാണ്. ഇത് ഒരു താൽക്കാലിക ത്യാഗമായിരുന്നില്ല; തുടർച്ചയായി വർഷങ്ങളോളം വ്യാപിച്ചു നിന്ന ഒരു ത്യാഗമായിരുന്നു. ഹദ്റത്ത് ഇബ്രാഹിം(അ) തന്റെ ഭാര്യയെയും ഓമനക്കുഞ്ഞിനെയും ഒരു തരിശായ സ്ഥലത്ത് ഉപേക്ഷിച്ചു. അതിനു കാരണം അല്ലാഹുവിന്റെ കൽപ്പന മാത്രമായിരുന്നു. അല്ലാഹുവിന് വേണ്ടിയാണ് തങ്ങളെ ഈ സ്ഥലത്ത് ഉപേക്ഷിക്കുന്നതെന്ന് ഭാര്യ അറിഞ്ഞപ്പോൾ, പോകുക എന്ന് വലിയ ബോധ്യത്തോടെയും ദൃഢനിശ്ചയത്തോടെയും പറഞ്ഞു. അത്ര മാത്രം ഉയർന്നതായിരുന്നു അവരുടെ വിശ്വാസം. ഇതെല്ലാം സർവ്വശക്തനായ അല്ലാഹുവിന്റെ കൽപ്പന പ്രകാരമാണെങ്കിൽ, അല്ലാഹു നമ്മെ പാഴാക്കുകയില്ല, അപ്പോൾ സർവ്വശക്തനായ അല്ലാഹു അവരെ പാഴാക്കാതെ ഈ മരുഭൂമിയിൽ ഒരു നഗരം സ്ഥാപിച്ചത് ലോകർ കാണുകയുണ്ടായി. തുടർന്ന് അല്ലാഹു അവന്റെ വാഗ്ദാനമനുസരിച്ച്, ആവശ്യമായതെല്ലാം അവിടെ നൽകുകയുണ്ടായി. ഒരു വാഗ്ദത്തം ചെയ്യുകയും അതിന്റെ തെളിച്ചം ഒരു അടയാളമായി കാണിക്കുകയും ചെയ്ത അല്ലാഹുവിന്റെ വാഗ്ദാനങ്ങളുടെ പൂർത്തീകരണത്തിന്റെ പ്രകടനമാണിത്. അവൻ അതിൽ അവന്റെ വാഗ്ദാനമനുസരിച്ച് ഒരു പ്രവാചകനെ സൃഷ്ടിച്ചു; ദശലക്ഷക്കണക്കിന് ആളുകൾ അവനിലേക്ക് എല്ലാ ദിവസവും സ്വലാത്ത് ചൊല്ലുകയും ഖിയാമത്തുനാൾ വരെ സ്വലാത്ത് അയച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. അല്ലാഹു തആല തന്റെ പ്രിയപ്പെട്ട പ്രവാചകനായ ഹദ്റത്ത് മുഹമ്മദ്(സ)നെ മുഴുലോകത്തേക്കും ഒരു മുന്നറിയിപ്പുകാരനും സന്തോഷവാർത്ത അറിയിക്കുന്നയാളായും അയച്ചുകൊണ്ട് ഈ ഖാത്തമുന്നബിയ്യീന്റെ, അവസാനത്തെ പ്രവാചകന്റെ സന്ദേശത്തെ എല്ലാ രാജ്യങ്ങളിലും എത്തിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തു. നാലായിരം വർഷങ്ങൾക്ക് മുമ്പ് ഹദ്റത്ത് ഇബ്രാഹിമും(അ) ഹദ്റത്ത് ഇസ്മാഈലും(അ) ചെയ്ത പ്രാർത്ഥന സ്വീകരിച്ച്, അവൻ തന്റെ വാഗ്ദാനം ഗംഭീരമായി നിറവേറ്റി. തിരുനബി(സ)ന്റെ ശരീഅത്തിനെയും ആ മഹാത്മാവിന്റെ അധ്യാപനത്തേയും, അദ്ദേഹത്തിന് അവതരിച്ച ഗ്രന്ഥത്തേയും സംരക്ഷിക്കുന്നതിനായി, സുരയ്യാ നക്ഷത്രത്തിൽ നിന്ന് ദീനിനെ ഭൂമിയിലേക്ക് കൊണ്ടുവരുന്ന ഒരു വ്യക്തിയെ അവസാന നാളുകളിൽ സൃഷ്ടിക്കുമെന്ന് സർവ്വശക്തനായ അല്ലാഹു വാഗ്ദാനം ചെയ്തിരുന്നു. അദ്ദേഹം വിശുദ്ധ ഖുർആനിന്റെയും ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ്(സ)യുടെയും ദൈവത്തിന്റെയും ആധിപത്യം ലോകത്ത് സ്ഥാപിക്കുന്നതാണ്. അല്ലാഹു അവന്റെ വാഗ്ദാനമനുസരിച്ച് ദീനിന്റെ പ്രചാരണത്തിനും എല്ലാ മതങ്ങളെക്കാളും ഇസ്‌ലാമിന്റെ മേൽക്കോയ്മ തെളിയിക്കാനും തിരുനബി(സ)യുടെ സത്യസന്ധനായ ദാസനേയും പ്രേമിയേയും അയക്കുകയുണ്ടായി.

എന്നാൽ ഇന്ന്, ഭൂരിഭാഗം മുസ്‌ലിംകളും അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുന്നതിനും അല്ലാഹുവിന്റെ ഈ ദൂതനുമായി ചേർന്നുകൊണ്ട് ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ ലോകത്ത് എല്ലായിടത്തും പ്രചരിപ്പിക്കുന്നതിനും പകരം, മുസ്‌ലിംകൾ പരസ്പരം കൊല നടത്തുന്നു എന്നത് മാത്രമല്ല ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ്(സ)ന്റെ പ്രതിനിധിയായി ലോകത്ത് സമാധാനം സ്ഥാപിക്കാൻ വന്ന വ്യക്തിയോട് എതിർപ്പുമായി മുന്നേ

റിക്കൊണ്ട് കഴിഞ്ഞ ഒന്നേ കാൽ നൂറ്റാണ്ട് അദ്ദേഹത്തിൽ വിശ്വസിക്കുന്നവരുടെ ജീവിതം ദുസ്സഹമാക്കുന്നു എന്നത് വലിയ സങ്കടകരമായ കാര്യമാണ്. ഇക്കാലത്തെ ഇമാം, മഹ്ദീ മസീഹിന്നെതിരെ അവിശ്വാസത്തിന്റെ ഫത്‌വകൾ അടിച്ചേൽപ്പിക്കുകയും അദ്ദേഹത്തിൽ വിശ്വസിക്കുന്നവരെ പീഡിപ്പിക്കുകയും ചെയ്യുന്നതിനുപകരം, സമാധാനത്തിന്റെ സന്ദേശമുയർത്തിക്കൊണ്ട് വാഗ്ദത്ത മസീഹിന്റെ ബൈഅത്തിൽ വന്നുകൊണ്ട് ഇന്നത്തെ ഈദിനെ യഥാർത്ഥ ഈദ് ആക്കുകയായിരുന്നു വേണ്ടിയിരുന്നത്. കലിമ ചൊല്ലുകയും അല്ലാഹുവിന്റെ ഏകത്വത്തിലും അല്ലാഹുവിന്റെ ദൂതൻ മുഹമ്മദ് നബി(സ)യിലും വിശ്വസിക്കുകയും ചെയ്യുന്നവരെ ഹജ്ജും മറ്റ് ആരാധനകളും ചെയ്യുന്നതിൽനിന്ന് തടയുന്നത് അവരെ സർവ്വശക്തനായ അല്ലാഹുവിന്റെ പിടിത്തത്തിൽ അകപ്പെടുത്തുമോ എന്ന് മുസ്‌ലിംകൾ ചിന്തിക്കേണ്ടിയിരിക്കുന്നു.

ഞങ്ങൾ അഹ്മദികൾ ത്യാഗികളാണ്. ഈ ഈദുകളിൽ നിന്നും നമ്മുടെ ചരിത്രങ്ങളിൽ നിന്നും നാം ത്യാഗങ്ങളുടെ പാഠങ്ങൾ പഠിച്ചു. ജീവനും സ്വത്തും സമയവും മാനവും ത്യജിക്കാൻ പ്രതിജ്ഞയെടുത്തവരാണ് ഞങ്ങൾ, എന്നാൽ ചിലർ ദുർബലരാണ്. ആ അഹ്മദികളോടും ഞാൻ ക്ഷമയോടും പ്രാർത്ഥനയോടും കൂടി പ്രവർത്തിക്കാൻ ആവശ്യപ്പെടുകയാണ്. തീർച്ചയായും, ഈ പ്രാർത്ഥനകൾക്ക് ഒരു ദിവസം ഫലം ലഭിക്കുന്നതാണ് ഇൻശാ അല്ലാഹ്. സത്യവാഗ്ദാനങ്ങളുടെ ദൈവം ഇന്ന് നമ്മെ വിട്ടുകളയുമോ? തീർച്ചയായും ഇല്ല. ഇന്നും തന്നിൽ വിശ്വസിക്കുന്നവർക്കും അടിച്ചമർത്തപ്പെട്ടവർക്കും അവൻ സഹായവുമായി വരുന്നതാണ്. ഇന്ന്, ശത്രു തന്റെ ശക്തിയുടെ വിശ്വാസത്തിൽ തീർച്ചയായും നമ്മെ അടിച്ചമർത്തുകയാണ്, എന്നാൽ സർവ്വശക്തനായ ദൈവത്തിന്റെ മുന്നിൽ അവന്റെ ശക്തിക്ക് ഒരു കണിക പോലും വിലയില്ല. അതിനാൽ, അല്ലാഹുവിന്റെ മുമ്പിൽ മുമ്പത്തേക്കാൾ കൂടുതൽ തലകുനിക്കുക എന്നത് നമ്മുടെ കടമയാണ്. അവനോടുള്ള ആരാധനയുടെ ഉന്നത നിലവാരം നിലനിർത്തുക. അവന്റെ സൃഷ്ടികളോടുള്ള കടമകൾ പൂർത്തിയാക്കുക. നിങ്ങളുടെ ത്യാഗങ്ങൾ അല്ലാഹുവിന്റെ സന്നിധിയിൽ മാത്രം സമർപ്പിക്കാൻ തയ്യാറാകുക.

ത്യാഗങ്ങളുടെ നിലവാരവും ത്യാഗത്തിന്റെ തത്വശാസ്ത്രവും വിവരിച്ചുകൊണ്ട് ഒരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹു പറയുന്നതു പോലെ യഥാർത്ഥ ലക്ഷ്യം ഈ ത്യാഗമാണ്, നിങ്ങളുടെ ബലികളുടെ മാംസമോ രക്തമോ ദൈവത്തിന്റെ പക്കൽ എത്തുന്നില്ല. അതായത്, നിങ്ങൾ അവന്റെ പാതയിൽ മരണം വരിക്കുന്ന അത്രകണ്ട് അവനെ ഭയപ്പെടുക. നിങ്ങൾ സ്വന്തം കൈകൊണ്ട് ബലിയറുക്കുന്നത് പോലെ, നിങ്ങളും ദൈവത്തിന്റെ പാതയിൽ ഒരു ബലിയായി മാറുക. ഭയഭക്തി ഈ നിലയേക്കാൾ കുറവാണെങ്കിൽ, അത് അപര്യാപ്തമാണ്. അതുകൊണ്ട് നമുക്ക് ചിന്തിക്കാനും വിലയിരുത്താനുമുള്ള അവസരമാണിത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള അല്ലാഹുവിന്റെ വാഗ്ദാനമാണ്, അല്ലാഹു ആ മഹാത്മാവിന്റെ ജമാഅത്തിനെ ഉപേക്ഷിക്കുകയില്ല എന്നതും പ്രാർത്ഥനകളും ത്യാഗങ്ങളും സ്വീകരിക്കപ്പെടും എന്നതും. ഇൻശാ അല്ലാഹ്. എന്നാൽ വാഗ്ദത്ത മിശിഹാ വിവരിച്ചിടത്തോളം ഭയഭക്തിയുടെ നിലവാരം ഉയർത്തിയിട്ടുണ്ടോ എന്നറിയാൻ നമ്മൾ ഓരോരുത്തരും സ്വയം വിലയിരുത്തലുകൾ നടത്തണം. അതിനാൽ, ഏതെങ്കിലും തരത്തിലുള്ള നിരാശയ്ക്കും ഉത്കണ്ഠയ്ക്കും പകരം, നാം മുമ്പത്തേക്കാൾ കൂടുതൽ സർവശക്തനായ അല്ലാഹുവിലേക്ക് ചായുക. നമ്മൾ ചെയ്ത ത്യാഗങ്ങളും ആരാധനകളും അല്ലാഹു തന്റെ അനുഗ്രഹത്താൽ സ്വീകരിക്കപ്പെടുന്നതിന് അവന്റെ കാരുണ്യവും തേടേണ്ടതാണ്.

ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ രചനകളുടെ വെളിച്ചത്തിൽ സത്യസന്ധതയിലൂടെയും വിശ്വസ്തതയിലൂടെയും ദൈവസാമീപ്യം കരസ്ഥമാക്കുന്നതിനെ കുറിച്ച് പരാമർശിച്ചുകൊണ്ട് ഹുസൂർ തിരുമനസ്സ് പറഞ്ഞു: അല്ലാഹു കർമങ്ങൾ ആണ് ആഗ്രഹിക്കുന്നതും കർമങ്ങളിൽ തന്നെയാണ് സംതൃപ്തനാകുന്നതും. കർമങ്ങൾ കഷ്ടപ്പാടിൽ നിന്നാണ് വരുന്നതെങ്കിലും മനുഷ്യൻ ദൈവത്തിനുവേണ്ടി പ്രയാസങ്ങൾ സഹിക്കാൻ തയ്യാറാകുമ്പോൾ ദൈവം അവനെ കഷ്ടപ്പെടുത്തുകയില്ല. പറയുന്നു: 'അല്ലാഹുവിന്റെ മാർഗത്തിൽ ആരെങ്കിലും കഷ്ടപ്പെടാൻ തയ്യാറാണെങ്കിൽ, അല്ലാഹു അവനെ കഷ്ടപ്പാടുകളിൽ നിന്ന് രക്ഷിക്കുന്നു. അതിനാൽ, ക്ഷമയോടും പ്രാർത്ഥനയോടും ആത്മാർത്ഥതയോടും വിശ്വസ്തതയോടും നാം അവന്റെ മുമ്പിൽ കുനിയുന്നുവെങ്കിൽ, അവൻ തീർച്ചയായും നമ്മുടെ അടുത്തേക്ക് ഓടിവരുന്നതാണ്. തന്റെ ശക്തിയിൽ വിശ്വസിച്ച് നമ്മോട് അതിക്രമം കാണിക്കുന്ന ശത്രുവിനെ നാമാവശേഷമാക്കുന്നതാണ്. അതിനാൽ, ഈ ഈദിൽ, നാം നമ്മുടെ ത്യാഗങ്ങളുടെയും വിശ്വസ്തതയുടെയും ആത്മാർത്ഥതയുടെയും ഭക്തിയുടെയും നിലവാരം വിലയിരുത്തണം. അതിന് ഇന്ന് പ്രത്യേകം ദുആ ചെയ്യുക; അല്ലാഹു നമ്മുടെ ആത്മാർത്ഥതയുടെയും ഭക്തിയുടെയും നിലവാരം ഉയർത്തുമാറാകട്ടെ. അവൻ നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നതായി നാം തീരട്ടെ. പ്രാർത്ഥനയോടൊപ്പം നമ്മുടെ പ്രവർത്തനങ്ങൾ ഈ അധ്യാപനങ്ങൾക്കനുസൃതമാക്കി തീർക്കുകയും ചെയ്യുക. അറിവ് മാത്രമല്ല, പ്രായോഗികമായി, ഓരോ പുരുഷനും സ്ത്രീയും കുട്ടിയും ഹദ്റത്ത് ഇബ്രാഹിം(അ), ഹദ്റത്ത് ഹാജറ(അ), ഹദ്റത്ത് ഇസ്മാഈൽ(അ) എന്നിവർ സ്ഥാപിച്ച ത്യാഗത്തിന്റെ നിലവാരം നേടിയെടുക്കണം; അപ്പോൾ മാത്രമേ ഈ ബൈഅത്തിനോടുള്ള കടമകൾ നിറവേറ്റിക്കൊണ്ട് യഥാർത്ഥത്തിൽ വാഗ്ദത്ത മസീഹ്(അ) മുമായി ബന്ധമുള്ളവർക്ക് ലഭിക്കേണ്ട അനുഗ്രഹത്തിൽ പങ്കുചേരാൻ നമുക്ക് കഴിയുകയുള്ളൂ.

ഈദുൽ അദ്ഹയെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ വചനം നാം എപ്പോഴും

നമ്മുടെ മുൻപിൽ സൂക്ഷിക്കണം: ‘ഈദുൽ അദ്ഹ ആദ്യ പെരുന്നാളിനേക്കാൾ പ്രാധാന്യമുള്ളതാണ്. എന്നാൽ ഈ ഈദ് കാരണത്താൽ എത്രമാത്രം ആത്മാവിനേയും ഹൃദയങ്ങളെയും ശുദ്ധീകരിക്കുന്നതിലേക്ക് ശ്രദ്ധയുണ്ടായി എന്നും, ആത്മീയതയിൽ നിന്ന് അംശം കരസ്ഥമാക്കാൻ സാധിച്ചു എന്നും, ഈ ഈദിൽ സ്ഥാപിച്ചിട്ടുള്ള വെളിച്ചം എടുക്കാൻ ശ്രമിച്ചു എന്നും ചിന്തിക്കുക. വലിയ പെരുന്നാൾ എന്ന് വിളിക്കപ്പെടുന്ന ഈ പെരുന്നാൾ അതിൽ നിർഭാഗ്യവശാൽ ശ്രദ്ധിക്കപ്പെടാത്ത ഒരു വലിയ യാഥാർത്ഥ്യമുണ്ട്. അതിനാൽ നാം സ്വയം വിലയിരുത്തിക്കൊണ്ടിരിക്കണം, നമ്മെ തന്നെയും നമ്മുടെ ഹൃദയത്തെയും ശുദ്ധീകരിച്ചു കൊണ്ട്, ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ നമ്മിൽത്തന്നെ പ്രയോഗിച്ചുകൊണ്ട് അതിനെ ലോകത്ത് പ്രചരിപ്പിക്കാൻ നാം എത്രത്തോളം കഠിനമായി പരിശ്രമിക്കുന്നുണ്ടെന്ന് നോക്കേണ്ടതാണ്. നമ്മൾ ഇത് ചെയ്യുന്നവരാണെങ്കിൽ, നമ്മുടെ ത്യാഗങ്ങളും സ്വീകാര്യമാകുന്നതാണ്. ഈ ഈദിനാൽ നാം അനുഗ്രഹിക്കപ്പെടുന്നതുമാണ്. അല്ലാഹു അതിനു നമുക്ക് സൗഭാഗ്യം നൽകട്ടെ.

ഈദുൽ അദ്ഹയുമായി ബന്ധപ്പെട്ട് വഖ്ഫെ നൗ കുട്ടികളുടെ ശിക്ഷണത്തെക്കുറിച്ച് ഹുസൂർ തിരുമനസ്സ് പറഞ്ഞു: മതത്തിനുവേണ്ടി തങ്ങളുടെ മക്കളെ സമർപ്പിക്കുന്ന അല്ലെങ്കിൽ സമർപ്പിച്ചിട്ടുള്ള മാതാപിതാക്കൾ ഈ സമർപ്പണം ഒരു ത്യാഗം ആവശ്യപ്പെടുന്നുണ്ടെന്നും ആ ത്യാഗത്തിന്റെ നിലവാരം എന്താണെന്നും തിരിച്ചറിയേണ്ടതാണ്. ഹദ്റത്ത് ഇബ്രാഹിം(അ)ഉം ഹദ്റത്ത് ഇസ്മാഈൽ(അ)ഉം സമർപ്പിച്ചതാണ് ആ ത്യാഗത്തിന്റെ നിലവാരം. ഹദ്റത്ത് ഇബ്റാഹീം(അ) തന്റെ മകനോട് ഞാൻ നിന്റെ കഴുത്തിൽ കത്തി വെക്കുന്നത് സ്വപ്നത്തിൽ കണ്ടുവെന്ന് പറഞ്ഞുകൊണ്ട് തന്റെ മകനോട് ചോദിച്ചു: ഇസ്മാഈൽ നിന്റെ ഉദ്ദേശം എന്താണെന്ന് എന്നോട് പറയുക. മഹത്വത്തിലും ഭക്തിയിലും മുൻകടന്നിരുന്ന മാതാപിതാക്കളാൽ ശിക്ഷണം ലഭിച്ചിരുന്ന ആ മകൻ ഉടൻ മറുപടി പറഞ്ഞു: എന്റെ പിതാവേ! നിങ്ങൾ നിങ്ങളുടെ സ്വപ്നം നിറവേറ്റുക, ക്ഷമയുള്ളവരുടെയും ത്യാഗം ചെയ്യുന്നവരുടെയും കൂട്ടത്തിൽ നിങ്ങൾ എന്നെ കണ്ടെത്തുന്നതാണ്. അതിനാൽ മാതാപിതാക്കൾ മറ്റുള്ളവരെ കണ്ടിട്ട് അല്ലെങ്കിൽ താൽക്കാലിക ആവേശത്തിൽ കുട്ടികളെ വഖ്ഫ് ചെയ്യരുത്. ഹദ്റത്ത് ഇസ്മാഈൽ(അ)നെപ്പോലെ മറുപടി നൽകാൻ കഴിയുന്ന തരത്തിൽ കുട്ടികളെ വളർത്താൻ നമുക്ക് കഴിയുമോ എന്ന് സ്വയം വിലയിരുത്തുക. മാതാപിതാക്കൾ തന്നെ അവരുടെ പ്രായോഗിക മാതൃകയിലൂടെ നന്മയുടെയും ഭക്തിയുടെയും ഉയർന്ന നിലവാരങ്ങൾ സ്ഥാപിച്ചാൽ മാത്രമേ ഇത് സംഭവിക്കുകയുള്ളൂ. അല്ലാത്തപക്ഷം, നിങ്ങൾ ഞങ്ങളെ വഖ്ഫ് ചെയ്തു; അതിന് ഞങ്ങൾ തയ്യാറല്ല എന്ന് കുട്ടികൾ പറയും. തുച്ഛമായ അലവൻസ് കൊണ്ട് ജമാഅത്തിനെ സേവിച്ചുകൊണ്ട് നമുക്ക് ജീവിക്കാൻ കഴിയില്ല. ഇന്ന ഇന്ന നിയന്ത്രണങ്ങളോടെ ഞങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയില്ല. അതിനാൽ ഞങ്ങൾ വഖ്ഫ് ചെയ്യുന്നില്ല. വഖ്ഫ് ചെയ്യുന്ന സമയത്ത് മാതാപിതാക്കളുടെ ഉദ്ദേശം നല്ലതാണെങ്കിലും പിന്നീട് അവരുടെ പ്രായോഗികവും ആത്മീയവുമായ അവസ്ഥ ദുർബലമാവുകയും കുട്ടികളുടെ തർബിയത്തിൽ അവർക്ക് തങ്ങളുടെ പങ്ക് വഹിക്കാൻ കഴിയുന്നുമില്ലെങ്കിൽ, കുട്ടികൾ ഈ ത്യാഗത്തിന് ഒരിക്കലും തയ്യാറാകുകയില്ല.

അതിനാൽ, ഈ അർത്ഥത്തിൽ, വഖ്ഫ് ചെയ്ത കുട്ടികളുടെ മാതാപിതാക്കളും കുട്ടികളെ സമർപ്പിക്കാൻ ആഗ്രഹിക്കുന്ന മാതാപിതാക്കളും തങ്ങൾക്ക് ഈ നിലവാരം കൈവരിക്കാൻ സാധിക്കുന്നുണ്ടോ എന്ന് സ്വയം വിലയിരുത്തേണ്ടതാണ്. അതുപോലെ, ഇപ്പോൾ യുവത്വത്തിലേക്ക് എത്തിയിട്ടുള്ള വഖ്ഫെ നൗ കുട്ടികൾ ശ്രദ്ധിക്കേണ്ടത് നമ്മുടെ വിശ്വസ്തതയുടെയും ത്യാഗത്തിന്റെയും ഗുണനിലവാരം എങ്ങനെ വർധിപ്പിക്കാം എന്നതിനെക്കുറിച്ചാണ്. അല്ലാതെ നമ്മുടെ വീടിന്റെ ചെലവ് എങ്ങനെ കൈകാര്യം ചെയ്യും എന്നല്ല. നിങ്ങൾ അല്ലാഹുവിൽ ഭരമേൽപിക്കുകയും ഭക്തിയിൽ മുന്നേറുകയും ചെയ്താൽ, അല്ലാഹു സ്വയം നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതാണ്.

അതിനാൽ, ഈ സമയത്ത് ജമാഅത്തിന്റെ സേവനത്തിൽ വന്നിട്ടുള്ള വഖ്ഫെ നൗ അംഗങ്ങളും തങ്ങളിൽ ഇസ്മാഈലീ ഗുണങ്ങൾ വളർത്തിയെടുക്കേണ്ടതാണ്. അപ്പോൾ അല്ലാഹു അവർക്ക് നന്മയുടെയും പുരോഗതിയുടെയും പാതകൾ തുറന്നുകൊണ്ടിരിക്കുന്നതാണ്. മാതാപിതാക്കൾക്ക് അവരുടെ കടമകൾ നിറവേറ്റാനും വഖ്ഫെ നൗ കുട്ടികൾക്ക് അവരുടെ വഖ്ഫിന്റെ ഉത്തരവാദിത്തങ്ങൾ മനസ്സിലാക്കിക്കൊണ്ട് അല്ലാഹുവിൽ ഭരമേൽപ്പിച്ചുകൊണ്ട് മതത്തിന് വേണ്ടി ത്യാഗം ചെയ്യാനും അല്ലാഹു തആല അവസരം നൽകട്ടെ. കൂടുതൽ വിദ്യാസമ്പന്നരാകുന്നതിലൂടെ, അവർ ഭൗതികലോകത്തിൽ മുങ്ങിപ്പോകുന്നവർ ആകാതിരിക്കട്ടെ. മറിച്ച് മതത്തിന് മുൻഗണന നൽകി, വഖ്ഫിന്റെ പ്രതിജ്ഞ നിറവേറ്റിക്കൊണ്ട് അവർ തങ്ങളുടെ സേവനങ്ങൾ വിശ്വസ്തതയോടെ സമർപ്പിക്കുന്നവർ ആയിത്തീരട്ടെ. അല്ലാഹു അതിന് ഭാഗ്യം നൽകി അനുഗ്രഹിക്കട്ടെ.

ദൈവമാർഗത്തിൽ തടവിലാക്കപ്പെട്ടവർക്കുവേണ്ടിയും അവരുടെ ഭാര്യാമക്കൾക്കുവേണ്ടിയും ശുഹദാക്കളുടെ മക്കൾക്കുവേണ്ടിയും എല്ലാ വാഖിഫീനുവേണ്ടിയും ഒപ്പം ഓരോ അഹ്മദിയും ഭക്തിയിൽ മുന്നേറാനും പരസ്പരം ഉയർന്ന നിലവാരമുള്ള വിശ്വസ്തത സ്ഥാപിക്കുന്നവരാകാനും ഹുസൂർ അൻവർ ദുആ ചെയ്യാൻ ആഹ്വാനം ചെയ്തു. സാമ്പത്തിക ത്യാഗം ചെയ്യുന്നവരും സമയത്തെ ത്യാഗം ചെയ്യുന്നവരും ഉൾപ്പെടെ എല്ലാത്തരം ത്യാഗങ്ങൾ ചെയ്യുന്നവർക്കും ദുആ ചെയ്യുക. അല്ലാഹു അവർക്കെല്ലാം മികച്ച പ്രതിഫലം നൽകട്ടെ.



# റൂഹുൽ ഖുദ്സ് ആത്മാവിൽ ഇറങ്ങുന്നവർ

ഹദ്റത്ത് അഹ്മദ് (അ)

**ദൈവം നിങ്ങളെ നശിപ്പിച്ചുകളയുമെന്നു നിങ്ങൾ നിമിഷ നേരമെങ്കിലും വിചാരിച്ചുപോകരുത്! നിങ്ങൾ ദൈവത്തിന്റെ കയ്യാൽ ഭൂമിയിൽ നടപ്പെട്ട ബീജമാകുന്നു.**

നിങ്ങളും സഹാനുഭൂതിയോടും സ്വന്തം ആത്മാക്കളെ പവിത്രീകരിച്ചുകൊണ്ടും 'റൂഹുൽ ഖുദ്സിന്റെ–പരിശുദ്ധാത്മാവിന്റെ–അനുഗ്രഹത്തിൽ ഭാഗഭാക്കാകുവിൻ. 'റൂഹുൽ ഖുദ്സ്' മുഖേനയല്ലാതെ യഥാർത്ഥമായ തഖ്‌വ (ഭയഭക്തി) ആർജ്ജിക്കുവാൻ സാദ്ധ്യമേയല്ല. നിങ്ങളുടെ ശരീരേച്ഛകളെയെല്ലാം പൂർണ്ണമായും ഉപേക്ഷിച്ചുകൊണ്ട്, ദൈവതൃപ്തി നേടുന്നതിനുള്ള പാതയിലൂടെ നീങ്ങുവിൻ, അതിനേക്കാൾ കുടുസ്സായിട്ടുള്ളതും ദുർഗമവുമായ മറ്റൊരുവഴിയില്ല. ദുനിയാവിലെ സുഖാസ്വാദനങ്ങളിൽ നിങ്ങൾ മോഹിതരാകരുത്. അതു നിങ്ങളെ ദൈവത്തിൽനിന്ന് അകറ്റിക്കളയും. ദൈവത്തിനുവേണ്ടി ക്ലിഷ്ടജീവിതത്തെ പുണരുവിൻ. ദൈവം തൃപ്തിപ്പെടുന്ന വേദനയുണ്ടല്ലോ, അതു അവൻ അനിഷ്ടപ്പെടുന്ന സുഖാനുഭൂതികളെക്കാൾ ശ്രേഷ്ഠമാകുന്നു. ദൈവത്തിന്റെ ക്രോധത്തിന്നിരയാക്കുന്ന വിജയത്തെക്കാൾ അവൻ തൃപ്തിപ്പെടുന്ന പരാജയം മഹത്തരമാകുന്നു. ദൈവത്തിന്റെ കോപത്തി

നടുത്തെത്തിക്കുന്ന ആ പ്രേമത്തെ നിങ്ങൾ കയ്യൊഴിക്കുവിൻ. നിങ്ങൾ വിശുദ്ധ ഹൃദയത്തോടെ അവന്റെ അടുക്കലേക്ക് നീങ്ങുന്നതായാൽ എല്ലാ വഴികളിലും അവൻ നിങ്ങളെ സഹായിക്കുന്നതാണ്. യാതൊരു ശത്രുവിനും നിങ്ങൾക്ക് ഒരുതരത്തിലുള്ള നഷ്ടവും വരുത്തുവാൻ കഴിയുന്നതുമല്ല. നിങ്ങൾ നിങ്ങളുടെ തൃപ്തി ഉപേക്ഷിച്ചുകൊണ്ട് , നിങ്ങളുടെ മാനം ഉപേക്ഷിച്ചുകൊണ്ട്, നിങ്ങളുടെ സമ്പത്ത് ഉപേക്ഷിച്ചുകൊണ്ട്, ദൈവമാർഗത്തിൽ, ഒരു മരണത്തിന്റെ ദൃശ്യം നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്ന ആ യാതനകൾ പേറുവാൻ ഒരുങ്ങിയെങ്കിലല്ലാതെ ദൈവത്തിന്റെ തൃപ്തി നിങ്ങൾക്കൊരിക്കലും പ്രാപിക്കാനാവുകയില്ല. എന്നാൽ, നിങ്ങൾ യാതനകൾ പേറുകയാണെങ്കിൽ ഒരു അരുമക്കുഞ്ഞെന്നോണം നിങ്ങൾക്ക് ദൈവത്തിന്റെ മടിയിൽ വിലസാം. നിങ്ങൾ നിങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയ ആ സദ്‌വൃത്തന്മാരുടെ പിന്തുടർച്ചാവകാശികളായിത്തീരുകയും ചെയ്യും. എല്ലാ അനുഗ്രഹങ്ങളുടെയും വാതിലുകൾ നിങ്ങൾക്കായിട്ടു തുറക്കപ്പെടുന്നതാണ്. എന്നാൽ, അത്തരക്കാർ എത്ര തുച്ഛം.! 'തഖ്‌വ' അഥവാ ഭയഭക്തി ഹൃദയത്തിൽ നട്ടുപിടിപ്പിക്കേണ്ട ഒരു വൃക്ഷമാണെന്നു ദൈവം എന്നോടു പറഞ്ഞിരിക്കുന്നു. ഏതൊരു ജലത്താൽ ഭയഭക്തി പരിരക്ഷിക്കപ്പെടുന്നുവോ അതു സകല തോട്ടങ്ങളെയും ജലാവിലയമാക്കിത്തീർക്കുന്നു. ഏതൊന്നില്ലെങ്കിൽ സകലതും നിസ്സാരമായിത്തീരുമോ അതാണ് 'തഖ്‌വ' അഥവാ, ഭയഭക്തി. ആ വേരു ബാക്കിയുണ്ടെങ്കിൽ സകലതും ബാക്കിയാകും. സത്യത്തിൽ കാലുറപ്പിച്ചു നിൽക്കുന്നില്ലെങ്കിൽ, ദൈവപ്രാപ്തി അനുഗ്രഹിക്കുന്നതായി വെറുതെ നാവിട്ടടിച്ചതു കൊണ്ടെന്തു കാര്യം? നോക്കുക, ഞാൻ നിങ്ങളോടു സത്യമായും പറയുന്നു. ദീനിന്റെ കൂടെ അൽപം ദുനിയാവിനെ കൂടി കൂട്ടിക്കുഴക്കുന്ന ആൾ നാശഗ്രസ്തനാകുന്നു. ആരുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ മുഴുവനും ദൈവത്തിനുവേണ്ടി അല്ലാതിരിക്കുന്നുവോ, ചിലതു ദൈവത്തിനും ചിലത് ദുനിയാവിനും വേണ്ടിയായിരിക്കുന്നുവോ അത്തരമൊരാൾ നരകത്തിന്റെ സമീപത്താകുന്നു. നിങ്ങൾ നിങ്ങളുടെ ലക്ഷ്യങ്ങളിൽ ഒരണുവെങ്കിലും ലൗകികതയുടെ കൂട്ടുചേർക്കുന്ന പക്ഷം നിങ്ങളുടെ സകല ആരാധനകളും വ്യർത്ഥമാകുന്നു. ഈ നിലയിൽ നിങ്ങൾ ദൈവത്തെയല്ല, ശൈത്താനെയാകും അനുസരിക്കുന്നത്. അത്തരമൊരവസ്ഥയിൽ ദൈവം നിങ്ങളെ സഹായിക്കുമെന്നു നിങ്ങൾ പ്രതീക്ഷിക്കേണ്ടതില്ല. ഈ അവസ്ഥയിൽ നിങ്ങൾ ഭൂമിയുടെ കീടങ്ങളായിരിക്കും. കീടങ്ങൾ നശിച്ചൊടുങ്ങുന്നതുപോലെ നിങ്ങളും ഏതാനും നാളുകൾ കൊണ്ട് നശിച്ചുപോകും. നിങ്ങളിൽ ദൈവം ഉണ്ടായിരിക്കില്ല. നിങ്ങളെ നശിപ്പിച്ചുകൊണ്ട് ദൈവം സന്തുഷ്ടനായിത്തീരും. എന്നാൽ, നിങ്ങൾ നിങ്ങളുടെ ആത്മാവിൽ യഥാർത്ഥത്തിലുള്ള മരണം വരിക്കുകയാണെങ്കിൽ നിങ്ങൾ ദൈവത്തിൽ പ്രത്യക്ഷമാകുമാറാകയും ദൈവം നിങ്ങളോടൊപ്പമായിരിക്കുകയും ചെയ്യും. നിങ്ങൾ എവിടെ വസിക്കുന്നുവോ ആ ഗൃഹം അനുഗ്രഹ പൂർണ്ണമായിരിക്കും. നിങ്ങളുടെ ഗൃഹഭിത്തികൾക്കുള്ളിൽ ദൈവത്തിന്റെ അനുഗ്രഹം വർഷിച്ചുകൊണ്ടിരിക്കും. അത്തരമൊരാൾ വസിക്കുന്ന പട്ടണവും അനുഗൃഹീതമായിത്തീരും. നിങ്ങളുടെ ജീവിതവും നിങ്ങളുടെ മരണവും നിങ്ങളുടെ ഓരോ ചലനവും നിങ്ങളുടെ സൗമ്യതയും നിങ്ങളുടെ രൂക്ഷതയുമെല്ലാം ദൈവത്തിനുവേണ്ടി മാത്രമുള്ളതായിരിക്കുകയും, എല്ലാ ഓരോ യാതനയുടെയും കഷ്ടപ്പാടിന്റെയും ഘട്ടത്തിലും നിങ്ങൾ ദൈവത്തെ പരീക്ഷിക്കാൻ ശ്രമിക്കാതെയും അവനുമായുള്ള ബന്ധം വിച്ഛേദിക്കാതെയും മുന്നോട്ടുതന്നെ കാൽവയ്ക്കുകയുമാണെങ്കിൽ, ഞാൻ സത്യമായും സത്യമായും നിങ്ങളോടു പറയുന്നു, നിങ്ങൾ ദൈവത്തിന്റെ ഒരു പ്രത്യേക ജനം ആയി മാറുന്നതാണ്. ഞാൻ ഒരു മനുഷ്യൻ മാത്രമായിരിക്കുന്നതുപോലെ നിങ്ങളും മനുഷ്യർ മാത്രമാകുന്നു. എന്റെ ദൈവം തന്നെയാണ് നിങ്ങളുടെയും ദൈവം. ആകയാൽ, നിങ്ങളുടെ പരിശുദ്ധമായ ശക്തികളെ നിങ്ങൾ നശിപ്പിച്ചുകളയല്ലാ! നിങ്ങൾ പൂർണ്ണനിലയിൽ ദൈവത്തിലേക്ക് ചായുന്നപക്ഷം നോക്കൂ, ഞാൻ ദൈവത്തിന്റെ ഇച്ഛയെ മുൻനിർത്തിക്കൊണ്ട് പറയട്ടെ, നിങ്ങൾ ദൈവത്തിന്റെ ഒരു വരിഷ്ഠജനമായിത്തീരുന്നതാണ്. ദൈവത്തിന്റെ മഹത്വം നിങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ പ്രതിഷ്ഠിക്കുവിൻ. അവന്റെ ഏകത്വത്തെ ജിഹ്വാഗ്രത്തിൽ മാത്രമല്ല, കർമ്മത്തിലൂടെയും പ്രഖ്യാപിക്കുവിൻ. എന്നാൽ, ദൈവവും അവന്റെ പ്രവർത്തിയിലൂടെ അവന്റെ സ്നേഹവും അനുഗ്രഹവും നിങ്ങളിൽ ചൊരിയും. മനസ്സിൽ പക വച്ചു പുലർത്തുന്നതിൽനിന്നു നിങ്ങൾ ഒഴിഞ്ഞുമാറുകയും ആത്മാർത്ഥമായ സഹാനുഭൂതിയോടെ മനുഷ്യരെ സമീപിക്കുകയും ചെയ്യുവിൻ. നന്മയുടെ എല്ലാ ഓരോ പാതയും നിങ്ങൾ താണ്ടിക്കടക്കുവിൻ; ഏതു പാതയിലൂടെയാണ് നിങ്ങൾ സ്വീകരിക്കപ്പെടുക എന്നറിയുകയില്ല!

## നിങ്ങൾക്ക് സുവിശേഷം

ഞാൻ നിങ്ങൾക്ക് സുവിശേഷം നൽകിക്കൊള്ളട്ടെ; ദൈവത്തിന്റെ




സാമീപ്യം നേടുന്നതിനുള്ള രംഗം ഇതാ ഒഴിഞ്ഞു കിടക്കുന്നു! എല്ലാ ഓരോ ജനവും ദുനിയാവിനെയാണ് സ്നേഹിക്കുന്നത്. ദൈവം ഏതൊന്നിൽ തൃപ്തനായിരിക്കുന്നുവോ അതിനെതൊട്ടു ഈ ലോകത്തിനു ശ്രദ്ധയില്ല. സകല ശക്തി സാധനകളോടും കൂടി ഈ വാതിലിലൂടെ കടക്കാൻ ആഗ്രഹിക്കുന്നവരാരോ അവർ തങ്ങളുടെ മുത്ത് പുറത്തെടുക്കേണ്ട അവസരം ഇതുതന്നെയാണ്. അവർ ദൈവത്തിന്റെ പ്രത്യേക സമ്മാനം കരസ്ഥമാക്കുകയും ചെയ്തുകൊള്ളട്ടെ!

ദൈവം നിങ്ങളെ നശിപ്പിച്ചുകളയുമെന്നു നിങ്ങൾ നിമിഷ നേരമെങ്കിലും വിചാരിച്ചുപോകരുത്! നിങ്ങൾ ദൈവത്തിന്റെ കയ്യാൽ ഭൂമിയിൽ നടപ്പെട്ട ബീജമാകുന്നു. ഈ ബീജം മുളയ്ക്കുകയും വളരുകയും നാനാഭാഗങ്ങളിലും ശാഖോപശാഖകളായി പടരുകയും ഒരു വൻവൃക്ഷമായിത്തീരുകയും ചെയ്യുമെന്ന് അല്ലാഹു പറഞ്ഞു. ആകയാൽ, ദൈവവിധിയിൽ വിശ്വാസം പുലർത്തുകയും ഇടയ്ക്കുവെച്ചുണ്ടാകുന്ന പരീക്ഷകളിൽ ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവർ അനുഗൃഹീതർ! എന്തുകൊണ്ടെന്നാൽ, പരീക്ഷകൾ വരേണ്ടതും ആവശ്യമാകുന്നു. തങ്ങളുടെ 'ബൈഅത്തി'ൽ (പ്രവേശന പ്രതിജ്ഞയിൽ) ആരാണ് സത്യവാൻമാരെന്നും, ആരെല്ലാം കപടൻമാരെന്നും വേർതിരിക്കപ്പെടുന്നതിനുവേണ്ടി തന്നെ. പരീക്ഷകളിൽ ഇടറിപ്പോകുന്നവൻ അല്ലാഹുവിന്ന് യാതൊരു ഊനവും വരുത്തുന്നില്ല. ദുർഭാവന അവനെ നരകത്തിൽ കൊണ്ടെത്തിക്കുകയും ചെയ്യും. അവൻ ജനിച്ചില്ലായിരുന്നെങ്കിൽ ഹാ, എത്ര നന്നായിരുന്നു! അന്ത്യംവരെ സഹനം കൈക്കൊള്ളുന്നവരാകട്ടെ, ആപത്തുകളുടെ ഭൂകമ്പങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നാലും, വിപത്തുകളുടെ കൊടുങ്കാറ്റുകൾ ആഞ്ഞടിച്ചാലും ജനങ്ങളിൽ നിന്നും അങ്ങേയറ്റത്തെ പരിഹാസശകാരങ്ങളും നിന്ദനങ്ങളും ഏൽക്കേണ്ടിവന്നാലും ലോകർ തങ്ങളോട് കഠിനമായ വെറുപ്പോടെ പെരുമാറിയാലും, പിന്തിരിയാതെ ഒടുക്കംവരെ സഹനം കൈക്കൊള്ളുകയും അവസാനം വിജയശ്രീലാളിതരായിത്തീരുകയും ചെയ്യുന്നു. അനുഗ്രഹങ്ങളുടെ വാതിലുകളെല്ലാം അവർക്കായിട്ട് തുറന്നിടപ്പെടുന്നതുമത്രെ.

അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു, ജമാഅത്തിനെ അറിയിക്കുക: വിശ്വസിച്ചവർ എന്നുവച്ചാൽ, ലൗകികതയുടെ ചേറു പുരണ്ടിട്ടില്ലാത്ത സത്യവിശ്വാസം, കാപട്യവും ഭീരുത്വവും കൊണ്ട് മലീമസമായിട്ടില്ലാത്ത സത്യവിശ്വാസം, അനുസരണത്തിന്റെ യാതൊരു മേഖലയും ഒഴിഞ്ഞുപോയിട്ടില്ലാത്ത സത്യവിശ്വാസം സ്വീകരിച്ചിട്ടുള്ളവർ ആരോ അവർ ദൈവത്തിന്റെ ഇഷ്ടജനമാകുന്നു. അവരത്രേ സത്യത്തിന്റെ പാതയിൽ പദമൂന്നിയവർ.



# ഇരുമ്പ്: ഖുർആന്റെ അത്ഭുത ദൃഷ്ടാന്തം

എ.എം.മുഹമ്മദ് സലീം

**നാം ഇരുമ്പ് ഇറക്കിയിരിക്കുന്നു. അതിൽ കഠിനമായ ശക്തിയും മനുഷ്യർക്ക് പല പ്രയോജനങ്ങളുമുണ്ട്. (വിശുദ്ധ ഖുർആൻ. സൂറ: അൽ–ഹദീദ് 57:26)**

ആഡംബര പ്രതാപത്തിന്റെ പ്രതീകവും മനുഷ്യന് ആകർഷണീയവുമായ സ്വർണ്ണം, വെള്ളി എന്നീ അമൂല്യ ലോഹങ്ങളെക്കുറിച്ച് ഖുർആനിൽ പ്രതിപാദനമുണ്ട്. എന്നാൽ വിശുദ്ധ ഖുർആന്റെ ഒരു അദ്ധ്യായത്തിന്റെ തലവാചകമായി തിരഞ്ഞെടുത്തിരിക്കുന്നത് ഖുർആൻ പറഞ്ഞത് പോലെ അത്യന്തം പ്രയോജനകരമായ ഇരുമ്പിന്റെ നാമമാണ്. 'അൽ ഹദീദ്' (ഇരുമ്പ്) എന്ന അദ്ധ്യായമാണത്. മാത്രമല്ല ഇരുമ്പിന്റെ പ്രയോജനത്തെ കുറിച്ച് ആ അദ്ധ്യായത്തിൽ വാഴ്ത്തിപ്പറയുകയും ചെയ്തിരിക്കുന്നു. മനുഷ്യന്റെ ഭൗതിക പുരോഗതിക്ക് അസാധാരണവും അത്ഭുതകരവുമായ പങ്ക് നിർവ്വഹിക്കുകയും, പ്രപഞ്ച നിർമിതിയിൽ നിർണ്ണായകമായ ഒരു സ്ഥാനം വഹിക്കുകയും ചെയ്യുന്ന ഇരുമ്പിനെ പറ്റിയുള്ള ഖുർആൻ വചനങ്ങൾ അതീവ ഗഹനവും അർത്ഥഗർഭവുമാണ്. മനുഷ്യ ചരിത്രത്തിന്റെ ഭാഗധേയം നിർണ്ണയിച്ച സൈനിക മുന്നേറ്റങ്ങളിലും ആയുധ ശക്തി

യിലും അതുപോലെ വ്യവസായ വിപ്ലവത്തിന്നും ഇരുമ്പ് ഗണ്യമായ സ്വാധീനമാണ് ചെലുത്തിയിട്ടുള്ളത്. ചരിത്രപരമായ ഈ പ്രാധാന്യത്തിന്ന് പുറമേ ഭൗതിക ശാസ്ത്രപരമായി ഇരുമ്പിന്റെ പ്രാധാന്യം അളവറ്റതാണ്. 'അതിൽ മനുഷ്യർക്ക് പല പ്രയോജനങ്ങളുമുണ്ട്,' എന്ന ഖുർആനിക വചനം അന്വർത്ഥമാക്കുമാറ് ആധുനിക കാലത്തെ മനുഷ്യന്റെ നാഗരിക പുരോഗതിയിലും ജീവിതം സുഖകരമാക്കി തീർക്കുന്നതിലും ഇരുമ്പ് വഹിച്ചിട്ടുള്ള പങ്ക് അതുല്യമാണ്.

## ഇരുമ്പിന്റെ അക്ഷര സംഖ്യാമൂല്യം

ഖുർആനിലെ 57-ാമത്തെ അദ്ധ്യായത്തിന്റെ പേരാണ് 'ഹദീദ്' അഥവാ ഇരുമ്പ്. ഹദീദ് എന്ന പദത്തിലെ അക്ഷര സംഖ്യാ മൂല്യത്തിൽ നിന്ന് തുടങ്ങുന്നു ഈ അത്ഭുതങ്ങൾ. ദൈവിക ഭാഷയായ അറബി ഭാഷയിലെ അക്ഷരസംഖ്യാ മൂല്യത്തെക്കുറിച്ച് അൽപ്പം പ്രതിപാദിക്കേണ്ടിയിരിക്കുന്നു.

അബ്ജദ് പട്ടിക അറബിഭാഷയിലെ 28 അക്ഷരങ്ങൾക്കും ഓരോ സംഖ്യാമൂല്യം നൽകുന്ന സമ്പ്രദായ മാണ് 'ഹിസാബുൽ ജുമ്മൽ' (Gemetrical Number of Numerical value of Letters) (പട്ടിക നോക്കുക). 'അബ്ജദ്'എന്നാണ് ഈ രീതിവ്യാപകമായി അറിയപ്പെടുന്നത്. അറബി അക്ഷരമാലയിലെ ആദ്യത്തെ നാല് അക്ഷരങ്ങൾ ചേർത്താണ് 'അബ്ജദ്'എന്ന് പറയുന്നത്. ഈ രീതിയിൽ അക്ഷരങ്ങളുടെ സംഖ്യകൂട്ടിയാണ് 'ബിസ്മില്ലാഹിർറഹ്മാനിർറഹീം' എന്ന വചനത്തിന്ന് 786 എന്നെഴുതുന്നത്. അറബി, ഹിബ്രു, സംസ്കൃത ത്തിൽ ഈ ഗൂഢാക്ഷര സമ്പ്രദായം പിൽക്കാലത്ത് മന്ത്രതന്ത്രങ്ങൾക്കും ആഭിചാരത്തിന്നും വ്യാപകമായി ഉപയോഗിക്കപ്പെട്ടിരുന്നു. മലയാളത്തിലെ 'കടപയാദി' എന്നറിയപ്പെടുന്ന അക്ഷര സംഖ്യാമൂല്യ രീതിക്ക് 'അബ്ജദ് 'മായി സാമ്യമുണ്ട്. ഇരുമ്പിന് ലാറ്റിനിൽ ഫെറം (Ferrum) എന്നാണ് പറയുക. ഇതിന്റെ ചുരുക്കെഴുത്തായ **Fe** ആണ് രാസനാമമായി ശാസ്ത്രത്തിൽ ഇരുമ്പ് അറിയപ്പെടുന്നത്. ഇരുമ്പ് അടക്കം എല്ലാ മൂലകങ്ങളുടേയും ഭൗതിക ഗുണം നിർണ്ണയിക്കുന്നത് അതിന്റെ ആറ്റത്തിലെ ന്യൂക്ലിയസ്സിന്നുള്ളിലെ പ്രോട്ടോൺ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ്. ഇതിനെയാണ് ആറ്റോമിക് സംഖ്യ എന്ന് പറയുന്നത്. പ്രകൃതിയിൽ ഇന്നുവരെ അറിയപ്പെട്ട മൂലകങ്ങളെ ഇങ്ങനെ ശാസ്ത്രീയമായി ക്രമത്തിൽ വർഗ്ഗീകരിച്ച പട്ടികയെയാണ് പിരിയോഡിക്ക് റ്റേബിൾ (Periodic Table) അഥവാ ആവർത്തന പട്ടിക എന്ന് പറയുന്നത് (ചിത്രം നോക്കുക). ഇതിൽ ഇരുമ്പിന്റെ ആറ്റോമിക്ക് സംഖ്യ 26 ആണ്. വിശുദ്ധ ഖുർആനിൽ ഇരുമ്പിന് പ്രയോഗിച്ചത് 'ഹദീദ്' എന്ന പദമാണ്. ഹദീദ് എന്ന പദത്തെ അറബിയിലെ അക്ഷര സംഖ്യാ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ഗണിച്ചുനോക്കിയാൽ 26 എന്ന് കൃത്യമായി ലഭിക്കും എന്നത് കൗതുകകരമല്ലേ?. 'ഹദീദ്' എന്ന പദത്തിന്റെ മാത്രം സംഖ്യാമൂല്യം 26 ആണെങ്കിൽ 'അൽ ഹദീദ്' എന്ന അദ്ധ്യായ നാമത്തിന്റെ സംഖ്യാമൂല്യം 57 ആണ്. അങ്ങനെ വരുമ്പോൾ 57-ാമത്തെ സൂറത്താണ് അൽ ഹദീദ് എന്ന കാര്യവും ഒരു ഗണിതാത്ഭുതമാണ്. മറ്റൊന്ന് ഇരുമ്പിന്റെ

**പിരിയോഡിക്ക് റ്റേബിൾ (Periodic Table)**

Groups →, Periods ↓

| Periods | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1 H | | | | | | | | | | | | | | | | | 2 He |
| 2 | 3 Li | 4 Be | | | | | | | | | | | 5 B | 6 C | 7 N | 8 O | 9 F | 10 Ne |
| 3 | 11 Na | 12 Mg | | | | | | | | | | | 13 Al | 14 Si | 15 P | 16 S | 17 Cl | 18 Ar |
| 4 | 19 K | 20 Ca | 21 Sc | 22 Ti | 23 V | 24 Cr | 25 Mn | 26 Fe | 27 Co | 28 Ni | 29 Cu | 30 Zn | 31 Ga | 32 Ge | 33 As | 34 Se | 35 Br | 36 Kr |
| 5 | 37 Rb | 38 Sr | 39 Y | 40 Zr | 41 Nb | 42 Mo | 43 Tc | 44 Ru | 45 Rh | 46 Pd | 47 Ag | 48 Cd | 49 In | 50 Sn | 51 Sb | 52 Te | 53 I | 54 Xe |
| 6 | 55 Cs | 56 Ba | | 72 Hf | 73 Ta | 74 W | 75 Re | 76 Os | 77 Ir | 78 Pt | 79 Au | 80 Hg | 81 Tl | 82 Pb | 83 Bi | 84 Po | 85 At | 86 Rn |
| 7 | 87 Fr | 88 Ra | | 104 Rf | 105 Db | 106 Sg | 107 Bh | 108 Hs | 109 Mt | 110 Ds | 111 Rg | 112 Cn | 113 Uut | 114 Uuq | 115 Uup | 116 Uuh | 117 Uus | 118 Uuo |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Lanthanides | 57 La | 58 Ce | 59 Pr | 60 Nd | 61 Pm | 62 Sm | 63 Eu | 64 Gd | 65 Tb | 66 Dy | 67 Ho | 68 Er | 69 Tm | 70 Yb | 71 Lu |
| Actinides | 89 Ac | 90 Th | 91 Pa | 92 U | 93 Np | 94 Pu | 95 Am | 96 Cm | 97 Bk | 98 Cf | 99 Es | 100 Fm | 101 Md | 102 No | 103 Lr |

Table of Sequential & Gematrical Values of the Arabic Alphabet

| Sequential Value | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Arabic Letters | ا | ب | ج | د | ه | و | ز | ح | ط | ي | ك | ل | م | ن |
| English | A | B | G | D | H | W | Z | HH | TT | Y | K | L | M | N |
| Gematrical Value | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 20 | 30 | 40 | 50 |
| | | | | | | | | | | | | | | |
| Sequential Value | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 |
| Arabic Letters | س | ع | ف | ص | ق | ر | ش | ت | ث | خ | ذ | ض | ظ | غ |
| English | S | 'A | F | SS | Q | R | Sh | T | Th | Kh | Dh | DD | ZZ | Gh |
| Gematrical Value | 60 | 70 | 80 | 90 | 100 | 200 | 300 | 400 | 500 | 600 | 700 | 800 | 900 | 1000 |

**അബ്ജദ് പട്ടിക**

ആറ്റോമിക് സംഖ്യ 26 ആണല്ലോ. 'അൽ ഹദീദ്' എന്ന സൂറത്തിലെ 26-ാമത്തെ വചനത്തിലാണ് ഹദീദ് എന്ന പദമുള്ളത്. ശ്രദ്ധേയമായ കാര്യം ഖുർആന്റെ പ്രാരംഭ വചനമായ ബിസ്മിയടക്കം ആയത്തിന്റെ നമ്പറായി എണ്ണുന്ന അഹ്മദികളുടെ എണ്ണൽ സമ്പ്രദായത്തിൽ മാത്രമേ 26-ാമത്തെ നമ്പറായി പ്രസ്തുത വചനം വരുകയുള്ളൂ.

## ഇരുമ്പിന്റെ ലഭ്യതയും പ്രയോജനങ്ങളും

പ്രപഞ്ചത്തിൽ ഏറ്റവും കൂടുതലുള്ള ആറാമത്തെ മൂലകമാണ് ഇരുമ്പ്. ഭൂമിയിൽ ഏറ്റവും കൂടുതലുള്ള ലോഹവും ഇരുമ്പാണ്. ഭൂമിയുടെ പുറംതോടിൽ (ഭൂവൽക്കത്തിൽ) അലൂമിനിയം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ലഭ്യമായ ലോഹവും ഏറ്റവും കൂടുതലായുള്ള നാലാമത്തെ മൂലകവും ഇരുമ്പാണ്. ഇത് ഭൂവൽക്കത്തിന്റെ 5 ശതമാനം ഭാഗം വരും. ഭൂമിയുടെ മൊത്തം ഭാരത്തിന്റെ 35 ശതമാനം ഇരുമ്പാണ്. ഭൂമിയുടെ ഉപരിതലത്തിൽ മറ്റുമൂലകങ്ങളുമായി പ്രതിപ്രവർത്തിച്ച് കലർപ്പായ രൂപത്തിൽ യൗഗികങ്ങളായാണ് ഇരുമ്പ് കാണപ്പെടുന്നത്. ഭാരമേറിയ മൂലകമായ ഇരുമ്പ് അധികവും ഭൂമിയുടെ അകക്കാമ്പിലാണ് ശുദ്ധരൂപത്തിൽകാണപ്പെടുന്നത്.

എല്ലാ മൂലകങ്ങളിലും വെച്ച് ജീവനെ സംബന്ധിച്ചിടത്തോളം ഇരുമ്പിനെ പോലെ പ്രാധാന്യമേറിയ മറ്റൊരു മൂലകമില്ല. ഭൂമി ഒരു ജൈവഗ്രഹമായി തീരാനാവശ്യമായ താപം സമ്മാനിക്കുന്നതിൽ ഗണ്യമായ പങ്ക് ഇരുമ്പിന്നുണ്ട്. ഭൂമിക്ക് ചാക്രിക സ്വഭാവമുള്ള ജലമണ്ഡലം രൂപപ്പെടാനും ഭൂമിയിൽ വാതകങ്ങൾ ഉണ്ടാവാനും ഇത് സഹായകരമായി തീരുന്നു. ഭൂമിയിലെ അകക്കാമ്പിലെ ഉരുകിയ ഇരുമ്പ് ഭീമാകാരമായ ഒരു ഡയനാമോ പോലെ പ്രവർത്തിച്ചാണ് ഭൂമിക്ക് കാന്തിക ശക്തി നൽകുന്നത്. ഈ കാന്തിക മണ്ഡലമാണ് വിനാശകരമായ അൾട്രാവയലറ്റ് രശ്മികളെ തടഞ്ഞു നിർത്തുന്ന ഓസോൺ പാളി സംരക്ഷിക്കുന്നത്. **'അതിൽ കഠിനമായ ശക്തിയും മനുഷ്യർക്ക് പല പ്രയോജനങ്ങളുമുണ്ട്,'**എന്ന ഖുർആൻ വചനത്തെ അന്വർത്ഥമാക്കുന്നതാണ് ഇരുമ്പിന്റെ പ്രയോജനങ്ങൾ. ആധുനിക നാഗരികതയുടെയും ശാസ്ത്ര സാങ്കേതിക പുരോഗതിയുടേയും നട്ടെല്ലാണ് ഇരുമ്പ് എന്ന് പറഞ്ഞാൽ അത് തെറ്റാകില്ല. ഇരുമ്പിന്റെ സമൃദ്ധമായ സുലഭത കൊണ്ട് അത് ഏറ്റവും വിലകുറഞ്ഞ ഒരു ലോഹമായിതീരുന്നു. ഇരുമ്പിന്ന് അടിച്ചു പരത്താൻ സാധിക്കുന്ന ആഘാത വർധ്യത (Malleability), വലിച്ചു നീട്ടാവുന്ന തന്യത (Ductibility) എന്നീ ഭൗതിക ഗുണങ്ങളുണ്ട്. അതുപോലെ മറ്റു മൂലകങ്ങളുമായി വിവിധ അനുപാദത്തിൽ ചേർന്ന് കൊണ്ട് അതിന്റെ കാഠിന്യത്തിന്റെ ഏറ്റക്കുറച്ചിലനുസരിച്ച് വിവിധ സങ്കരലോഹങ്ങൾ (Alloy) നിർമിച്ചെടുക്കാനും സാധ്യമാവും. പുരാതനകാലത്ത് വികസനത്തിന്ന് നിദാനമായ ഈ ലോഹ വിദ്യകൾ ദാവൂദ് നബി(അ)ക്ക് അറിയാമായിരുന്നുവെന്ന് ഖുർആൻ സൂചിപ്പിക്കുന്നു. **'തീർച്ചയായും നാം ദാവൂദിന് അനുഗ്രഹം നൽകിയിട്ടുണ്ട്.........അദ്ദേഹത്തിന്ന് ഇരുമ്പിനെ മയപ്പെടുത്തിക്കൊടുക്കുകയും ചെയ്തു'(34:11).** ദാവൂദ് നബി(അ)യുടെയും മകൻ

സുലൈമാൻ നബി[അ]യുടേയും സൈനിക വിജയങ്ങൾക്കും ഭുവന പ്രശസ്തമായ സമ്പൽ സമൃദ്ധിക്കും കാരണങ്ങളിലൊന്ന് ലോഹവിദ്യയെ കുറിച്ചുള്ള അറിവായിരിക്കാം. ആധുനിക കാലത്ത് വിമാനം മുതൽ മൊട്ടുസൂചി വരെയുള്ള വസ്തുക്കൾ നിർമ്മിക്കാനുള്ള മുഖ്യ പദാർത്ഥമാണ് ഇരുമ്പ്. ഇരുമ്പിന്റെ വാണിജ്യപരമായ വിവിധ ഇനങ്ങൾ ഇന്ന് നമുക്ക് സുപരിചിതമാണ്. പച്ചിരുമ്പ്(Pig iron), വാർപ്പിരുമ്പ് (Cast Iron), കാരിരുമ്പ് (Wrought Iron), ഉരുക്ക് (Steel) എന്നീ പേരുകളിൽ അവ അറിയപ്പെടുന്നു. കാർബൺ, ക്രോമിയം, സിലിക്കൺ, മോലിബ്ഡം എന്നീ മൂലകങ്ങൾ ചേർത്താണ് വിവിധ ആവശ്യങ്ങൾക്കായുള്ള ഇരുമ്പിന്റെ അല്ലോയികൾ അഥവാ സങ്കരലോഹങ്ങൾ ഉൽപ്പാദിപ്പിക്കുന്നത്. ലോഹങ്ങൾ മുറിക്കാനും തുളക്കാനും ടെങ്സ്റ്റൺ ചേർത്ത് കടുപ്പമേറിയ മെറ്റലുകൾ നിർമിക്കുന്നു. ഇത്തരം സങ്കര ലോഹങ്ങൾ കൊണ്ടാണ് റോക്കറ്റുകളുടെ നോസിലുകളും സബ്മറൈൻ മിസൈലുകളും സാറ്റലൈറ്റുകളും ന്യൂക്ലിയർ റിയാക്റ്ററുകളും നിർമ്മിക്കുന്നത്. ഇരുമ്പിൽ വളരെ കുറഞ്ഞ തോതിൽ കാർബൺ ചേർത്തു നിർമിക്കുന്ന കാസ്റ്റ് അയേൺ കൊണ്ട് തുരുമ്പെടുക്കാത്ത ഫർണിച്ചറുകൾ, വേലികൾ, ഗ്രില്ലുകൾ, ഗെയിറ്റുകൾ എന്നിവ നിർമിക്കുന്നു, അതുപോലെ അടുക്കള പാത്രങ്ങളും പൈപ്പുകളും നിർമിക്കാൻ കാസ്റ്റ് അയേൺ ഉപയോഗിക്കുന്നു. കാരിരുമ്പ് അഥവാ വ്റോട്ട് അയേണും കാസ്റ്റ് അയേൺ പോലെ കുറഞ്ഞ അനുപാതത്തിൽ കാർബൺ ചേർത്ത് ഉൽപ്പാദിപ്പിക്കുന്നതാണ്. കഴിഞ്ഞ നൂറ്റാണ്ടിലെ പല നിർമ്മാണ പ്രവർത്തനങ്ങളും വ്റോട്ട് അയേൺ കൊണ്ട് നിർമിച്ചതാണ്. വളരെ പുരാതന കാലത്ത് ഡൽഹിയിലെ ചന്ദ്രഗുപ്ത വിക്രമാദിത്യന്റെ (ബി. സി 375-413) കാലത്ത് നിർമിച്ച ഡൽഹിയിലെ കുത്തബ് മിനാർ കോംപ്ളക്സിലെ ഇരുമ്പ് സ്തൂപം 98% വും വ്റോട്ട് അയേൺ അഥവാ കാരിരുമ്പാണ്. അത്പോലെ 1889 ൽ നിർമ്മിച്ച ലോകാത്ഭുതങ്ങളിലൊന്നായി ഗണിക്കപ്പെടുന്ന പ്യാരീസിലെ ഈഫൽ ടവറും 18, 19 നൂറ്റാണ്ടുകളിലെ പല പാലങ്ങളും നിർമിക്കപ്പെട്ടത് വ്റോട്ട് അയേൺ കൊണ്ടാണ്.

## സമുദ്രത്തെ ജൈവസാന്ദ്രമാക്കാൻ

ഈ അടുത്ത കാലത്തായി ഇരുമ്പു കൊണ്ടുള്ള മറ്റൊരു പ്രയോജനം കൂടി ശാസ്ത്രം കണ്ടെത്തിയിരിക്കുന്നു. സമുദ്രത്തെ ജൈവ സാന്ദ്രമാക്കാനും അന്തരീക്ഷത്തിലെ കാർബൺ മലിനീകരണം ഇല്ലാതാക്കാനുമായി ഇരുമ്പിനെ ഫലപ്രദമായി ഉപയോഗിക്കുന്ന ഒരു സമ്പ്രദായം ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. അയേൺ ഫെർട്ടിലൈസേഷൻ (Iron Fertilisation) എന്നാണ് ഇത് അറിയപ്പെടുന്നത്. അതായത് പോഷണക്കുറവ് മൂലം സമുദ്ര മേഖലകൾ പ്ലവസസ്യങ്ങളി (Plankton) ല്ലാതെ വന്ധ്യമാവാറുണ്ട്. പ്ലവസസ്യങ്ങൾ ഭക്ഷിക്കുന്നമത്സ്യ സമ്പത്തോ ജൈവ സമ്പത്തോ അവിടെ ഉണ്ടാവാറില്ല. ഈ പ്രശ്നം പരിഹരിക്കാൻ ശാസ്ത്രജ്ഞന്മാർ ഇരുമ്പിനെയാണ് ആശ്രയിക്കുന്നതെന്ന് Feb 1988 Nature ലെ ഒരു ലേഖനത്തിൽ ജോൺ മാർട്ടിൻ എന്ന ഓഷ്യനോഗ്രഫർ ചൂണ്ടിക്കാട്ടുന്നു. അതായത് സമുദ്ര ജലത്തിൽ എളുപ്പം ലയിക്കുന്ന 'അയേൺ മൈക്രോ ന്യൂട്രിയന്റ്' കലർത്തിയാൽ ആ സമുദ്ര മേഖലയിൽ പ്ലവസസ്യങ്ങൾ ധാരാളം വളരുകയും അവിടുത്തെ മത്സ്യസമ്പത്തും ജൈവ സമ്പത്തും വർദ്ധിക്കുകയും ചെയ്യും. മാത്രമല്ല ഏറ്റവും സുപ്രധാനമായ കാര്യം കാലാവസ്ഥയെ തകിടം മറിക്കുന്ന അന്തരീക്ഷത്തിലെ കാർബൺ ആധിക്യത്തെ ഈ പ്ലവസസ്യങ്ങൾ ആഗിരണംചെയ്ത് കാർബൺ അളവ് കുറച്ച് പരിസ്ഥിതിയെ സന്തുലിതമാക്കുകയും ചെയ്യും. കരയിൽ മരങ്ങൾ നട്ടുവളർത്തി പരിസ്ഥിതി സംരക്ഷിക്കുന്നത് പോലെ കടലിലെ വനവൽക്കരണമാണിത്.

## ഇരുമ്പ്: മനുഷ്യ ശരീരത്തിൽ

മനുഷ്യ ശരീരത്തിന്ന് ഏറ്റവും പ്രയോജനകരമായ ഒരു മൂലകമാണ് ഇരുമ്പ്. ശ്വാസ കോശത്തിൽ നിന്നും ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ഓക്സിജനെ വഹിച്ചു കൊണ്ടുപോകുകയും ഉപാപചയ പ്രവർത്തനങ്ങൾ (Metabolism) നടത്തുകയും ചെയ്യുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത് ഇരുമ്പാണ്. ചുവന്ന രക്താണുക്കളിലെ ഹിമോഗ്ലോബിന്റെ ഒരു ഘടകമാണ് ഇരുമ്പ്. ഇരുമ്പും പ്രോട്ടീനും കൊണ്ടാണ് ഹിമോഗ്ലോബിൻ നിർമ്മിച്ചിരിക്കുന്നത്. നമ്മുടെ ശരീരത്തിലെ മുഖ്യ ഊർജ്ജ സ്രോതസ്സായ ATP(Adenosine Triphosphate) ഉൽപ്പാദിപ്പിക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നത് ഇരുമ്പാണ്. ഇരുമ്പിന്റെ ശോഷണം ശരീരത്തെ ബാധിക്കുകയും വിളർച്ച അനുഭവപ്പെടുകയും ചെയ്യും. ഇതിന്ന് ഇരുമ്പ് അടങ്ങിയ പച്ചക്കറികളും ഭക്ഷണ പദാർത്ഥങ്ങളും ധാരാളം കഴിക്കേണ്ടതാണ്.

## ഇരുമ്പും കാൻസർ- ട്യൂമർ ചികിത്സയും

ഇരുമ്പ്, കാൻസർ- ട്യൂമർ ചികിത്സയിൽ വിജയകരമായി ഉപയോഗിച്ചതിന്റെ റിപ്പോർട്ടുണ്ട്. ജർമ്മ

നിയിലെ പ്രശസ്തമായ ചാരിറ്റീ ഹോസ്പിറ്റലിലെ ഡോ. ആന്റിയാസ് ജോർദ്ദാൻ വികസിപ്പിച്ചെടുത്തതാണ് ഈ ചികിത്സാരീതി. മാഗ്നറ്റിക് ഫ്ളുയിഡ് ഹൈപ്പർ തെർമിയ (ഉന്നത താപത്തിലുള്ള കാന്തിക ദ്രാവകം) ഉപയോഗിച്ചു കൊണ്ടുള്ള ഒരു ടെക്നിക്കാണ് അദ്ദേഹം വികസിപ്പിച്ചെടുത്തത്. ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് നിക്കളോയ് എന്ന യുവാവിന്റെ കാൻസർ രോഗം മൂന്ന് മാസം കൊണ്ട് പൂർണ്ണമായും ചികിത്സിച്ചു മാറ്റുകയുണ്ടായി. ചികിത്സാരീതി ഏകദേശം ഇങ്ങനെയാണ്.

1. ഒരു പ്രത്യേക സിറിഞ്ചിലൂടെ അയേൺ ഓക്സൈഡ് ദ്രാവകം ട്യൂമറിലേക്ക് ഇഞ്ചക്ട് ചെയ്യുന്നു. ഈ ദ്രാവകം രോഗിയുടെ ട്യൂമർ കോശങ്ങളിലാകമാനം വ്യാപിക്കുന്നു. ശതകോടിക്കണക്കിലുള്ള അയേൺ ഓക്സൈഡ് ദ്രാവകത്തിലെ ആറ്റങ്ങൾ ശ്വേത രക്താണുക്കളേക്കാൾ ആയിരം മടങ്ങ് ചെറുതാണ്. അതുകൊണ്ട് എല്ലാ രക്തകുഴലുകളിലൂടെയും ഇത് അനായാസം കടന്നുപോകുന്നു.

2. അതിന്ന് ശേഷം രോഗിയെ ശക്തമായ ഒരു കാന്തിക മണ്ഡലത്തിലേക്ക് പ്രവേശിപ്പിക്കുന്നു.

3. ഈ മാഗ്നറ്റിക്ക് മണ്ഡലം ട്യൂമറിന്റെ ഭാഗത്ത് കേന്ദ്രീകരിച്ച് ട്യൂമറിലെ അയേൺ ആറ്റങ്ങളെ ഉത്തേജിപ്പിച്ച് ചലിപ്പിക്കുന്നു. ഇങ്ങനെ 45 ഡിഗ്രിയോളം ട്യൂമറിലെ താപം ഉയർത്തുന്നു. കുറച്ച് നിമിഷങ്ങൾക്കകം കാൻസർ കോശങ്ങൾ സ്വയം പ്രതിരോധിക്കാനാകാതെ നശിക്കുകയോ ക്ഷീണിക്കുകയോ ചെയ്യുന്നു.

4. പിന്നീട് കീമോ തെറാപ്പി നൽകി രോഗിയെ പൂർണ്ണ രോഗവിമുക്തനാക്കുന്നു. ഇരുമ്പും കാന്തവും തമ്മിലുള്ള ബന്ധത്തെ ആസ്പദമാക്കിയാണ് ഈ ചികിത്സാ രീതി വികസിപ്പിച്ചെടുത്തിരിക്കുന്നത്. അപ്രകാരം ഇരുമ്പിന്റെ കാന്തികതയോട് പ്രതികരിക്കുന്ന ഗുണത്തെ അടിസ്ഥാനമാക്കി ബ്രെയിനിലെ ട്യൂമർ ഇമ്മേജിംങ്ങ് സിസ്റ്റവും ചികിത്സാരീതികളും വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതെല്ലാം 'ഇരുമ്പിൽ മനുഷ്യർക്ക് പല പ്രയോജനങ്ങളുമുണ്ടെന്ന' ഖുർആൻ വചനത്തിന്റെ സാക്ഷാത്ക്കാരമാണ്.

## ഇരുമ്പ് ആകാശത്ത് നിന്ന്

**'രാവും പകലും മാറിമാറി വരുന്നതിലും അല്ലാഹു ആകാശത്തുനിന്നും ജീവിത വിഭവങ്ങളിറക്കി അത് മുഖേന അവൻ ഭൂമിയെ അതിന്റെ നിർജീവാവസ്ഥക്ക് ശേഷം ജീവിപ്പിക്കുന്നു എന്നതിലും കാറ്റുകളെ ഗതി മാറ്റി നിയന്ത്രിക്കുന്നതിലും ചിന്തിച്ചു മനസ്സിലാക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്'(45:6) 'അവനത്രെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് കാണിച്ചു തരികയും ആകാശത്തുനിന്നും വിഭവങ്ങൾ ഇറക്കിതരികയും ചെയ്യുന്നത്.'** (40:14) ആകാശവും ഭൂമിയുമടങ്ങുന്ന ഖുർആൻ വിവരിച്ച ഈ പ്രപഞ്ച സാകല്യത്തിലാണ് ഭൂമണ്ഡലത്തിൽ ജീവിതോൽത്സവങ്ങൾ ആഘോഷിക്കപ്പെടുന്നത്.

ബ്രഹ്മാണ്ഡവും ഭൂമിയുമായുള്ള ബന്ധം ഇവിടെ ഊന്നിപ്പറയുന്നു. മനുഷ്യ ശരീരം നിർമ്മിക്കപ്പെട്ട വസ്തുക്കളും മനുഷ്യന് ആവശ്യമായ വിഭവങ്ങളുമെല്ലാം തന്നെ ആകാശത്തിന്റെ നക്ഷത്ര വിദൂരതയിൽ തയ്യാർ ചെയ്ത് ഭൂമിയിലേക്ക് അയക്കപ്പെട്ടതാണെന്ന ആധുനിക ശാസ്ത്രത്തിന്റെ കണ്ടെത്തലുകളും ഖുർആൻ വചനത്തിലെ സ ത്യതയെ കൂടുതൽ ഉജ്ജ്വലമാക്കിതീർക്കുന്നു. ഈ പശ്ചാത്തലത്തിൽ **'നാം ഇരുമ്പ് ഇറക്കിയിരിക്കുന്നു' (57:26)** എന്ന ഖുർആൻ വചനം അൽപം വിശദീകരിക്കേണ്ടിയിരിക്കുന്നു. 'നാം ഇരുമ്പ് സൃഷ്ടിച്ചു 'എന്നല്ല ഇവിടെ പറഞ്ഞിരിക്കുന്നയത് 'നാം ഇറക്കിയിരിക്കുന്നു' എന്ന വചനം പ്രത്യേകം ശ്രദ്ധേയമാണ്. ഇത്രയും പ്രയോജനകരവും അത്ഭുതകരവുമായ ഈ ലോഹം എങ്ങനെയാണ് ഭൂമിയിൽ വന്നത് എന്നതിലേക്ക് ഈ ഖുർആനിക വചനം വെളിച്ചം വീശുന്നു. ഖുർആൻ പറഞ്ഞത് പോലെ അക്ഷരാർത്ഥത്തിൽ അത് ആകാശത്തുനിന്നും വന്നതാണെന്ന യാഥാർത്ഥ്യം ആധുനിക ശാസ്ത്രം അസന്ദിഗ്ദമായി അംഗീകരിച്ചിരിക്കുന്നു എന്ന വസ്തുത നമ്മെ അത്ഭുതപ്പെടുത്തുന്നു. ഇരുമ്പ്, അലൂമിനിയം, ചെമ്പ്, സ്വർണ്ണം മുതലായ ആറ്റോമിക ഭാരം കൂടുതലുള്ള ലോഹങ്ങൾ ഭൂമിയിൽ രൂപപ്പെട്ടതല്ല. നക്ഷത്രങ്ങളിൽ നിന്നും തയ്യാർ ചെയ്യപ്പെട്ട് നക്ഷത്ര സ്ഫോടനത്തിലൂടെ ആകാശത്തുനിന്നും ഭൂമിയിൽ പതിച്ചതാണ്. കുറഞ്ഞ ആറ്റോമിക ഭാരമുള്ള മൂലകങ്ങളെ സംയോജിപ്പിച്ച് ഭാരം കൂടിയ മൂലകങ്ങളാക്കി മാറ്റുന്ന പ്രാപഞ്ചിക മൂശകളാണ് നക്ഷത്രങ്ങൾ എന്ന് ഇംഗ്ലീഷ് ജ്യോതിശാസ്ത്രജ്ഞനായ ആർതർ എഡിങ്ങ്ടൺ അഭിപ്രായപ്പെട്ടത് പോലെ പ്രപഞ്ചത്തിൽ കാണപ്പെടുന്ന മൂലക ങ്ങൾ ഒന്ന് മറ്റൊന്നായി മാറുന്ന പ്രക്രിയ നടക്കുന്നത് നക്ഷത്രങ്ങളിൽ വെച്ചാണ്. നക്ഷത്രങ്ങളിലെ അതിഭീമമായ ഗുരുത്വാകർഷണ ബലത്താലുള്ള അണുതാപീയ പ്രവർത്തന ഫലമായാണ് ഈ മൂലകമാറ്റം തോത് വ്യത്യാസത്തോടെ നക്ഷത്രങ്ങളിൽ സംഭവിക്കുന്നത്. ആറ്റത്തിന്റെ കേന്ദ്രമായ നൂക്ലിയസ്സുകൾ സംയോജിച്ച് മറ്റൊരു മൂല കമാവുന്ന ഈ

പ്രക്രിയയെയാണ് അണുകേന്ദ്ര സംയോജന പ്രക്രിയ (Nuclear Fusion)എന്ന് പറയുന്നത്. അണു സംയോജന പ്രക്രിയ നടക്കുമ്പോൾ ധാരാളം ചൂടും പ്രകാശവും പുറത്തേക്ക് വരുന്നു. ഇതാണ് നക്ഷത്രങ്ങളുടെ തിളക്കത്തിന്ന് കാരണം. സൂര്യനടക്കം എല്ലാ നക്ഷത്രങ്ങളുടേയും കത്തിയെരിയാനുള്ള ഇന്ധനം ഹൈഡ്രജനാണ്. എല്ലാ നക്ഷത്രങ്ങളിലും ഹൈഡ്രജൻ ന്യൂക്ലിയസ്സുകൾ സംയോജിച്ച് ഹീലിയ മായി മാറുന്നു. പിന്നീട് ഹീലിയം ആറ്റത്തിന്റെ ന്യൂക്ലിയസ്സുകൾ സംയോജിച്ച് കാർബൺ ആറ്റമായിമാറുന്നു. പിന്നീട് കാർബൺ ആറ്റത്തിന്റെ ന്യൂക്ലിയസ്സുകൾ സംയോജിച്ച് ഓക്സിജൻ ആറ്റമായി മാറുന്നു. ഓക്സിജൻ ന്യൂക്ലിയസ്സുകൾ, സിലിക്കൺ ആറ്റമായി മാറുന്നു. ഇപ്രകാരം കുറഞ്ഞ അണു ഭാരമുള്ള മൂലകങ്ങളുടെ അണുകേന്ദ്രങ്ങൾ സംയോജിച്ച് കൂടുതൽ അണുഭാരമുള്ള മഗ്നീഷ്യം, സൾഫർ, ഇരുമ്പ് മുതലായ ഭാരമേറിയ മൂലകങ്ങളുണ്ടാകുന്നു. സൂര്യനിൽ നടക്കുന്ന ന്യൂക്ലിയർ ഫിഷൻ പ്രവർത്തനത്തെ പറ്റി നമുക്കറിയാം. സൂര്യനിൽ ഹൈഡ്രജൻ ന്യൂക്ലിയസ്സ് സംയോജിച്ച് ഹീലിയം ആറ്റമായി മാറുകയാണ് ചെയ്യുന്നത്. അതായത് 4 ഹൈഡ്രജൻ പ്രോട്ടോണു കൾ സംയോജിച്ചാണ് ഒരു ഹീലിയം ന്യൂക്ലിയസ്സ് രൂപം കൊള്ളുന്നത്. സൂര്യനിലെ അണുതാപീയ പ്രവർത്തനത്തിന്ന് ഹൈഡ്രജനെ ഹീലിയമാക്കി മാറ്റാനുള്ള ശേഷിയേയുള്ളൂ. അതിനപ്പുറം ഭാരമുള്ള മൂലകങ്ങളെ ഉൽപ്പാദിപ്പിക്കാനുള്ള കഴിവ് സൂര്യനില്ല. സൂര്യനിൽ ഇപ്പോൾ 74.9 ശതമാനം ഹൈഡ്രജനും 23.8 ശതമാനം ഹീലിയവുമാണുള്ളത്. ബാക്കി നക്ഷത്രാന്തരീയ പടലങ്ങൾ വഴി സൂര്യനിലെത്തി ചേർന്ന മൂലകങ്ങളാണ് സൂര്യനിലുള്ളത്. സൂര്യന്റെ ഭാവിയെ സംബന്ധിച്ചും ശാസ്ത്രജ്ഞന്മാർക്ക് വ്യക്തമായ ധാരണയുണ്ട്. 4000 ദശലക്ഷം വർഷം എരിഞ്ഞു തീരാനുള്ള ഹൈഡ്രജനേ സൂര്യനിലുള്ളൂ ബാക്കിയുള്ള ഹൈഡ്രജനും ഹീലിയമായി മാറിക്കഴിഞ്ഞശേഷം സൂര്യന്റെ ന്യൂക്ലിയർ പ്രവർത്തനങ്ങളെല്ലാം നിലച്ച് പ്രകാശരഹിതമായി ചുരുങ്ങി സൂര്യൻ മരണത്തിന്ന് വിധേയമാവും. അതായത് 14 ലക്ഷം കി.മി. വ്യാസമുണ്ടായിരുന്ന സൂര്യൻ വെറും രണ്ടായിരം കി.മി. വ്യാസത്തിലേക്ക് ചുരുങ്ങും. ശാസ്ത്ര ഭാഷയിൽ പറഞ്ഞാൽ ഒരു വെള്ളകുള്ളൻ (White Dwarf) ആയിമാറും. ഈ യാഥാർത്ഥ്യമാണ് വിശുദ്ധ ഖുർആന്റെ വചനങ്ങളിൽ വ്യക്തമായും സൂചിപ്പിച്ചിരിക്കുന്നത്. **'സൂര്യൻ ചുരുട്ടി മടക്കപ്പെടുമ്പോൾ, നക്ഷത്രങ്ങൾ നിഷ്പ്രഭമാകുമ്പോൾ'**(81:1,2). സൂര്യനേക്കാൾ വ ലിപ്പമുള്ള ചില നക്ഷത്രങ്ങൾ ഇങ്ങനെ പരിണമിച്ചാണ് ഒടുവിൽ ബ്ലാക്ക് ഹോൾ ആയി മാറുന്നത്. അതായത് നമ്മുടെ സൂര്യന്ന് ഒരിക്കലും ഹീലിയത്തേക്കാൾ കവിഞ്ഞ ന്യൂക്ലിയർ ഭാരമുള്ള മൂലകങ്ങൾ ഉൽപ്പാദിപ്പിക്കാൻ സാധ്യമല്ല. അതിന്ന് സൂര്യനേക്കാൾ അഞ്ചോ ആറോ ഇരട്ടി വലിപ്പമുള്ള അഥവാ ദ്രവ്യമാനമുള്ള നക്ഷത്രങ്ങൾ ആവശ്യമാണ്. അത്തരം നക്ഷത്രങ്ങളിൽ ഹീലിയത്തിന്ന് മുകളിലുള്ള നൈട്രജൻ, കാർബൺ, ഓക്സിജൻ എന്നീ മൂലകങ്ങളും ഭാരമേറിയ സിലിക്കണും ഇരുമ്പും വിവിധ ഘട്ടങ്ങളിലായി നക്ഷത്രകേന്ദ്രങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നു. ഇരുമ്പിന്നപ്പുറം ആറ്റമിക് ഭാരമുള്ള മൂലകം നക്ഷത്രങ്ങളിൽ നടക്കുന്ന ന്യൂക്ലിയർ സംയോജന പ്രക്രിയക ളിൽ നിർമ്മിക്കാൻ സാധ്യമല്ല എന്ന കാര്യം ഇരുമ്പിനെ നിർണ്ണായകമായ ഒരു മൂലകമാക്കി മാറ്റുന്നു. ഇരുമ്പിനേക്കാൾ ഭാരമുള്ള മൂലകം ഉൽപ്പാദിപ്പിക്കാൻ നക്ഷത്ര സ്ഫോടനം പോലെയുള്ള അത്യധികം ഊർജ്ജം പ്രവഹിക്കുന്ന പ്രതിഭാസങ്ങൾ ആവശ്യമാണ്. ഇരുമ്പ് ഉൽപ്പാദിക്കപ്പെട്ട നക്ഷത്രങ്ങൾ അതിന്റെ പരിണാമ ചക്രത്തിൽ സന്തുലനം നഷ്ടപ്പെട്ട് സ്ഫോടനത്തിന്ന് വിധേയമാവുന്നു. അങ്ങനെ ഇരുമ്പ് അടങ്ങിയ അതിന്റെ ബാഹ്യ കവചം ബഹിരാകാശത്ത് തെറിച്ച് വീഴുകയും അത് സൗര യൂഥത്തിന്റെ പരിധിയിലേക്ക് വന്ന് ഉൽക്കകളായി(Meteor) ഭൂമിയിൽ പതിക്കുകയും ചെയ്യുന്നു. കേടുകൂടാതെ കണ്ടെടുക്കപ്പെട്ട ഉൽക്കാദ്രവ്യങ്ങളെ (Meteorite) അതിലടങ്ങിയ ലോഹങ്ങളുടെ അടിസ്ഥാനത്തിലാണ് വർഗ്ഗീകരിച്ചിട്ടുള്ളത്. ഇതിൽ 80 മുതൽ 90 ശതമാനം വരെ ഇരുമ്പും ബാക്കി നിക്കലും അടങ്ങിയ അലോയ്കൾ അഥവാ സങ്കരലോഹങ്ങളാണ്. ഇത് ഇരുമ്പ് ആകാശത്ത് നിന്ന് ഇറങ്ങിയതാണെന്ന വിശുദ്ധ ഖുർആന്റെ പരാമർശത്തിന്അനിഷേധ്യമായ തെളിവാണ്.

ഭൂമിക്ക് അന്തരീക്ഷം രുപപ്പെടുന്നതിന്ന് മുമ്പ് കോടാനുകോടി വർഷങ്ങൾക്ക് മുമ്പുള്ള ഭൗമ പ്രവർത്തനങ്ങളാണിതെല്ലാമെന്ന് നാമോർക്കണം. മനുഷ്യൻ ആവിർഭവിക്കുന്നതിന് മുമ്പായി അവന്റെ ജീവൻ കരുപ്പിടിപ്പിക്കാനും ജീവിതായോധനത്തിന്നും വേണ്ടി അല്ലാഹു ആകാശത്തുനിന്നും ഇറക്കിയ ഈ ഉപകാരപ്രദമായ അനുഗൃഹീത ലോഹം ഉദാരവാനായ ദൈവത്തിന്റെ വിശ്വവ്യാപകമായ കാരുണ്യത്തെക്കുറിച്ച് മനുഷ്യനെ ഓർമ്മിപ്പിക്കുന്നു. ●.

AL-ISLAM
www.alislam.org



# സ്ത്രീകളുടെ ഋതുകാലവും ഭർത്താവിന്റെ ചുമതലകളും

റിസ്വാൻ ഖാൻ, യു എസ് എ

**അസ്വസ്ഥജനകമായ ആർത്തവ കാലം എങ്ങനെ ആനന്ദ പൂർണ്ണമാക്കി മാറ്റാം എന്നതിനെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ നൽകുന്ന മാർഗ്ഗദർശനവും റസൂൽ തിരുമേനി ﷺ യുടെ അദ്ധ്യാപനങ്ങളും**

ആർത്തവകാലം സ്ത്രീകൾക്ക് വേദനാജനകമാണ്. ഭർത്താക്കന്മാർക്ക് അനുഭവത്തിലില്ലാത്ത ഒരു അസാധാരണ അവസ്ഥയാണത്. ഈ സമയത്തുള്ളതാൽക്കാലികമായ അസ്വസ്ഥതകൾ ദീർഘകാലത്തെ സംഘർഷങ്ങൾക്കും പരസ്പര ബന്ധങ്ങളിലെ കാലുഷ്യങ്ങൾക്കും ചിലപ്പോൾ കാരണമായേക്കാം. ഓരോ ദമ്പതി

കളും ഈ പ്രതിമാസ ഋതുകാല ഘട്ടങ്ങൾ ഒരുമിച്ച് തരണം ചെയ്യേണ്ടതുണ്ട്. ഒരു ഭർത്താവ് ഭാര്യക്ക് മാസന്തോറും അനിവാര്യമായും ഉണ്ടാവുന്ന ഈ ശാരീരിക പ്രതിഭാസം അൽപ്പം ആകുലതയോടെ കണ്ടേക്കാമെങ്കിലും ഇസ്‌ലാം ഈ ഘട്ടത്തിൽ പാലിക്കേണ്ട ഉന്നതമായ ചില ധാർമ്മിക മൂല്യങ്ങളും ആദർശസങ്കൽപ്പങ്ങളും മുസ്‌ലിംകളെ പഠിപ്പിക്കുന്നു.

## താൽക്കാലികമായ അസ്വസ്ഥത

രജസ്വലയാവുന്ന ഘട്ടത്തിൽ സ്ത്രീകളോട് അനുഭാവ പൂർണ്ണമായും വാത്സല്യത്തോടെയും പെരുമാറാൻ വിശ്വാസികളോട് വിശുദ്ധ ഖുർആൻ ഉപദേശിക്കുന്നു. ആ ഘട്ടത്തിൽ മറ്റ് കാരണങ്ങൾക്കൊപ്പം അത് ഉണ്ടാക്കുന്ന അസ്വസ്ഥജനകമായ അവസ്ഥകളും മറ്റുകാരണങ്ങൾ കൊണ്ടും ഈ കാലയളവിൽ ഭാര്യമാരുമായി ലൈംഗിക ബന്ധം പാടില്ല എന്ന് വിശുദ്ധ ഖുർആൻ പറയുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ, മിർസ ത്വാഹിർ അഹ്മദ്(റഹ്) ഈ വാക്യം ഇങ്ങനെ വിവർത്തനം ചെയ്യുന്നു: ***'ആർത്തവത്തെ പറ്റി അവർ നിന്നോടു ചോദിക്കുന്നു. പറയുക. അതൊരു അസ്വാസ്ഥ്യമാകുന്നു. അതുകൊണ്ട് നിങ്ങൾ സ്ത്രീകളിൽ നിന്നും അകന്നു കഴിയുക. '*** (2:223)[1]

ഇവിടെ 'അദൻ' എന്ന പദത്തിന്നർത്ഥം 'താൽക്കാലികമായ അസ്വസ്ഥതയും വിപ്രതിപത്തിയും'[2] അല്ലെങ്കിൽ 'അസുഖകരമായ ക്ലേശാവസ്ഥ'[3] എന്നാണ്.

വേദനയുണ്ടാക്കുന്ന ആർത്തവം (Painful menstruation) എന്നത് 45% മുതൽ 95% വരെ സ്ത്രീകളിൽ ഉണ്ടാവുന്ന ഒരു സാധാരണ ഗൈനക്കോളജിക്കൽ അവസ്ഥയാണ്. ഈ അവസ്ഥയിലുള്ള സ്ത്രീകൾക്ക് ജീവിതത്തിന്റെ സുഖാവസ്ഥയുടെ നിലവാരം ഗണ്യമായി കുറയുകയും മോശം മാനസികാവസ്ഥയും കുറഞ്ഞ ഉറക്കവും ഉണ്ടാകുന്നു. [4]

ആർത്തവം ഒരു രോഗമല്ല. ഇത് സ്ത്രീ ശരീരത്തിന്റെ സ്വാഭാവിക അവസ്ഥയും മിക്ക സ്ത്രീകളുടെയും ജീവിതത്തിന്റെ പതിവ് ഭാഗവുമാണ്. ഒരു ഭർത്താവ് തന്റെ ഭാര്യയുടെ ഭാഗത്ത് നിന്നുണ്ടാവുന്ന അസൗകര്യമായി അതിനെ കാണരുത്. ഭാര്യയുടെ മാനസികാവസ്ഥയ്ക്കും ക്ഷീണിതാവസ്ഥക്കും അദ്ദേഹം അവരെ ഒരിക്കലും കുറ്റപ്പെടുത്താൻ പാടില്ല. ഈ കാലയളവിൽ അവളെ ശക്തി ഉപയോഗിച്ച് ശരിയാക്കാൻ ശ്രമിക്കരുത്. വിശുദ്ധ പ്രവാചകൻ(സ) നൽകിയ ഒരു ഉപമ ഇവിടെ ശ്രദ്ധേയമാണ്.

**'സ്ത്രീകളോട് ഏറ്റവും നന്നായി പെരുമാറുക, കാരണം സ്ത്രീ വാരിയെല്ലിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടത്. വാരിയെല്ലിന്റെ ഏറ്റവും വളഞ്ഞ ഭാഗം അതിന്റെ മുകൾ ഭാഗമാണ്, അതിനാൽ നിങ്ങൾ അത് നേരെയാക്കാൻ ശ്രമിക്കുകയാണെങ്കിൽ അത് തകർന്നു പോകും'**.5.

## ദയാപരമായ ചികിത്സ

ഒരു ഭർത്താവ് തന്റെ ഭാര്യയെ ഒഴിച്ചുനിർത്തുന്ന തരത്തിൽ ആർത്തവത്തെ അശുദ്ധിയായി കാണരുത്. ഹദ്റത്ത് ആയിശ(റ) വിവരിക്കുന്നു: 'ഞാൻ ആർത്തവകാരിയായിരിക്കുന്ന സമയത്ത് റസൂൽ തിരുമേനി(സ) എന്റെ മടിയിൽ കിടന്ന് ഖുർആൻ പാരായണം ചെയ്യുമായിരുന്നു.'[6]

വേദനാജനകമായ ആർത്തവം (ഡിസ്മെനോറിയ- Dysmenorrhea) വീട്ടിലെ ഭാര്യയുടെ ദൈനംദിന പ്രവർത്തികൾ ചെയ്യാനുള്ള കഴിവിനെ ബാധിക്കുന്നു. ഭർത്താവ് ഈ ശാരീരിക പ്രതിഭാസത്തെ കുറിച്ച് അറിഞ്ഞിരിക്കണം, അതിനെ കുറിച്ച് അറിവില്ലെങ്കിൽ അദ്ദേഹം ഭാര്യയോട് അനുഭാവ ശൂന്യനായി പെരുമാറിയെന്നു വരാം. അമേരിക്കൻ ജേണൽ ഓഫ് ഒബ്സ്റ്റെട്രിക്സ് & ഗൈനക്കോളജിയിൽ പ്രസിദ്ധീകരിച്ച ഒരു പഠനത്തിൽ വേദനാജനകമായ ആർത്തവ(ഡിസ്മെനോറിയ)ത്തെ പറ്റി പറയുന്നുണ്ട്. ഡിസ്മെനോറിയ എന്നത് 85% ആളുകളിലും ഏറ്റവും സാധാരണമായ ലക്ഷണമാണ്. തുടർന്ന് മാനസിക പ്രശ്നങ്ങൾ 77% പേരിലും, ക്ഷീണം 71%പേരിലും. അവരുടെ ആർത്തവ കാലയളവിൽ കാണപ്പെടുന്നു. 38% സ്ത്രീകൾക്കും അവരുടെ പതിവ് ദൈനംദിന ജോലികൾ നടത്താൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു എന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു.[7]

ആർത്തവത്തിന്റെ ഈ ദിവസങ്ങളിൽ, ഒരു ഭർത്താവ് ദൈനംദിന വീട്ടുജോലികളിൽ ഭാര്യയെ കൂടുതലായി സഹായിക്കേണ്ടതാണ്. ആർത്തവത്തിന്റെ ഈ ദിനങ്ങളിൽ മോശം മാനസികാവസ്ഥയും ദൈനംദിന ജോലികൾ ചെയ്യുന്നതിൽ സ്ത്രീകൾക്ക് ഉണ്ടാവുന്ന വീഴ്ച്ചകൾ മുതലായ ഘടകങ്ങൾ ആ ദിവസങ്ങളിൽ സംഘർഷം സൃഷ്ടിക്കും. ആർത്തവ ദിവസങ്ങളിൽ, ഈ ഘടകങ്ങൾ വർദ്ധിക്കുകയും സംഘർഷങ്ങൾ സൃഷ്ടിച്ചേക്കാനുള്ള സാധ്യത കൂടുകയും ചെയ്യും. വാഗ്ദത്ത മസീഹി(അ)ന്റെ മാർഗനിർദേശം ഇവിടെ ശ്രദ്ധേയമാണ്.

'ഒരു പുരുഷൻ സ്ത്രീയുമായി വഴക്കിടുക എന്നത് തികച്ചും ലജ്ജാകരമാണെന്ന് ഞാൻ കരുതുന്നു. ദൈവം നമ്മെ പുരുഷനാക്കിയത് വാസ്തവത്തിൽ ഇത് നമ്മുടെ മേലു

ള്ള അവന്റെ അനുഗ്രഹമാണ്. സ്ത്രീകളോട് ദയയോടും ആർദ്രതയോടും കൂടി പെരുമാറുക എന്നതാണ് ഇതിന് നാം ചെയ്യേണ്ട കടപ്പാട്.[8]

കുട്ടികളുണ്ടാകാൻ സ്ത്രീകൾക്ക് ഈ ബുദ്ധിമുട്ടുകളിലൂടെ കടന്നുപോകേണ്ടതിനാൽ, സ്ത്രീകളോട് വളരെ ദയയോടെ പെരുമാറി പുരുഷൻ നന്ദി പ്രകടിപ്പിക്കണം. ഈ കാലയളവിൽ ഭാര്യയോട് ആർദ്രമായ പെരുമാറ്റം ഏറ്റവും ആവശ്യമാണ്. ഈ അവസരത്തിൽ ഭാര്യയോട് അങ്ങനെ ചെയ്യുന്നതിൽ ഭർത്താവ് പരാജയപ്പെടുന്നത് അനുകമ്പയില്ലായ്മയാണ്.

## മോശമായ പെരുമാറ്റം ഒഴിവാക്കുക

ആർത്തവ സമയത്ത്, ദമ്പതികൾ തമ്മിലുള്ള മോഹഭംഗങ്ങളും അതിന്റെ വിജ്രംഭണങ്ങളും നിയന്ത്രണാതീതമാകാറുണ്ട്. ഈ കാലയളവ് താൽക്കാലികമാണെങ്കിലും, മുറിവേറ്റ വികാരങ്ങൾക്ക് സ്ഥിരമായ ഫലങ്ങൾ ഉണ്ടാക്കിയേക്കാം. ഭർത്താവ് അസാധാരണമായ സഹിഷ്ണുത ഈ കാലഘട്ടത്തിൽ കാണിക്കണമെന്ന് ഇസ്ലാം പ്രതീക്ഷിക്കുന്നു. ഈ കാലയളവിൽ, ഭാര്യയെ വിവാഹമോചനം ചെയ്യരുതെന്ന ഇസ്ലാമിന്റെ അദ്ധ്യാപനം ഇതിലേക്കാണ് വിരൽ ചൂണ്ടുന്നത്.

സഹീഹ് മുസ്ലിമിൽ ഒരു ഹദീസിൽ ഒരു സംഭവം വിവരിക്കുന്നു. ഹദ്റത്ത് ഇബ്നു ഉമർ^(റ) ഭാര്യയുടെ ആർത്തവ സമയത്ത് വിവാഹമോചനം നൽകുകയുണ്ടായി. ഇത് റസൂൽ തിരുമേനി^(സ) അറിഞ്ഞപ്പോൾ, അവളെ തിരികെ കൊണ്ടുപോകാൻ അദ്ദേഹം കൽപ്പിക്കുകയും വിവാഹമോചനം എങ്ങനെ നടത്തണം എന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.[9]

അതിനാൽ, ഈ കാലയളവിൽ ഭാര്യയുടെ പോരായ്മകൾക്ക് ഭർത്താവ് പൊതുവെ ഭാര്യയെ ഉത്തരവാദിയാക്കരുത്. ഭാര്യ അവനെ പ്രകോപിപ്പിക്കുന്ന എന്തെങ്കിലും ചെയ്താൽ അവൻ അവളെ വിവാഹമോചനം ചെയ്യാൻ തീരുമാനിക്കുകയാണെങ്കിൽ, അവൻ തന്റെ നാവിനെ സൂക്ഷിക്കണം. വിവാഹമോചനത്തെക്കുറിച്ച് സംസാരിക്കുന്ന വിശുദ്ധ ഖുർആനിലെ ഒരു വാക്യം വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലീഹ് മഊദ്^(ؓ) എഴുതുന്നു:

'ദേഷ്യത്തിൽ വിവാഹമോചനം ചെയ്യരുത്. പകരം, ശാരീരിക അടുപ്പം നടന്നിട്ടില്ലാത്ത ശുദ്ധമായ ഒരു കാലയളവിൽ (ആർത്തവമില്ലാത്തപ്പോൾ) വിവാഹമോചനം നൽകുക. ഇത് കോപം കുറയ്ക്കുന്നതിനും അഭിനിവേശം പുനരുജ്ജീവിപ്പിക്കുന്നതിനും സ്നേഹം വളർത്തുന്നതിനും കാരണമാകുന്നു. അങ്ങനെയാവുമ്പോൾ വിവാഹമോചന വിഷയം ഉയർന്നുവരില്ല.'[10]

ഈ കാലയളവിൽ ഭാര്യയുടെ തെറ്റുകൾ അവഗണിക്കാൻ ഇസ്ലാം ഉപദേശിക്കുന്നു. അവളുടെ ആർത്തവത്തിന് ശേഷം അനുരഞ്ജനത്തിന് ശാരീരികവും വൈകാരികവുമായ കൂടുതൽ അനുകൂലമായ അവസരത്തിൽ വിധി നിർണ്ണയിക്കാനും തന്റെ തീരുമാനം പുനർമൂല്യനിർണ്ണയം ചെയ്യാനും ഒരു ഭർത്താവിനെ പഠിപ്പിക്കുന്നു. വാഗ്ദത്ത മസീഹ്^(അ) പറയുന്നു: 'സഭ്യതക്ക് വിരുദ്ധമായ പ്രവർത്തനങ്ങൾ ഒഴികെ, നിങ്ങളുടെ ഭാര്യമാരുടെ മറ്റെല്ലാ അനൗചിത്യങ്ങളും അനഭിലഷണീയമായ പെരുമാറ്റവും നിങ്ങൾ ക്ഷമയോടെ സഹിക്കണം.'[11]

## സ്നേഹത്തിന്റെ ആനന്ദം

ക്ഷമയോടെ സഹിക്കുക എന്നതാണ് ഇസ്ലാം നമ്മിൽ നിന്ന് ആവശ്യപ്പെടുന്നത്. ഒരു വിശ്വാസി വിമുഖതയോടെയായിരിക്കും അനുവദനീയമായ വിവാഹ മോചനം പോലെയുള്ള പ്രവൃത്തികൾ ചെയ്യുന്നത്. നേരെ മറിച്ച്, അവൻ ഇഷ്ടത്തോടെയും സന്തോഷത്തോടെയും നന്മകൾ നിർവ്വഹിക്കുകയും ചെയ്യുന്നു. ഒരു ഭർത്താവ് ആർത്തവ ദിവസങ്ങളിൽ സ്വന്തം ആഗ്രഹങ്ങളെ അടക്കി നിർത്തികൊണ്ട് ഭാര്യയോട് സ്നേഹ വാത്സല്യങ്ങൾ പ്രകടിപ്പിക്കണമെന്ന് ഇസ്ലാം നിർദ്ദേശിക്കുന്നു.

അങ്ങനെ, വിശുദ്ധ പ്രവാചകൻ^(സ) ആർത്തവ സമയത്ത് പോലും ശാരീരിക അടുപ്പം കാണിക്കുന്നത് തുടരുകയും അത്തരമൊരു സമയത്ത് ഭാര്യയെ ആലിംഗനം ചെയ്യുകയും ചെയ്തു.[12] തന്റെ പ്രധാന ലക്ഷ്യം കാമമല്ലെന്നും മറിച്ച് ഭാര്യക്ക് വാത്സല്യവും ആശ്വാസവും നൽകലാണെന്നുമാണ് റസൂൽ തിരുമേനി^(ﷺ)യുടെ മാതൃക. ലൈംഗിക ആസക്തിയാൽ പ്രചോദിതമാകുന്ന ഒരു മനുഷ്യന് ഈ കാലയളവിൽ അവളോടുള്ള താൽപര്യം കുറയുകയും അകന്നുപോകുകയും ചെയ്യുന്നു. എന്നിരുന്നാലും, പരിശുദ്ധ പ്രവാചകൻ^(സ) അടുപ്പം കാണിക്കുന്നത് തുടർന്നു.

വിശുദ്ധ പ്രവാചകൻ^(സ) കാണിച്ച ഈ നിയന്ത്രണം ഒരു ത്യാഗമായിട്ടല്ല മറിച്ച് ഈ ആത്മനിയന്ത്രണം ഒരു ആനന്ദമായി മാറ്റണം. നമുക്ക് പ്രദർശിപ്പിക്കാൻ കഴിയുന്ന ഏറ്റവും ഉയർന്ന നന്മ 'ബന്ധുക്കളെപ്പോലെ മറ്റൊരാൾക്ക് നൽകലാണ്' എന്നാണ് വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നത്.[13] പരസ്പരം ഇരുകക്ഷികൾക്കും ഗുണകരമായ കൈമാറ്റമല്ല. അടുത്തബന്ധുക്കൾക്കെന്നപോലെ ലാഭം പ്രതീക്ഷിക്കാതെയുള്ള സ്വാഭാവികമായ സ്നേഹ



ത്താൽ പ്രചോദിതമായി ചെയ്യുന്ന നന്മയുള്ള പെരുമാറ്റമാണ് ഇവിടെ സൂചിപ്പിക്കുന്നത്.[14]

ഒരു ഭർത്താവ് ലൈംഗിക വികാരത്താൽ ഭാര്യയുമായി അടുപ്പത്തിലാകുമ്പോൾ, അയാൾ പകരം സ്വീകരിക്കുന്ന ചിന്തയിലാണ് അത് ചെയ്യുന്നത്. എന്നാൽ ആർത്തവ കാലത്ത് ഭർത്താവ് അവളോട് വാത്സല്യം കാണിക്കുന്നത് തികഞ്ഞ സ്നേഹ പ്രചോദനത്താലായിരിക്കണം. അക്കാലത്ത് ലൈംഗികമായി അവളിൽ നിന്ന് ഒന്നും പ്രതീക്ഷിക്കരുത്.

ഇസ്‌ലാമിൽ ത്യജിച്ച് കൊണ്ട് നന്മ ചെയ്യുന്നത് തന്നെ ഒരു ആനന്ദമാണ്. ഏറ്റവും നിസ്വാർത്ഥമായ നന്മയാണ് ഏറ്റവും ശുദ്ധമായ ആനന്ദം നൽകുന്നത്. എടുക്കുന്നതിനേക്കാൾ സന്തോഷം കൊടുക്കുന്നതിലാണ് കാണേണ്ടത്. പ്രണയവും കാമവും ജീവിതത്തിന്റെ ഭാഗമാണ്. കാമത്തിൽ, കൂടുതൽ എടുക്കൽ ഉണ്ട് എന്നാൽ പ്രണയം കൂടുതൽ സ്നേഹം നൽകുന്നു. അത് അനുഭവിക്കാൻ കഴിയുന്നവർക്ക് കൂടുതൽ ആനന്ദം നൽകുന്നു. ഒരു ഭർത്താവ് വിശുദ്ധ പ്രവാചക(സ)ന്റെ മാതൃക പിന്തുടരുകയാണെങ്കിൽ, ആർത്തവ സമയത്തെ ഭാര്യയുമായുള്ള വാത്സല്യപൂർണ്ണമായ അടുപ്പം കൂടുതൽ സന്തോഷം നൽകുന്നതായിരിക്കും.

ഒരു വ്യക്തി തന്റെ ഭാര്യയ്ക്ക് ആർത്തവം വരുന്ന മാസത്തിലെ സമയത്ത് പ്രതി അസ്വസ്ഥനായേക്കാം. എന്നിരുന്നാലും, ഭാര്യയെ സ്നേഹിക്കുന്ന ഒരു പുരുഷന് തന്റെ സ്നേഹം പ്രകടിപ്പിക്കാനുള്ള അതുല്യമായ അവസരങ്ങൾക്കായി കാത്തിരിക്കാം. ഓരോ ദമ്പതികളും കടന്നുപോകുന്ന പ്രതിമാസ ഘട്ടങ്ങളാണിവ. ജീവിതത്തിന്റെ ഓരോ നിമിഷവും ധാർമിക നിലവാരമുള്ള ആനന്ദമാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

**Endnotes**

1. Surah al-Baqarah Ch. 2: V. 223

2. The Holy Quran - Arabic Text and English Translation, Translated by Hazrat Maulvi Sher Ali,, Surah al-Baqarah Ch. 2: V. 223, p. 36

3. Lane's Lexicon, Root: ..... Entry:.......

4. What we know about primary dysmenorrhea today: a critical review, https://pubmed.ncbi.nlm.nih.gov/26346058/

5. Sahih al-Bukhari, Kitab ahadith al-anbiya, Bab khalqi adama salawatullahi 'alaihi wa dhurriyyatihi, Hadith 3331

6. Sahih Muslim, Kitab al-haid, Bab jawazi ghasl-il-haidi ra'sa zaujiha, Hadith 301

7. The impact of menstrual symptoms on everyday life: a survey among 42,879 women, https://pubmed.ncbi.nlm.nih.gov/30885768/

8. Malfuzat [English], Vol. 2, p. 179

9. Sahih Muslim, Kitab at-Talaq

10. Tafsir-e-Saghir, Surah at-Talaq, Ch. 65: V. 2, p. 752

11. Malfuzat [English], Vol. 2, p. 178

12. Sahih Muslim, Kitab al-haid, Bab mubasharat-il-haidi fauq-al-izaar, Hadith 293b

13. Surah an-Nahl, Ch.16:V.91

14. Tafsir-e-Kabir, Surah an-Nahl 16:91, Vol. 6, p. 369.

# വാഗ്ദത്ത മസീഹി(അ)ന്റെ രൂപലാവണ്യം



ഖലീം എസ്. എം.

**വിവിധ മതരേഖകളിൽ പരാമർശിക്കപ്പെട്ടതും പലതരം അടയാളങ്ങളാൽ വേർതിരിച്ചറിയാൻ സാധിക്കുന്നതുമായ വാഗ്ദത്ത മസീഹി(അ)ന്റെ ബാഹ്യരൂപവർണ്ണനകൾ**

പുരുഷ സൗന്ദര്യത്തിന്റെ ഉത്തമോദാഹരണമായിരുന്നു വാഗ്ദത്ത മസീഹ്(അ). ബാഹ്യ സൗന്ദര്യത്തോടൊപ്പം അദ്ദേഹത്തിന്റെ മുഖാരവിന്ദത്തിൽ സ്ഫുരിക്കുന്ന ആത്മീയ പ്രകാശം ആരാലും ശ്രദ്ധിക്കപ്പെടുമായിരുന്നു. അദ്ദേഹത്തിന്റെ അനുഗൃഹീതമായ ആകാര സൗഷ്ടവവും ദൈവികമായ വരദാനം തന്നെയായിരുന്നു. അത് വാഗ്ദത്ത മസീഹി(അ)നോട് ഇടപഴകുന്നവർക്ക് അവിടത്തോട് ആകർഷണം തോന്നുന്നതിന് കാരണമായിത്തീർന്നു.

അദ്ദേഹത്തിന്റെ തിരുമുഖം സദാ പ്രസന്നവും വിനയാന്വിതവുമായിരുന്നു. ഒരിക്കലും തന്നെ വിദ്വേഷത്തിന്റെയോ ഭയത്തിന്റെയോ അഹങ്കാരത്തിന്റെയോ ലാഞ്ചന പോലും അവിടെ ദൃശ്യമായിരുന്നില്ല.

ഒരിക്കൽ ചോലാ സാഹിബ് കാണാൻ വേണ്ടി വാഗ്ദത്ത മസീഹും(അ) ശിഷ്യൻമാരും പോകുകയുണ്ടായി. അവർ ഒരു മരത്തണലിൽ പായവിരിച്ച് അതിലിരുന്ന് വിശ്രമിക്കുകയായിരുന്നു. വാഗ്ദത്ത മസീഹ്(അ) വന്നിട്ടുണ്ടെന്നറിഞ്ഞ തദ്ദേശവാസികൾ അവരുടെ ചുറ്റും കൂടുകയും വാഗ്ദത്ത മസീഹാണെന്ന ധാരണയിൽ സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബിന്റെ കൈപിടിച്ച് അഭിവാദ്യം ചെയ്യാൻ തുടങ്ങുകയും ചെയ്തു. മൗലവി സാഹിബ് വാഗ്ദത്ത മസീഹി(അ)നെ ചൂണ്ടിക്കാണിച്ച് കാര്യം വ്യക്തമാക്കിക്കൊടുത്തപ്പോഴാണ് അവർക്ക് മനസ്സിലായത്. അത്ര ലളിതസാധാരണവും വിനീതവിനയത്തോടുകൂടിയതുമായിരുന്നു അദ്ദേഹത്തിന്റെ ഭാവവും വസ്ത്രധാരണവും.

### ശരീരം, ഉയരം

വാഗ്ദത്ത മസീഹ്(അ) അമിതവണ്ണമുള്ളയാളോ തീരെ മെലിഞ്ഞ വ്യക്തിയോ ആയിരുന്നില്ല. ഒത്ത ശരീരവും ശരാശരി ഉയരവുമായിരുന്നു.

അദ്ദേഹത്തിന്റെ കൃത്യമായ ഉയരം രേഖപ്പെടുത്തിയിട്ടില്ലെങ്കിലും അഞ്ചടി എട്ടിഞ്ച് ഉയരമുണ്ടായിരുന്നു എന്ന് കരുതപ്പെടുന്നു. വിശാലമായ കപോലങ്ങളും വിരിഞ്ഞ നെഞ്ചുമായിരുന്നു അദ്ദേഹത്തിന്. സന്തുലിതാവസ്ഥയിലുള്ളതായിരുന്നു അവിടുത്തെ ശരീരം. അധികം വയറുണ്ടായിരുന്നില്ല. രണ്ടുകാലുകളും സമവലിപ്പമായിരുന്നു. ചുരുക്കത്തിൽ ഏതെങ്കിലും വിധത്തിലുള്ള ന്യൂനതകളിൽ നിന്ന് തീർത്തും മുക്തമായിരുന്നു അവിടുത്തെ ശരീരം. വാഗ്ദത്ത മസീഹി(അ)ന്റെ ചർമ്മം കൂടുതൽ മൃദുലമോ പരുപരുത്തതോ ആയിരുന്നില്ല. അവസാന നാളുകളിൽവരെ ആ മുഖത്ത് വരകളോ ചുളിവുകളോ പ്രത്യക്ഷപ്പെട്ടിരുന്നില്ല. തണുപ്പു കാലങ്ങളിൽ കാലിന്റെ മടമ്പിൽ വിള്ളലുകൾ ഉണ്ടാകുമായിരുന്നു. ഗ്രീഷ്മ കാലത്തും ശൈത്യകാലത്തും ചൂടു വസ്ത്രങ്ങൾ ഉപയോഗിക്കാറുണ്ടായിരുന്നെങ്കിലും ഒരിക്കലും വിയർത്തിരുന്നില്ല. അദ്ദേഹത്തിന്റെ യജമാനൻ മുഹമ്മദ് നബിﷺ തിരുമേനിയുടെ ചര്യകളെ കർശനമായി അദ്ദേഹം പാലിച്ചിരുന്നു. അതിന്റെ പ്രതിഫലനം അവിടുത്തെ ബാഹ്യരൂപത്തിലും കാണാമായിരുന്നു.

## കഴുത്ത്

ശരാശരി നീളവും വണ്ണവുമുള്ളതായിരുന്നു അദ്ദേഹത്തിന്റെ ഗള കണ്ഠ ഭാഗം.

## ആരോഗ്യ പരിപാലനം

മുടി വെട്ടൽ, മൈലാഞ്ചിയിടൽ, ദന്തശുദ്ധീകരണം, മുടിയിൽ എണ്ണയിടൽ, സുഗന്ധ ദ്രവ്യങ്ങൾ ഉപയോഗിക്കൽ, മുടിചീകിയൊതുക്കൽ എന്നീ കാര്യങ്ങളിൽ അവിടുന്ന് വളരെ ചിട്ട പാലിച്ചിരുന്നു. അവയെല്ലാം നബി(സ) തിരുമേനി എപ്രകാരം ചെയ്തിരുന്നുവോ അപ്രകാരം നബി ചര്യമാത്രം അനുവർത്തിച്ചുകൊണ്ടായിരുന്നു അവിടുന്ന് അതെല്ലാം നിർവ്വഹിച്ചത്.

## പ്രകൃതവും മുഖഭാവവും

വെളുത്ത ശരീരവർണ്ണമായിരുന്നു അവിടുത്തേത്. മുഖത്ത് ഭക്തിയുടെ കിരണങ്ങൾ സദാ ദൃശ്യമായിരുന്നു. ദുഃഖാവസരത്തിലും സന്തോഷാവസ്ഥയിലും അതിന് മാറ്റമുണ്ടായിരുന്നില്ല. ചില സന്ദർഭങ്ങളിൽ മുഖം സുവർണ്ണ നിറത്തിൽ ശോഭിക്കുമായിരുന്നു. പുഞ്ചിരിയും നിഷ്ക്കളങ്കതയും ആ മുഖത്തിന്റെ സ്ഥായിയായ ഭാവങ്ങളായിരുന്നു. മാനസികാവസ്ഥ എന്തുതന്നെയായിരുന്നാലും മുഖം എപ്പോഴും പ്രസന്നമായിരിക്കുന്നതിനെക്കുറിച്ച് ആളുകൾ അത്ഭുതം പ്രകടിപ്പിക്കുമായിരുന്നു. ഇത്തരം ഭാവം ഒരിക്കലും ഒരു വ്യാജ വ്യക്തിക്ക് പ്രകടിപ്പിക്കാൻ സാധ്യമല്ല. സത്യത്തിന്റെ പ്രകാശം ദുർവൃത്തന്റെ മുഖത്ത് പ്രകടമാവില്ല. ബാഹ്യരൂപത്തിലൂടെ ആത്മീയ സൗന്ദര്യങ്ങൾ പ്രകടമായ രണ്ട് സംഭവങ്ങൾ ഇവിടെ വിവരിക്കുന്നത് ഉചിതമായിരിക്കുമെന്നു കരുതുന്നു.

1. പാതിരി ആഥമിനെ സംബന്ധിച്ച പ്രവചനവുമായി ബന്ധപ്പെട്ടതാണിത്. പ്രവചനത്തിന്റെ കാലാവധി തീരാറായപ്പോൾ പല അഹ്മദികളുടെയും മുഖം വിളറിയും വിഷണ്ണമായും കാണപ്പെട്ടു. ആഥമിന്റെ മരണത്തെ സംബന്ധിച്ച് എതിരാളികൾ വെല്ലുവിളികൾ ഉയർത്തിയപ്പോൾ പലരിലും ഇച്ഛാഭംഗവും നിരാശയും ദൃശ്യമായി. മുഴുവൻ പേരും, നാണക്കേടിലാക്കരുതേ എന്ന് അല്ലാഹുവിനോട് കരഞ്ഞ് ദുആ ചെയ്യുകയായിരുന്നു. പക്ഷേ ദൈവസമർപ്പിതനും ധൈര്യശാലിയുമായിരുന്ന വാഗ്ദത്ത മസീഹ്(അ) പരിപൂർണ്ണമായ ആ വ്യക്തി, പരിപൂർണ്ണമായ ആത്മവിശ്വാസത്തോടെ വീടിനു പുറത്ത് വന്നു തന്റെ അനുചര വൃന്ദത്തോട് പള്ളിയിൽ ഒരുമിച്ചുകൂടാൻ പറഞ്ഞു. പള്ളിയിൽ സന്നിഹിതരായവർ മുഴുവൻ അങ്ങേയറ്റം പരിഭ്രാന്തരായിരുന്നു. എന്നാൽ ഹുസൂർ തിരുമനസ്സ് പ്രവചനം പുലർന്നിരുന്നു വെന്നും അല്ലാഹു സത്യാവസ്ഥ അദ്ദേഹത്തിന് അറിയിച്ചു കൊടുത്തിരിക്കുന്നുവെന്നും അവരെ അറിയിച്ചു.

ആ പ്രഖ്യാപനം നടത്തിയപ്പോഴുള്ള അദ്ദേഹത്തിന്റെ മുഖഭാവം കണ്ട ശ്രോതാക്കൾക്ക് അത് പൂർണ്ണമായും വാസ്തവമാണെന്ന് ബോധ്യമായി. അവിടെ കൂടിയിരുന്നവർ ദുഖിതരായിരുന്നുവെങ്കിലും ഹുസൂർ തിരുമനസ്സ് അൽപം പോലും അസ്വസ്ഥനാകാതെ സുസ്മേര വദനനായി സംസാരിച്ചുകൊണ്ടിരുന്നു. അല്ലാഹു ആഥമിന്റെ മുഴുവൻ കാര്യങ്ങളും വാഗ്ദത്ത മസീഹി(അ)ന്റെ കൈകളിൽ ഏൽപ്പിച്ചിരിക്കുന്നതായി അവർക്ക് തോന്നി. അജയ്യനായ പോരാളി കീഴ്പ്പെടുത്തപ്പെട്ട് തന്റെ എതിരാളിക്ക് കാരുണ്യത്തിന്റെയും ദയയുടെയും പേരിൽ മാപ്പുകൊടുക്കുന്നത് പോലെ ആഥമിന്റെ നിസ്സഹായവസ്ഥയും എളിമയും കണ്ട് ഹുസൂർ അദ്ദേഹത്തിന് മാപ്പ് നൽകിയതായി അവർക്ക് അനുഭവപ്പെട്ടു.

2. ലേഖ്റാമിനെ കുറിച്ചുള്ള പ്രവചനം പുലർന്ന സന്ദർഭം. അയാൾ പ്രവചന പ്രകാരം ദൈവികദൃഷ്ടാന്തം എന്ന നിലക്ക് കൊല്ലപ്പെട്ടപ്പോൾ എതിരാളികൾ മുഴുവൻ ആ കുറ്റം ഹദ്റത്ത് അഹ്മദിന്റെ(അ) മേൽ ആരോപിക്കുകയുണ്ടായി. അവർ വാഗ്ദത്ത മസീഹി(അ)നെതിരായി പോലീസിൽ ഒരു പെറ്റീഷൻ എഴുതി കൊടുത്തു. തുടർന്ന് പോലീസ് സൂപ്രണ്ടിന്റെ നേതൃതത്തിൽ വീട്ടിൽ വിശദമായ റെയ്ഡ് നടന്നു.

അങ്ങനെ അദ്ദേഹത്തിന്റെ നിരപരാധിത്വം ലോകർക്ക് വ്യക്തമായി. അദ്ദേഹത്തിന്റെ മുഖത്ത് അപ്പോഴും സദാ കാണപ്പെടാറുള്ള പുഞ്ചിരിയും സ്വർഗ്ഗീയ സൗന്ദര്യവും ദൃശ്യമായിരുന്നു. ലേഖ്റാം കൊല്ലപ്പെട്ട വിഷയത്തിൽ സംശയം തോന്നിയതിനാൽ ചില കത്തുകൾ കണ്ടുകെട്ടുകയുണ്ടായി. പക്ഷേ അപ്പോഴൊന്നും തന്നെ ഭയത്തിന്റെ നേരിയ ലാഞ്ചന പോലും അവിടുത്തെ മുഖത്ത് പ്രകടമായിരുന്നില്ല. എപ്പോഴും കാണപ്പെടാറുള്ള പുഞ്ചിരിയും നിഷ്കളങ്കതയും തന്നെയായിരുന്നു ആ വദനത്തിൽ അപ്പോഴും കളിയാടിയിരുന്നത്. ഈസാ മസീഹി(അ)നെ അന്നത്തെ അധികാരികൾ ബന്ധിതനാക്കി കൊണ്ടു പോയെങ്കിലും റസൂൽ തിരുമേനി(സ)യുടെ മസീഹ് (അ) അക്ഷോഭ്യനായി പ്രാർത്ഥനാ നിരതനായി അവിടെ നിൽക്കുകയാണുണ്ടായത്.

വീടിനു പുറത്ത് കാത്തു നിൽക്കുന്നവരുടെ മുഖത്ത് വിവിധ ഭാവങ്ങൾ മിന്നി മറയുന്നുണ്ടായിരുന്നു. പോലീസുദ്യോഗസ്ഥരുടെ വരവും പോക്കും കണ്ട് അവർ പരിഭ്രാന്ത ചിത്തരായിരുന്നു. അകത്ത് എന്താണ് സംഭവിക്കുന്നതെന്നതറിയാത്തതിലും ഹുസൂർ തിരുമനസ്സി(അ) ന്റെ അവസ്ഥയെന്താണെന്നറിയാനുള്ള ഉത്കണ്ഠ കാരണത്താലും അവർ തികച്ചും വിവശരായിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ മുഖത്ത് കാണപ്പെട്ട പുഞ്ചിരി ദർശിക്കുന്ന ആർക്കും തന്നെ പ്രവചനത്തിന്റെ പുലർച്ചയെക്കുറിച്ചും നിരപരാധിത്വത്തെയും തനിക്കുള്ള അത്ഭുതകരമായ നിശ്ചയ ദാർഢ്യത്തെ കുറിച്ച് ബോധ്യം വരും. അദ്ദേഹത്തിന്റെ ചുണ്ടുകൾ കൂടുതൽ തടിച്ചതോ അധികം നേർത്തതോ ആയിരുന്നില്ല. മിക്കവാറും ചുണ്ടുകൾ പൂട്ടിവെച്ച അവസ്ഥയിലാണ് കാണപ്പെട്ടിരുന്നത്. വാർദ്ധക്യാവസ്ഥയിൽ അദ്ദേഹത്തിന്റെ ചില പല്ലുകൾക്ക് ക്ഷയം സംഭവിച്ചിട്ടുണ്ടായിരുന്നു. പക്ഷേ ഒരു പല്ലു പോലും എടുത്തുമാറ്റേണ്ടിവന്നിട്ടില്ല. ചിലപ്പോൾ കഠിനമായ വേദനയും അതുമൂലം അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. അത് നാവിനെ ബാധിക്കുമെന്നായപ്പോൾ രാകിയിട്ടുണ്ടായിരുന്നു. പക്ഷേ ഒരു പല്ലു പോലും എടുത്തു മാറ്റേണ്ടിവന്നിട്ടില്ല. എപ്പോഴും മിസ്‌വാക്ക് ഉപയോഗിച്ചാണ് പല്ല് വൃത്തിയാക്കാറുണ്ടായിരുന്നത്.

അദ്ദേഹത്തിന്റെ നാസിക മനോഹരമായിരുന്നു. നീണ്ടതും വളവില്ലാത്തതും നയനാനന്ദകരവുമായിരുന്നു അത്. കർണ്ണപുടങ്ങൾക്ക് ഒത്ത വലുപ്പമായിരുന്നു. മുകളറ്റം വീതി കൂടിയും താഴെ കുറഞ്ഞുമിരുന്നു. അവസാനനാളുകൾ വരെ കേൾവിക്ക് അൽപം പോലും കുറവ് സംഭവിച്ചിരുന്നില്ല. കവിളുകൾ സുന്ദരവും സമതുലിതവുമായിരുന്നു.

## ശിരസ്, നെറ്റിത്തടം

വീതിയുള്ള നെറ്റിത്തടമായിരുന്നു. പരന്നതും വിശാലവുമായിരുന്നു ആ ലലാടം. അത്യുന്നതമായ പക്വതയുടെ പ്രതിഫലനം ആ തിരുനെറ്റിയിൽ ദൃശ്യമായിരുന്നു. ശിരസ് വലുതും ചാരുതയാർന്നതുമായിരുന്നു. ധിഷണാവിലാസം പ്രതിഫലിക്കുമാറ് അദ്ദേഹത്തിന്റെ നെറ്റിത്തടം വീതിയേറിയതായിരുന്നു.

## മുടി

തലമുടി മൃദുത്വമുള്ളതായിരുന്നു. അത് നേർത്തതും തിളക്കമാർന്നതും മൈലാഞ്ചിയിട്ട് നിറം പിടിപ്പിച്ചതും കഴുത്തുവരെ നീണ്ടുകിടക്കുന്നതുമായിരുന്നു. ഒരിക്കൽ പോലും തല മുണ്ഡനം ചെയ്യുകയുണ്ടായിട്ടില്ല. എണ്ണയോ മൈലാഞ്ചിയോ തലയിൽ പുരട്ടാറുണ്ടായിരുന്നു.

## താടി

ഇടതൂർന്നതും കനത്തതുമായിരുന്നു വാഗ്ദത്ത മസീഹിന്റെ(അ) താടി. പലപ്പോഴും അതിൽ മൈലാഞ്ചി ഇടാറുണ്ടായിരുന്നു സ്ഥിരമായി എണ്ണ തേച്ച് മിനുക്കാറുണ്ടായിരുന്നു. മുഖത്തിന്റെ ഇരുഭാഗവും കീഴ്ഭാഗവും താടിയാൽ മറഞ്ഞിരുന്നു. കാണാൻ മനോഹരമായിരുന്നു മുഖരൂപം.

## മൈലാഞ്ചിയിടൽ

അദ്ദേഹത്തിന്റെ മീശരോമങ്ങൾ കട്ടിയുള്ളതും തിളക്കമാർന്നതുമായിരുന്നു. മദ്ധ്യവയസ്കനായിരിക്കെ അവിടുന്ന് മൈലാഞ്ചിയും ഡൈയും ഉപയോഗിച്ചിരുന്നു. പക്ഷേ പിൽക്കാലത്ത് അനാരോഗ്യം കാരണം താടിയിലും മുടിയിലും മൈലാഞ്ചി മാത്രമേ ഉപയോഗിക്കാറുണ്ടായിരുന്നുള്ളു. ഇംഗ്ലീഷ് ഹെയർ ഡൈ കുറച്ചുകാലം മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. പിന്നീട് മീർ ഹാമിദ് ഷാ സാഹിബ് ഒരു തരം കൃത്രിമ ഡൈ അദ്ദേഹത്തിന് സമ്മാനിക്കുകയുണ്ടായി. അത് ഉപയോഗിച്ചതിനു ശേഷം താടി കറുത്തുവെങ്കിലും മൈലാഞ്ചി ഇടാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടത്. വിശേഷിച്ചും വെള്ളിയാഴ്ച്ച ദിവസങ്ങളിൽ. മാറിടത്തിൽ രോമമുണ്ടായിരുന്നെങ്കിലും പുറത്ത് ഉണ്ടായിരുന്നില്ല. കാലിൽ അൽപം രോമം ഉണ്ടായിരുന്നു. അത് നേർത്തതും നീളം കുറഞ്ഞതുമായിരുന്നു. അതുപോലെത്തന്നെ കൈയിലെ രോമങ്ങളും നേർത്തതും നീളം കുറഞ്ഞതുമായിരുന്നു.

വിവിധ മതരേഖകളിൽ പരാമർശിക്കപ്പെട്ടതും പലതരം അടയാളങ്ങളാൽ വേർതിരിച്ചറിയേണ്ടതുമായ വാഗ്ദത്ത മസീഹിന്റെ രൂപലാവണ്യവും ആകാരസൗഷ്ടവവും വളരെ പഠനാർഹവും മതപരമായി പ്രധാന്യമുള്ളതുമാണ്. ●.

ലേഖനം

# വാഗ്ദത്ത മസീഹി(അ)ന്റെ പ്രവചനവും ഒരു നംറൂദിന്റെ പതനവും

ഇബ്നു വഫ, ബേപ്പൂർ



ഏപ്രിൽ മാസം ഇപ്പോൾ കഴിഞ്ഞു കടന്നതേയുള്ളു. അഹ്മദിയ്യാ ചരിത്രത്തിലൂടെ നോക്കുമ്പോൾ ആ മാസത്തിനു ചില പ്രത്യേകതകളുണ്ട്. അഹ്മദികളുടെ മനസ്സിൽ പല വിചാര വികാരങ്ങൾ സൃഷ്ടിക്കുന്ന ഒന്നാണ് ആ മാസം. പ്രത്യേകിച്ച് ഏപ്രിൽ 4-ാം തീയതി. എന്താണ് ആ ദിവസത്തിന്റെ പ്രത്യേകത? പാകിസ്ഥാൻ പ്രധാനമന്ത്രിയായിരുന്ന സുൽഫിക്കാർ അലി ഭുട്ടോയെ അന്നായിരുന്നു തൂക്കിലേറ്റിയിരുന്നത്. അതിൽ അഹ്മദിയ്യാ ജമാഅത്തിനു എന്തു താൽപര്യവും പ്രത്യേകതയുമാണുള്ളത്? അല്ലാഹുവിൽ നിന്നുള്ള ഇൽഹാമിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് വ മഹ്ദിയെ മൗഊദ്(അ) ഒരു പ്രവചനം ചെയ്തിട്ടുണ്ടായിരുന്നു. അതു അദ്ദേഹം തന്റെ ഇസാലെ ഔഹാം എന്ന ഗ്രന്ഥത്തിന്റെ 190-ാം പേജിൽ ചേർത്തിട്ടുമുണ്ട്.

1890 ലോ അതിനു ശേഷമോ ആണ് ആ ഗ്രന്ഥം വാഗ്ദത്ത മസീഹ്(അ) രചിക്കുന്നത്. അതായത് വഫാത്തിനു ഏറെക്കുറേ പതിനെട്ടു വർഷങ്ങൾക്കുമുമ്പുള്ളതാണ് ആ പ്രവചനം. അറബിയിലുള്ള ആ പ്രവചനം ഇങ്ങനെയാണ്.

كَلب يَمُوتُ عَلی كَلبٍ

(കൽബുൻ യമൂത്തു അലാ കൽബിൻ)

അറബിയിൽ കൽബുൻ എന്നാൽ നായ എന്നും യമൂത്തു എന്നാൽ മരിക്കുന്നു അല്ലെങ്കിൽ മരിക്കും എന്നുമാണർഥം. പക്ഷേ, ഇതൊരു ഭാവാർഥ പ്രയോഗമായതിനാൽ (idiom) അതിലെ വാക്കുകളെ അതേപടി പരിഭാഷപ്പെടുത്തിയാൽ അതിന്റെ അർഥവും യഥാർഥ വിവക്ഷയും മനസ്സിലാവുകയില്ല. നായയാണ്, നായയിൽ മരിക്കും എന്നാണു പ്രവചനത്തിലെ വാക്കുകളുടെ അർഥം.

അറബി ഭാഷയിൽ അബ്ജദ് എന്നൊരു വിജ്ഞാന ശാഖയു

ണ്ട്. അതനുസരിച്ച് ഭാഷയിലെ ഓരോ അക്ഷരത്തിനും ഒരു മൂല്യം നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഉദാഹരണമായി അലിഫ് എന്ന അക്ഷരത്തിന്റെ വില അല്ലെങ്കിൽ മൂല്യം ഒന്നാണു (1). ബാഅ് എന്നതിനു രണ്ടും (2) ജീം എന്നതിനു മൂന്നും (3) ദാൽ എന്നതിനു നാലും (4) കാഫ് എന്നതിനു ഇരുപതും (20) ലാം എന്നതിനു മുപ്പതും (30) മീം എന്നതിനു നാൽപതും (40) നൂൻ എന്ന അക്ഷരത്തിന്റെ വില അമ്പതുമാണു കണക്കാക്കപ്പെട്ടിരിക്കുന്നത്. ഈ രീതിയിൽ മുഴുവൻ അറബി അക്ഷരങ്ങൾക്കും വില നൽകപ്പെട്ടിട്ടുണ്ട്. ഇതുപ്രകാരം ك ل ب (കൽബ് كلب) എന്ന മൂന്നു അക്ഷരങ്ങളുടെ വില യഥാക്രമം 20+30+2 മൊത്തം അമ്പത്തി രണ്ടാണ്.

പ്രവചനത്തിൽ പറഞ്ഞിരിക്കുന്ന ഒന്നാമത്തെ കൽബിന്റെ അർഥം നായ എന്നു തന്നെയാണ്. എന്നാൽ രണ്ടാമത്തെ കൽബിന്റെ വിവക്ഷ അയാളുടെ ആയുസ്സിനെ കുറിക്കുന്നു. അതായത് അയാൾ കൽബിന്റെ എണ്ണത്തിൽ മരിക്കും എന്നാണു പറഞ്ഞിരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ പ്രവചനത്തെ കുറിച്ചു അല്ലാഹുവിൽ നിന്നു ലഭിച്ച അറിവനുസരിച്ച് അതിന്റെ വിവക്ഷയും പൊരുളും വേണ്ട വിധം മനസ്സിലാക്കുകയും അതു ജമാഅത്തിനു നൽകുകയും ചെയ്തിട്ടുണ്ടായിരുന്നു. വാഗ്ദത്ത മസീഹ്(അ) പറഞ്ഞു: ജമാഅത്തിനു അതിശക്തനും കഠിന ദ്രോഹിയുമായ ഒരു ശത്രുവിനെ നേരിടേണ്ടി വരും. ആ ശത്രു ജമാഅത്തിനു വലിയ ദോഷം ചെയ്യും. എന്നാൽ അയാൾ അമ്പത്തിഒന്നു വയസ്സു പൂർത്തിയായ ശേഷം അമ്പത്തിരണ്ടു വയസ്സു പൂർത്തിയാകുന്നതിനു മുമ്പ് മരണപ്പെടും.

അനിതര സാധാരണവും വളരെ പ്രാധാന്യമർഹിക്കുന്നതുമായ ഒരു പ്രവചനമാണിത്. ഈ പ്രവചനത്തിൽ അമ്പത്തിരണ്ട് എന്ന ഒരു സംഖ്യ പറയപ്പെട്ടിട്ടേയില്ല. ഒരു സാധാരണക്കാരന്റെ ചിന്ത ആ ഭാഗത്തേയ്ക്കു പോവുകയുമില്ല. അതിനെ മറ്റൊരു രീതിയിലാണു അല്ലാഹു വെളിപ്പെടുത്തിയിരിക്കുന്നത്. ഇത്തരത്തിലുള്ള ഒരു ഭവിഷ്യവാണി നൽകാൻ അല്ലാഹുവിനല്ലാതെ മറ്റാർക്കാണു സാധിക്കുക. മാത്രവുമല്ല ഈ പ്രവചനം മസീഹ് മൗഊദി(അ)ന്റെ വഫാത്തിനു എഴുപതോളം വർഷങ്ങൾക്കു ശേഷമാണു പൂർത്തിയാകുന്നത്. ഇതിലൂടെ അല്ലാഹു സർവശക്തനും സർവലോക പരിപാലകനും എല്ലാം അറിയുന്നവനാണെന്നും അവൻ തന്നെയാണു മസീഹ് മൗഊദി(അ)നെ നിയോഗിച്ചയച്ചതെന്നും നിസ്സംശയം തെളിയുന്നു.

പ്രവചനത്തിലോ വാഗ്ദത്ത മസീഹി(അ)ന്റെ വെളിപ്പെടുത്തലിലോ ആ ശത്രുവിന്റെ പേര് പറഞ്ഞില്ലെങ്കിലും മസീഹ് മൗഊദി(അ)ന്റെ കാലശേഷം, വർഷങ്ങൾ കഴിഞ്ഞു കടന്നപ്പോൾ ജമാത്തിനെ ഇല്ലാതാക്കാൻ വരുന്ന അങ്ങേയറ്റം ദ്രോഹിയായ ആ ശത്രു ആരാണെന്നു ജമാഅത്തിലെ ഓരോ ആളും ആരും പറയാതെ തന്നെ തിരിച്ചറിഞ്ഞിരുന്നു. പാകിസ്താനിലെ മുല്ലാക്കളുടെ തൃപ്തിയും പ്രീതിയും കരസ്ഥമാക്കുകയും അതിലൂടെ തന്റെ അധികാരം നിലനിർത്തുക എന്ന ഒരൊറ്റ ഗൂഢലക്ഷ്യത്തോടെ അവിടത്തെ തെരഞ്ഞെടുക്കപ്പെട്ട പാർലിമെന്റിലൂടെ ലക്ഷക്കണക്കിലുള്ള തദ്ദേശീയരായ അഹ്മദി മുസ്ലിംകളെ ഇടവും വലവും നോക്കാതെ 1974 സെപ്റ്റംബർ 7-ാം തീയതി അമുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ച അന്നത്തെ പാകിസ്താൻ പ്രധാനമന്ത്രിയായിരുന്ന സുൽഫിക്കാർ അലി ഭുട്ടോ തന്നെയായിരുന്നു മസീഹ് മൗഊദ്(അ) പറഞ്ഞ ആ ശത്രു.

**ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർ റസൂലുല്ലാഹ്** എന്ന ശഹാദത്ത് കലിമ തങ്ങളുടെ ഹൃദയങ്ങളിൽ കൊണ്ടു നടക്കുന്ന അഹ്മദി മുസ്ലിംകളുടെ വികാരത്തെ അൽപം പോലും ശ്രദ്ധിക്കുവാനോ മാനിക്കുവാനോ അദ്ദേഹം തയ്യാറല്ലായിരുന്നു. നിമിഷനേരം കൊണ്ട് സകല അഹ്മദികളേയും കാഫിറാക്കി പ്രഖ്യാപിച്ചു കൊണ്ട് അഹ്മദിയ്യത്തിന്റെ ശത്രുക്കളേയും എതിരാളികളേയും അദ്ദേഹം സന്തോഷിപ്പിച്ചു. ഭൂട്ടോ ചെയ്ത അതിമഹത്തായ ഈ 'സേവന'ത്തെ പാകിസ്താനി മുല്ലാക്കൾ താരിഖ് ബിൻ സിയാദ്, സലാഹുദ്ദീൻ അയ്യൂബി, മുഹമ്മദ് ബിൻ ഖാസിം, മൂസാ ബിൻ നസ്വീർ തുടങ്ങിയ മഹാത്മാക്കളുടെ സേവനങ്ങളുമായി താരതമ്യം ചെയ്തു കൊണ്ട് സുൽഫിഖാർ അലി ഭൂട്ടോയ്ക്കു അല്ലാഹു നൂഹ് നബി(അ)യുടേയും ഖിദർ നബി(അ)യുടേയും ആയുസ്സ് നൽകുമാറാകട്ടെ എന്നു പത്രങ്ങളിൽ ദുആ പ്രസിദ്ധീകരിക്കാറുണ്ടായിരുന്നു. എന്നാൽ പിന്നീട് സിയായുടെ പട്ടാള ഭരണം വന്നപ്പോൾ ഈ മുല്ലാക്കൾ തന്നെ ഭുട്ടോയെ തള്ളിപ്പറയുകയും ഇയാൾ കൊലയാളിയും ദുർവൃത്തനും തെമ്മാടിയും സദാചാര വിരുദ്ധനുമാണെന്നു പറഞ്ഞു കൊണ്ട് ജസ്റ്റിസ് മൗലവി മുശ്താഖിന്റെ കോടതിയിൽ നിന്നും വധശിക്ഷ വാങ്ങിക്കൊടുക്കുകയും ചെയ്തു.

പാകിസ്താനിലെ സിന്ധ് പ്രവിശ്യയിലെ ലാഡ്ഖാന (Larkana) യിൽ ശാഹ് നവാസ് ഖാന്റേയും ഖുർശീദ ബേഗത്തിന്റേയും മകനായി 1928 ജനുവരി 5-ാം തീയതിയായിരുന്നു സുൽഫിഖാർ അലി ഭുട്ടോയുടെ ജനനം. ഖുർശീദ ബേഗം ഹിന്ദുവായിരുന്നുവെന്നും അവർ ലഖൻഭായി എന്നു പേരുള്ള ഒരു നർത്തകിയായിരുന്നുവെന്നും അവരെ ശാഹ് നവാസ് കണ്ടപ്പോൾ തന്നെ ഇഷ്ടപ്പെട്ടെന്നും അങ്ങനെ

യാണു വിവാഹം നടന്നതെന്നും, സുൽഫികാർ അലിയുടെ ആദ്യ പേര് പോലും നഥൂറാം എന്നായിരുന്നുവെന്നും പിന്നീട് ലഖൻഭായി ഇസ്‌ലാംമതം സ്വീകരിച്ച ശേഷമാണു തന്റേയും മകന്റേയും പേരുമാറ്റിയതെന്നുമുള്ള ശക്തമായ സംസാരം വളരെ മുമ്പു മുതൽ തന്നെ പ്രചാരത്തിലുണ്ട്.

സമ്പന്നകുടുംബത്തിൽ പിറന്നു അമേരിക്കയിലും ഇംഗ്ലണ്ടിലും വിദ്യാഭ്യാസം നേടിയ സുൽഫികാർ അലി ഭൂട്ടോ വളരെ സമർഥനായിരുന്നു. സംസാരിക്കാനും ജനങ്ങളെ സ്വാധീനിക്കാനുമുള്ള അദ്ദേഹത്തിന്റെ കഴിവ് അപാരമായിരുന്നു. ഉയരങ്ങൾ കീഴടക്കാനായി ആരെ പ്രീതിപ്പെടുത്തണം ആർക്കു മുഖസ്തുതി പാടണം ആരെ ചവിട്ടിത്താഴ്ത്തണം എന്നത് അദ്ദേഹം നന്നായി മനസ്സിലാക്കിയിരുന്നു. അദ്ദേഹത്തിന്റെ വളർച്ചയും ഉയർച്ചയും വളരെ വേഗത്തിലായിരുന്നു. അദ്ദേഹത്തിനു ലഭിച്ച വലിയ ജനപിന്തുണയിൽ അയാൾ അഹങ്കരിച്ചു. ആ പിന്തുണയ്ക്കു വലിയ ശക്തിയുണ്ടായിരുന്നു. എന്നാൽ ഏറ്റവും വലിയ ശക്തി അല്ലാഹുവിന്റേതാണെന്നുള്ള യാഥാർഥ്യം അദ്ദേഹം തിരിച്ചറിഞ്ഞില്ല.

ജനറൽ അയ്യൂബ് ഖാനായിരുന്നു ഭൂട്ടോയെ രാഷ്ട്രീയത്തിൽ കൊണ്ടുവന്നതും വളർത്തിയതും. പിന്നീട് ആ അയ്യൂബ് ഖാനോടും ഭുട്ടോ നന്ദികേട് കാണിച്ചു. 1963 ൽ ഭൂട്ടോ തന്റെ മുപ്പത്തഞ്ചാമത്തെ വയസ്സിൽ അയ്യൂബ്ഖാൻ മന്ത്രിസഭയിൽ പാക് വിദേശകാര്യ മന്ത്രിയായി നിയമിക്കപ്പെട്ടപ്പോൾ മൂന്നാം രാഷ്ട്രങ്ങൾക്കിടയിൽ ഭൂട്ടോയ്ക്കു ഹീറോ പരിവേഷമുണ്ടായി. അയ്യൂബ് ഖാനെ ഡാഡി എന്നായിരുന്നു ഭൂട്ടോ വിളിച്ചിരുന്നത്. എന്നാൽ ഒളിഞ്ഞും മറഞ്ഞും പ്രസിഡന്റ് സ്ഥാനത്തേയ്ക്കു അയ്യൂബ്ഖാനേക്കാൾ താനാണു യോഗ്യൻ എന്നു പറയുകയും അതിനു വേണ്ടിയുള്ള ചരടു വലികൾ ഭൂട്ടോ നടത്തുകയും ചെയ്തിരുന്നു. ഭൂട്ടോയ്ക്കു എല്ലാം രാഷ്ട്രീയമായിരുന്നു. ആ ഒരു കോണിലൂടെയായിരുന്നു എല്ലാം കണ്ടിരുന്നത്. അദ്ദേഹത്തിന്റെ മതവും വിശ്വാസവും ധാർമികതയും സദാചാരവും സഹജഗുണവും എല്ലാം രാഷ്ട്രീയ തന്ത്രങ്ങളായിരുന്നു. ആവശ്യം വന്നാൽ കഴുതയെ ഡാഡിയെന്നും ആവശ്യം കഴിഞ്ഞാൽ ഡാഡിയെ കഴുതയെന്നും വിളിക്കുന്ന രാഷ്ട്രീയം.

1974 ഫെബ്രുവരി 22,23,24 തീയതികളിൽ OIC (organization of Islamic corporation- المُنَظَّمَةُ التَعَاوَنُ الِاسلَامِى) എന്ന മുസ്‌ലിം രാജ്യങ്ങളുടെ ഒരു ഉച്ചകോടി ഭൂട്ടോയുടെ ശ്രമഫലമായി ലാഹോറിൽ സംഘടിക്കപ്പെട്ടിട്ടുണ്ടായിരുന്നു. ആ ഉച്ചകോടിയിൽ സൗദി അറേബ്യയുടെ രാജാവ് ഫൈസൽ ബിൻ അബ്ദുൽ അസീസ്, ഈജിപ്റ്റ് പ്രസിഡന്റ് അൻവർ സാദാത്ത്, ലിബിയയുടെ നേതാവ് മുഅമ്മർ ഗദ്ദാഫി, ബംഗ്ലാദേശ് പ്രധാനമന്ത്രി ശേഖ് മുജീബുറഹ്മാൻ, ഫലസ്തീൻ നേതാവ് യാസ്സർ അറഫാത്ത്, ജോർഡാൻ കിംങ്ങ് ഹുസൈൻ മുതലായവരും ഇറാൻ, ഇറാഖ്, സിറിയ, ടുണീഷ്യ തുടങ്ങിയ മിക്ക മുസ്‌ലിം രാഷ്ട്രങ്ങളുടെ തലവന്മാരും പ്രതിനിധികളും പങ്കെടുത്തിട്ടുണ്ടായിരുന്നു. ആ ഉച്ചകോടിയിൽ അഹ്മദിയ്യാ വിരുദ്ധ പരാമർശങ്ങളും ഉണ്ടായി. ആ ഒരു ഉച്ചകോടിയുടെ പിൻബലത്തിലാണു പിന്നീട് അതേ വർഷം സെപ്റ്റംബറിൽ ജമാഅത്തിനെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കുന്നത്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി അൽ മുസ്‌ലിഹ് മൗഊദ്ؓ 1956 ൽ റബ്‌വയിലെ ജൽസാ സാലാനയുടെ അവസരത്തിൽ പ്രസംഗിച്ചു കൊണ്ട് പറഞ്ഞു: ഭാവിയിൽ അല്ലാഹു ആരെയാണോ മൂന്നാം ഖലീഫയായി തെരഞ്ഞെടുക്കുന്നത് അദ്ദേഹത്തിന് ഞാൻ സുവിശേഷമറിയിക്കട്ടെ, അദ്ദേഹം അല്ലാഹുവിൽ പൂർണ വിശ്വാസവും തവക്കലും അർപ്പിച്ചു കൊണ്ട് ദൃഢനിശ്ചയത്തോടെ ആരേയും ഭയക്കാതെ മുന്നേറുകയാണെങ്കിൽ ജമാഅത്തിന്നെതിരിൽ വരുന്ന എല്ലാ ശക്തികളേയും ഭരണകൂടങ്ങളേയും അല്ലാഹു തകർത്തു തരിപ്പണമാക്കുന്നതായിരിക്കും. *(ഖിലാഫത്തെ ഹഖ ഇസ്‌ലാമിയാ, അൻവാറുൽ ഉലൂം. വാല്യം 26 പേജ് 31)*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് റഹ്മഹുല്ലാഹ് യുടെ ഖിലാഫത്ത് കാലഘട്ടത്തിൽ നാം അതു തന്നെയാണു കണ്ടത്. അഹ്മദിയ്യാ ജമാഅത്തിന്നെതിരിൽ മുസ്‌ലിം രാഷ്ട്രങ്ങൾ ഒറ്റക്കെട്ടായി വരികയും എതിരാളികളുടെ ആവശ്യപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണകൂടത്തിന്റെ സഹായത്തോടെ അഹ്മദിയ്യാ ജമാഅത്തിനെ ഇല്ലാതാക്കാനായി ഒരുങ്ങിപ്പുറപ്പെടുകയും ചെയ്തപ്പോൾ അല്ലാഹു അവരെ തകർത്തു തരിപ്പണമാക്കുകയും, ജമാഅത്തിന്റെ കയ്യിൽ ഭിക്ഷാപാത്രം നൽകുമെന്നു പറഞ്ഞവർക്കു സ്വന്തം ജീവനു വേണ്ടിയുള്ള ഭിക്ഷയ്ക്കായി യാചിക്കേണ്ടി വരികയും ചെയ്തു. ഇത്ര വലിയ 'സേവന'ത്തിനു ഭൂട്ടോ അടക്കമുള്ള നേതാക്കളോടു അല്ലാഹു എങ്ങനെയാണു പ്രതികരിച്ചതെന്നും അവർ ചെയ്ത ഇത്ര വലിയ 'സാലിഹായ അമലിനു' എന്തു പ്രതിഫലമാണു അവർക്കു ലഭിച്ചതെന്നും പിന്നീട് ലോകം കണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) 1889 മാർച്ച് 23-ാം തീയതിയാണു ജമാഅത്തിനു അസ്തിവാരമിടുന്നത്. അതനുസരിച്ചു അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ച 1974 സെപ്റ്റംബർ 7-ാം തീയതി ജമാഅത്തു സ്ഥാപിതമായിട്ടു

എൺപത്തഞ്ചു വർഷവും അഞ്ചു മാസവും പതിനഞ്ചു ദിവസവും മാത്രമേ ആയിട്ടുണ്ടായിരുന്നുള്ളു. എങ്കിലും തൊണ്ണൂറ് കൊല്ലത്തെ ഖാദിയാനി പ്രശ്നം പരിഹരിച്ചു കൊണ്ട് ഇസ്‌ലാമിനു അതിമഹത്തായ സേവനം നൽകിയതു താനാണെന്നു ഭൂട്ടോ സാഹിബ് എല്ലാ യോഗങ്ങളിലും സകല പൊതുപരിപാടികളിലും വളരെ അഭിമാനത്തോടെ, അഹങ്കാരത്തോടെ ഉറക്കെ ഉറക്കെ പ്രസ്താവിക്കാറുണ്ടായിരുന്നു. യഥാർഥത്തിൽ ജമാഅത്ത് തൊണ്ണൂറ് വർഷം പൂർത്തിയാക്കുന്നത് 1979 മാർച്ച് 23-ാം തീയതിയാണ്. അതിനു കൃത്യം പന്ത്രണ്ട് ദിവസങ്ങൾക്കു ശേഷം ഏപ്രിൽ 4-ാം തീയതി തൊണ്ണൂറ് കൊല്ലത്തെ ഖാദിയാനി പ്രശ്ന പരിഹാര credit സ്വന്തമാക്കാൻ ശ്രമിച്ചു കൊണ്ടിരുന്ന ഭൂട്ടോ കഴുമരത്തിൽ തൂക്കിലേറ്റപ്പെടുകയും അയാളുടെ പ്രശ്നത്തിനു അല്ലാഹു പരിഹാരമുണ്ടാക്കുകയും ചെയ്തു.

സുൽഫിക്കാർ അലി ഭൂട്ടോയ്ക്കു അഹ്മദിയ്യാ ജമാഅത്തിനോടു വലിയ കടപ്പാടുണ്ട്. അത്രമാത്രം ജമാഅത്തു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. ആദ്യ തവണ പ്രധാനമന്ത്രി പദത്തിലേയ്ക്കു മത്സരിച്ചപ്പോൾ അതിനു പിറകിൽ ജമാഅത്തിന്റെ വലിയ പ്രവർത്തനങ്ങളുണ്ടായിരുന്നു. ജമാഅത്തിനോടു അദ്ദേഹം തീർത്താൽ തീരാത്ത നന്ദി കേടാണു കാണിച്ചത്. രാജ്യത്തിനു വേണ്ടി സുൽഫിക്കാർ അലി ഭൂട്ടോയ്ക്കു പലതും ചെയ്യാൻ സാധിക്കുമെന്ന ശുഭാപ്തി വിശ്വാസത്തിലാണു ജമാഅത്ത് അദ്ദേഹത്തെ സഹായിച്ചത്. കാരണം ഭൂട്ടോ മാത്രമായിരുന്നു ഒരു സെക്കുലർ (മതേതരത്വം) ലീഡറായി ഉണ്ടായിരുന്നത്. ബാക്കി എല്ലാവരും തീവ്ര നിലപാട് സ്വീകരിക്കുന്ന മതചിന്തയിലധിഷ്ഠിതമായ പാർട്ടി വക്താക്കളായിരുന്നു.പക്ഷേ, അധികാരത്തിൽ വന്ന ശേഷം മറ്റു മതസംഘടനകളുടെ പിന്തുണ നേടുന്നതിനായി അവരുടെ ആവശ്യ പ്രകാരം ഭൂട്ടോ അഹ്മദിയ്യാ ജമാഅത്തിനെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചു. അല്ലാഹുവിന്റെ പ്രവർത്തനങ്ങൾ വിചിത്രവും അസാധാരണവുമാണ്. ഭൂട്ടോ അഹ്മദിയ്യാ ജമാഅത്തിനോടു കാണിച്ച നന്ദികേടിനു പകരമായി മറ്റൊരു നന്ദികേടിന്റെ മൂർത്തിഭാവമായ സിയഉൽ ഹഖിനെ ഭൂട്ടോ തന്നെ മുന്നോട്ടു കൊണ്ടു വന്നു.

പട്ടിയുടെ മരണമടുത്താൽ അതു പള്ളിയിലേക്കോടും എന്നു പഞ്ചാബിയിൽ ഒരു ചൊല്ലുണ്ട്. പട്ടി പള്ളിയിൽ കയറിയാൽ ജനങ്ങൾ തല്ലിക്കൊല്ലുമെന്നാണു ഇവിടെ ഉദ്ദേശിക്കുന്നത്. അതു പോലെ പട്ടാളം, തന്റെ ഭരണം അട്ടിമറിച്ചേക്കുമോ എന്ന ഭയത്താൽ ഏഴോളം സീനിയർ ജനറൽമാരെ തട്ടിമാറ്റിയാണു സിയാഉൽ ഹഖിനു ഭൂട്ടോ സർവ സൈന്യാധിപന്റെ സ്ഥാനം നൽകിയത്. അതോടെ ഭൂട്ടോയുടെ കഷ്ടകാലവും ആരംഭിച്ചു എന്നു പറയാം. ഭൂട്ടോ അങ്ങനെ ചെയ്യാൻ കാരണം, താൻ അങ്ങേയറ്റം വിശ്വസ്തനും അങ്ങയോടുള്ളതു പോലുള്ള കൂറ് എനിക്ക് ആരോടും ഇല്ലായെന്നും കുറച്ചുകാലം കൊണ്ട് ഭൂട്ടോയുടെ മുന്നിൽ സിയാ ഉൽഹഖ് നന്നായി അഭിനയിച്ചു കാണിക്കുന്നുണ്ടായിരുന്നു. അതു ഭൂട്ടോ പൂർണമായും വിശ്വസിക്കുകയും ചെയ്തു. എന്നാൽ താമസിയാതെ ഭൂട്ടോയോടു സിയാ അങ്ങേയറ്റത്തെ നന്ദികേടാണ് കാണിച്ചത്.

സിയാ സർവ സൈന്യാധിപനാണെങ്കിലും ഭൂട്ടോ ആ ഒരു ആദരവോ ആ സ്ഥാനത്തോടുള്ള ബഹുമാനമോ ഒരിക്കലും സിയാക്കു നൽകിയിരുന്നില്ല. വളരെ പുച്ഛത്തോടു കൂടി മാത്രമേ ഭൂട്ടോ, സിയായെ സംബോധന ചെയ്തിരുന്നുള്ളു. Where is my monkey general, come on monkey (എന്റെ കുരങ്ങൻ ജനറൽ എവിടെ, വരൂ കുരങ്ങാ!) തുടങ്ങിയ വാക്കുകൾ മറ്റുള്ളവരുടെ മുന്നിൽ വച്ചു സിയാക്കു നേരെ ഭൂട്ടോ പരസ്യമായി ഉപയോഗിച്ചിരുന്നു. അതു കേൾക്കുമ്പോഴൊക്കെ തന്നെ എസ്, സാർ എന്നു പറഞ്ഞു കൊണ്ട് സിയാ, ഭൂട്ടോയ്ക്കരികിൽ ഓടി വരാറാണു പതിവ്. മാത്രവുമല്ല താങ്കളുടെ സേവനത്തിനായി ഈയുള്ളവനെ പരിഗണിച്ചതിനു നന്ദിയുണ്ടെന്നു സിയാ പറയുകയും ചെയ്യും. അങ്ങനെ ഭൂട്ടോ രക്ഷപ്പെടാനാകാത്ത വിധമുള്ള സിയായുടെ കുരുക്കിൽ അറിയാതെ മെല്ലെ മെല്ലെ അകപ്പെടുകയായിരുന്നു.

ഒരിക്കൽ തന്റെ ഓഫീസിൽ സിഗരറ്റ് വലിച്ചു കൊണ്ടിരിക്കുകയായിരുന്ന സിയാഉൽ ഹഖിനു മുന്നിൽ യാതൊരു മുന്നറിയിപ്പുമില്ലാതെ പ്രധാനമന്ത്രി ഭൂട്ടോ പ്രത്യക്ഷപ്പെട്ടു. സിഗ്രറ്റ് കുത്തിക്കെടുത്തുവാനോ പുറത്തു കളയുവാനോ സാധിക്കാഞ്ഞ സിയാ, ഭൂട്ടോയോടുള്ള ബഹുമാനവും ഭവ്യതയും കാരണം കത്തിക്കൊണ്ടിരിക്കുന്ന സിഗരറ്റ് പാൻസിന്റെ പോക്കറ്റിലിട്ടു. പിന്നീട് കത്തിയ തുണിയുടെ മണവും പുകയും കാരണം ഭൂട്ടോ അടക്കമുള്ള എല്ലാവരും കാര്യമറിഞ്ഞു. ഈ സംഭവം ഭൂട്ടോയെ വൈകാരികമായി സ്വാധീനിച്ചു എന്നു പറയാം. ഇത്രയും ബഹുമാനവും വിധേയത്വവുമുള്ള ഒരാൾ ഒരിക്കലും തന്നെ ചതിക്കുകയില്ലെന്നു ഭൂട്ടോ മനസ്സിൽ കുറിച്ചിട്ടു.

പാക് പ്രധാനമന്ത്രിയായ ശേഷം താൻ ഇസ്‌ലാമിന്റെ പരിപോഷണത്തിനായി പലതും ചെയ്യുന്നുണ്ടെന്നു വരുത്തിത്തീർക്കുന്നതിനും യാഥാസ്ഥികരായ മുല്ലാക്കളെ ബോദ്ധ്യപ്പെടുത്തുന്നതിനുമായി ഭൂട്ടോ രാജ്യത്തു പല പരിഷ്ക്കാരങ്ങളും നടപ്പിൽ വരുത്തുകയുണ്ടായി. പഞ്ചാബ് ഗവർണറും 2011 ൽ സ്വന്തം അംഗരക്ഷകനാൽ

കൊലചെയ്യപ്പെടുകയും ചെയ്ത സൽമാൻ താസീർ Bhutto: A political biography എന്ന തന്റെ ഗ്രന്ഥത്തിൽ എഴുതുകയാണ്: 'സുൽഫിഖാർ അലി ഭൂട്ടോ പ്രധാനമന്ത്രിയായി ഭരണത്തിൽ പ്രവേശിച്ച് ഏതാനും മാസങ്ങൾക്കു ശേഷം തികഞ്ഞ യാഥാസ്ഥികരായ ജമാഅത്തെ ഇസ്‌ലാമി, ജംഇയത്തെ ഉലമായെ ഇസ്‌ലാം, ജംഇയത്തെ അഹ്‌ലെ ഹദീസ് തുടങ്ങിയ സംഘടനകളെ പ്രീണിപ്പിക്കാനായി അവരിൽപെട്ടവരെ റിക്കാർഡ് എണ്ണത്തിൽ സർക്കാർ ചെലവിൽ ഹജ്ജിനയച്ചിട്ടുണ്ടായിരുന്നു.'

'1973 ൽ ഭരണഘടനയിൽ ഭേദഗതി വരുത്തിക്കൊണ്ട് രാജ്യത്തിന്റെ അംഗീകൃത മതം ഇസ്‌ലാമായിരിക്കുമെന്നും രാജ്യത്തിന്റെ പരമാധികാരിയും തലവനും മുസ്‌ലിം ആയിരിക്കുമെന്നും ഭരണഘടനയിൽ എഴുതിച്ചേർത്തു. മുല്ലാക്കളുടെ മുന്നിൽ മുട്ടുമടക്കിക്കൊണ്ട് അവരുടെ ആവശ്യപ്രകാരം പാർലമെന്റിലൂടെ 1974ൽ അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചു. വെള്ളിയാഴ്ച പൊതുഅവധിയായി അംഗീകരിച്ചു. ഇസ്‌ലാമികാദ്ധ്യാപനങ്ങളുടെ പരിപോഷണത്തിനായി ഗവൺമെന്റ് തലത്തിൽ പല സംഘടനകൾക്കും ആരംഭം കുറിച്ചു. അറബി ഭാഷയുടെ വളർച്ചക്കായി അറബിപഠനം സ്ക്കൂളുകളിൽ നിർബന്ധമാക്കി. ഖുർആൻ പഠനം സ്ക്കൂൾ സിലബസ്സിൽ ഒരു വിഷയമാക്കി.'

തനിക്കു ശക്തമായ ജനപിന്തുണയുണ്ടെന്നു തെറ്റിദ്ധരിക്കുകയും അതിനാൽ തന്റെ പാർട്ടിക്കു മൂന്നിൽ രണ്ടു ഭൂരിപക്ഷം കിട്ടുമെന്ന പ്രതീക്ഷയിൽ കാലാവധിക്കു ഒരു വർഷം മുമ്പു തന്നെ ഭൂട്ടോ തെരഞ്ഞെടുപ്പു നടത്തുകയുണ്ടായി. അതിൽ പ്രതിപക്ഷം വ്യാപകമായ ക്രമക്കേട് ആരോപിക്കുകയും തുടർന്നു രാജ്യത്തു എല്ലായിടത്തും ജനകീയ പ്രക്ഷോഭം പൊട്ടിപ്പുറപ്പെടുകയും ചെയ്തപ്പോൾ അതിനെ ഒരു മറയാക്കി ഭൂട്ടോ സാഹിബിന്റെ വിശ്വസ്തനായ പട്ടാള മേധാവി സിയാഉൽ ഹഖ് 1977 ജൂലായ് അഞ്ചാം തീയതി ഭരണം പിടിച്ചെടുക്കുകയും അസംബ്ലിയും പാർലിമെന്റും പിരിച്ചു വിടുകയും ഭൂട്ടോയേയും മന്ത്രിമാരേയും വീട്ടു തടങ്കലിലാക്കുകയും ചെയ്തു.

അന്നു ഭുട്ടോയ്ക്കു 49 വയസ്സായിരുന്നു പ്രായം. പിന്നീട് ഭൂട്ടോയ്ക്കെതിരിൽ രാഷ്ട്രീയ എതിരാളിയായ നവാബ് അഹ്മദ്ഖാൻ ഖസൂരിയുടെ വധവുമായി ബന്ധപ്പെട്ട് കേസ്സ് ഫയൽ ചെയ്യപ്പെട്ടതോടെ ഭൂട്ടോയുടെ കാര്യം ആകെ അവതാളത്തിലായി. ആ കേസ്സിൽ 1978 മാർച്ചിൽ ലാഹോർ ഹൈക്കോടതി ഭൂട്ടോയെ വധശിക്ഷയ്ക്കു വിധിച്ചു. പക്ഷേ അപ്പോഴൊന്നും അദ്ദേഹം പ്രസ്തുത കേസ്സിനേയും ശിക്ഷയേയും ഗൗരവത്തോടെ കണ്ടിരുന്നില്ല. തനിക്കൊന്നും സംഭവിക്കുകയില്ലെന്നായിരുന്നു അദ്ദേഹം കരുതിയിരുന്നത്. 1979 ഫെബ്രുവരിയിൽ സുപ്രീം കോർട്ട് ഓഫ് പാകിസ്താൻ ശിക്ഷ ശരിവച്ചു. 1979 മാർച്ച് 24-ാം തീയതി റിവ്യൂ പെറ്റീഷൻ കൂടി നിരസിക്കപ്പെട്ടതോടെ ശിക്ഷ ഉറപ്പായി.

സിയാഉൽ ഹഖിനു അംഗ വൈകല്യമുള്ള (physically or mentally challenged) ഒരു മകളുണ്ടായിരുന്നു. ആ കുട്ടിയെ വിദഗ്ധ ചികിത്സക്കായി വിദേശത്തേയ്ക്കയച്ചതും അവിടെ സിയായുടെ ബന്ധുക്കൾക്കുള്ള താമസവും മറ്റു ആവശ്യമായ എല്ലാ ഏർപ്പാടുകളും ഒത്താശയും ചെയ്തു കൊടുത്തതും സുൽഫിക്കാർ അലി ഭൂട്ടോയായിരുന്നു. അതിലേയ്ക്കുള്ള എല്ലാ ചെലവുകളും രാജ്യത്തിന്റെ ഖജനാവിൽ നിന്നായിരുന്നു പ്രധാനമന്ത്രി തന്റെ വിശ്വസ്തനായ ജനറലിനു അനുവദിച്ചിരുന്നത്. എന്തൊരു വിരോധാഭാസമാണെന്നു നോക്കൂ, ഭൂട്ടോയുടെ ഭരണം അട്ടിമറിക്കുകയും അധികാരം പിടിച്ചടക്കുകയും ചെയ്ത ആ അവസരത്തിൽ ആ കുട്ടിയും സിയായുടെ ഭാര്യയും മറ്റു ബന്ധുക്കളും ചികിത്സയുമായി ബന്ധപ്പെട്ട് വിദേശത്തായിരുന്നു ഉണ്ടായിരുന്നത്. തീർത്താൽ തീരാത്ത നന്ദികേടാണു സിയാ ഭുട്ടോയോടു കാണിച്ചതെങ്കിലും എല്ലാം ദൈവിക ശിക്ഷയായിരുന്നു എന്നു വേണം പറയാൻ.

ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ പ്രവചനപ്രകാരം ഭുട്ടോയുടെ വയസ്സു 51 തികയണം. 52 വയസ്സു പൂർത്തിയാവുകയുമരുത്. ആ കാര്യം പാകിസ്താനിൽ അഹ്മദികൾക്കിടയിൽ സജീവ ചർച്ചയായിരുന്നതിനാൽ അനഹ്മദികളും ഇതു കൂടുതലായി കേട്ടിരുന്നു. അതിനാൽ പാകിസ്താനി മുല്ലാക്കളും സിന്ധിലെ പല പത്രങ്ങളും മസീഹ് മൗഊദി(അ)ന്റെ ഇൽഹാം സൂചിപ്പിച്ചു കൊണ്ട് സിയാഉൽ ഹഖിനോടു അഭ്യർഥിച്ചു കൊണ്ടിരുന്നു: ഭൂട്ടോ 51 വയസ്സ് പൂർത്തിയാക്കുമെന്നും 52 പൂർത്തിയാക്കുകയില്ലെന്നും ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ)യുടെ പ്രവചനമുണ്ടെന്നു അഹ്മദികൾ പറയുന്നു. അതിനാൽ ഒന്നുകിൽ അമ്പത്തി ഒന്നാമത്തെ വയസ്സിനുമുമ്പ് തന്നെ തൂക്കിലേറ്റുക അതല്ലെങ്കിൽ വധശിക്ഷ റദ്ദാക്കുക. അല്ലാത്തപക്ഷം അഹ്മദികളുടെ പ്രവചനം സത്യമായി പുലർന്നുവെന്നു അവർ അവകാശവാദം ഉന്നയിക്കും. എന്നാൽ അത്തരത്തിലുള്ള മുല്ലാക്കളുടെ ആവശ്യങ്ങൾ നിറവേറ്റപ്പെട്ടില്ല. വധശിക്ഷയുടെ അന്തിമ തീരുമാനവും നടപടികളും പൂർത്തിയാവുമ്പോഴേയ്ക്കും ഭൂട്ടോ അമ്പത്തിരണ്ടാമത്തെ വയസ്സിൽ പ്രവേശിച്ചിരുന്നു. ആര് എന്തു പറഞ്ഞാലും തന്ത്രങ്ങൾ മെനഞ്ഞാലും ഇതു ദൈവിക വിധിയാണ്, അതു പൂർത്തിയാവുക

തന്നെ ചെയ്യും.

അതിനിടയിൽ മറ്റൊരു കാര്യം കൂടി ഉണ്ടായി. ഭൂട്ടോയ്ക്കു അമ്പത്തൊന്നു വയസ്സു പൂർത്തിയായപ്പോൾ പാകിസ്താനിൽ പ്രത്യേകിച്ചു സിന്ധ് പ്രവിശ്യയിൽ ഭൂട്ടോയുടെ ജന്മദിനം അനുയായികൾ ഗംഭീരമായി ആഘോഷിക്കുകയുണ്ടായി. പാകിസ്താന്റെ ചരിത്രത്തിൽ ഒരിക്കലും ഒരു നേതാവിന്റേയും ജന്മദിനം ആഘോഷിക്കപ്പെട്ടിട്ടില്ല. പാകിസ്താന്റെ രാഷ്ട്രപിതാവായ മുഹമ്മദ് അലി ജിന്നയാവട്ടെ, അയ്യൂബ്ഖാൻ, ലിയാഖത്ത് അലിഖാൻ തുടങ്ങിയ മറ്റു നേതാക്കളാവട്ടെ ആരുടേയും ജന്മദിനം പാകിസ്താൻ ആഘോഷിച്ചിട്ടില്ല. ഭൂട്ടോയുടെ ജന്മദിനം പോലും അതിനു മുമ്പ് ആഘോഷിച്ചിട്ടുണ്ടായിരുന്നില്ല. BBC റിപ്പോർട്ട് ചെയ്തു. ഇന്നു ഭൂട്ടോ സാഹിബിന്റെ ജന്മദിനാഘോഷമാണ്. ഇന്നദ്ദേഹം തന്റെ 51 വയസ്സു പൂർത്തിയാക്കി 52-ാം വയസ്സിൽ പ്രവേശിച്ചിരിക്കുന്നു. അഹ്മദിയ്യത്ത് സത്യമാണെന്ന കാര്യം ജമാഅത്തിന്റെ ബദ്ധവൈരിയായ ഭൂട്ടോയിലൂടെ തന്നെ അല്ലാഹു വെളിപ്പെടുത്തുകയുണ്ടായി. ഭൂട്ടോ 51 വയസ്സു പൂർത്തിയാക്കിയ വാർത്ത ലോകം അറിയണം. അതായത് മസീഹ് മൗഊദി[അ]ന്റെ പ്രവചനം വ്യക്തമായി പുലരണം. അതിൽ ആർക്കും ഒരു സംശയവും തോന്നാൻ പാടില്ല. എത്ര വലിയൊരു ദൈവിക ദൃഷ്ടാന്തമാണിത്.

പല രാഷ്ട്രനേതാക്കളും സിയാഉൽ ഹഖിനോടു ഭൂട്ടോയുടെ വധശിക്ഷ റദ്ദാക്കാൻ അപേക്ഷിച്ചുവെങ്കിലും കോടതിയുടെ കാര്യത്തിൽ താൻ ഇടപടുകയില്ല എന്ന മുടന്തൻ ന്യായം പറഞ്ഞുകൊണ്ട് 1979 ഏപ്രിൽ 4-ാം തീയതി സുൽഫിഖാർ അലി ഭൂട്ടോയെ തൂക്കിലേറ്റിയപ്പോൾ അദ്ദേഹത്തിനു 51 വർഷവും രണ്ടു മാസവും മുപ്പതു ദിവസവുമായിരുന്നു പ്രായം. ഹദ്റത്ത് മസീഹ് മൗഊദി[അ]ന്റെ പ്രവചന പ്രകാരം അദ്ദേഹം 51 വയസ്സു പൂർത്തിയാക്കി 52-ാം വയസ്സിൽ പ്രവേശിക്കുകയും ചെയ്തു. പ്രവചനം ഒരു സംശയത്തിനും ഇടം നൽകാത്ത വിധം അക്ഷരം പ്രതി പൂർത്തിയായി.

ഇവിടെ ഒരു കാര്യവും കൂടി പ്രസ്താവ്യമാണു, ലോകത്തു ചില സമൂഹങ്ങളിൽ കുട്ടി ജനിച്ചാൽ കുഞ്ഞ് മാതാവിന്റെ ഉദരത്തിൽ കിടന്ന ഒമ്പതു മാസക്കാലം കൂട്ടിയുടെ പ്രായമായി കണക്കാക്കാറുണ്ട്. ആ നിലയിൽ കുട്ടി ജനിച്ചാൽ കുട്ടിയുടെ പ്രായം ഒരു ദിവസം എന്നു നാം സാധാരണ പറയുന്നതിനു പകരം അവർ കുട്ടിയുടെ പ്രായം ഒമ്പതു മാസമെന്നാണു പറയാറ്. അതിനെ Gestational age (ഗർഭാവസ്ഥയിലെ വയസ്സ്) എന്നു പറയുന്നു. അതിനാൽ ഭൂട്ടോയുടെ കാര്യത്തിൽ ഈ Gestational age കൂടി ചേർത്തുകൊണ്ട് മസീഹ് മൗഊദി[അ]ന്റെ പ്രവചനത്തെ വല്ലവരും കളവാക്കാൻ ശ്രമിച്ചാലും ഭൂട്ടോ സാഹിബിന്റെ പ്രായം അപ്പോഴും 51 വർഷവും 11 മാസവും 30 ദിവസവുമാണു ആകുന്നത്. അപ്പോഴും 52 വയസ്സു കഴിഞ്ഞു കടന്നില്ല.

അല്ലാഹു തന്റെ വരിഷ്ഠരായ മുർസലീങ്ങളേയും നബിമാരേയും ജനങ്ങളുടെ നേർമാർഗത്തിനായി അയക്കുമ്പോൾ അവർക്കു ഭൗതികമായ യാതൊരു കഴിവും ശക്തിയും ഉണ്ടായിരിക്കുകയില്ല. അവർ ബാഹ്യമായി വളരെ സാധാരണക്കാരായിരിക്കും. അവർക്കു പിറകിൽ ദൈവത്തിന്റെ കരങ്ങളാണ് പ്രവർത്തിക്കുന്നത്. ആ കാലത്തുള്ള നംറൂദ്മാരും ഫിർഔൻമാരും സ്വേച്ഛാധിപതികളായ ഭരണകർത്താക്കളും രാജാക്കന്മാരും ആ യാഥാർഥ്യം മനസ്സിലാക്കുന്നില്ല. തങ്ങളുടെ അധികാരത്തെ മുൻനിർത്തി അവർക്കു എന്തു വേണമെങ്കിലും ചെയ്യാൻ സാധിക്കുമെന്നവർ അഹങ്കരിക്കുന്നു. ഫിർഔന്റെ ശക്തിക്കു മുന്നിൽ മൂസാ നബി[അ]ക്കു ബാഹ്യമായി ഒരു ശക്തിയുമില്ലായിരുന്നു. അതുപോലെ നംറൂദിനു മുന്നിൽ ഹദ്റത്ത് ഇബ്രാഹീം നബി[അ]യും വളരെ നിസ്സാരനായിരുന്നു. മക്കക്കാരുടെ മുന്നിൽ ഹദ്റത്ത് മുഹമ്മദ് മുസ്തഫാﷺയും തിരുമേനിയുടെ ശിഷ്യനായി ഈ കാലത്തു ഇസ്ലാമിന്റെ പുന:രുദ്ധാരണത്തിനായി ആഗതരായ വാഗ്ദത്ത മഹ്ദീ മസീഹി[അ]നും ബാഹ്യമായി യാതൊരു ശക്തിയുമില്ലായിരുന്നു.

ഈ എല്ലാ മുർസലീങ്ങളുടേയും ശക്തി അല്ലാഹുവാണ്. പക്ഷേ, ആ കാര്യം നബിമാരുടെ ഈ ശത്രുക്കൾ മനസ്സിലാക്കുന്നില്ല. അല്ലാഹു പറയുന്നു:

كَتَبَ اللّٰهُ لَاَغۡلِبَنَّ اَنَا وَرُسُلِىۡ ؕ اِنَّ اللّٰهَ
قَوِىٌّ عَزِيۡزٌ

(ഞാനും എന്റെ ദൂതന്മാരും വിജയിക്കുക തന്നെ ചെയ്യുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു. തീർച്ചയായും അല്ലാഹു പ്രബലനും പ്രതാപവാനുമാകുന്നു (ഖുർആൻ 58:22).

(MTA യിൽ ടെലികാസ്റ്റു ചെയ്യപ്പെട്ടതും അല്ലാത്തതുമായ പോഡ്കാസ്റ്റുക(podcast)ളും പാകിസ്താൻ ജയിലുകളിൽ സുപ്രണ്ടായി ദീർഘകാലം ജോലി ചെയ്യുകയും ഭുട്ടോയുടെ അവസാന ദിനങ്ങൾക്കു സാക്ഷികളുമായിരുന്ന ചിലരുടെ സുദീർഘമായ ഇന്റർവ്യൂകളുമാണ് ഈ ലേഖനത്തിന്നാധാരം. എന്നാൽ ആ ഇന്റർവ്യൂകളിൽ പരാമർശിക്കപ്പെട്ട വസ്തുതകൾ പലതും തന്നെ വ്യക്തിഹത്യ ആയിപ്പോയേക്കുമെന്ന ഭയത്താലാണു ഈ ലേഖനത്തിൽ ചേർക്കാതിരുന്നത്. ലേഖനത്തിന്റെ ഉദ്ദേശ്യം മസീഹ് മൗഊദി[അ]ന്റെ പ്രവചന പൂർത്തീകരണം മാത്രമായിരുന്നു. ലേഖ.)



# ഹജ്ജിന്റെ തത്വശാസ്ത്രം

അയിസാസ് ഖാൻ, കാനഡ

**എല്ലാ മതങ്ങളിലും തീർത്ഥാടനമുണ്ട്. അതാത് മതത്തിന്റെ ചരിത്ര സംഭവങ്ങളോടും മതസ്ഥാപകന്മാരുടെ ജീവിതത്തോടും ബന്ധപ്പെട്ട സ്ഥലങ്ങളായിരിക്കും തീർത്ഥാടന കേന്ദ്രങ്ങൾ. ഇസ്ലാമിന്റെ തീർത്ഥാടനം ഹജ്ജും തീർത്ഥാടന കേന്ദ്രം മക്കയുമാണ്.**

ഇസ്ലാമിന്റെ ആവിർഭാവത്തിന്ന് മുമ്പ് തന്നെ ഹജ്ജ് തീർത്ഥാടനം ഉണ്ടായിരുന്നു. വളരെയധികം അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും വിധേമായിരുന്ന ഹജ്ജ് ഇസ്ലാം അതിന്റെ സ്വച്ഛവും ശുദ്ധവുമായ രൂപത്തിലേക്ക് വീണ്ടെടുക്കുകയായിരുന്നു. ലോകമതങ്ങളിൽ പലതും ചില പ്രത്യേക സ്ഥലങ്ങളുമായി ബന്ധപ്പെടുത്തി അദ്ധ്യാത്മിക പ്രാധാന്യം നൽകുന്നു. തീർത്ഥാടകർ ദർഗകളിലേക്കും പുണ്യവാളന്മാരുടെ കബറിടങ്ങളിലേക്കും ചില പരിശുദ്ധ ചരിത്ര സംഭവങ്ങൾ നടന്ന സ്ഥലങ്ങളിലേക്കും ഭക്തിക്ക് വേണ്ടിയും കൃതജ്ഞത പ്രകടിപ്പിക്കാനും, പ്രകൃത്യതീതമായ ശക്തികളുടെ സഹായത്തിന്ന് വേണ്ടിയും യാത്ര ചെയ്യുന്നു.[1] ആരാധകന് തന്റെ വിശ്വാസത്തോട് ഭക്തി പ്രകടിപ്പിക്കാനും അത് പരിശോധിക്കാനും തീർ

ത്ഥാടനം ഉതകുന്നു. വിശുദ്ധമായ സന്ദർഭത്തിലും സാഹചര്യത്തിലും ഒരാളുടെ വിശ്വാസം ഉറപ്പിക്കുന്ന തിനാൽ അയാളുടെ വിശ്വാസ ത്തിൽ പുരോഗതിയുണ്ടാകുന്നു. ഇന്ന് വിവിധ മതങ്ങളിൽ എന്തു ദ്ദേശത്തോടു കൂടിയാണെങ്കിലും തീർത്ഥാടനം എന്ന സങ്കൽപ്പം എല്ലാ മതങ്ങളിലുമുണ്ട്. ഇത് വി ശ്വാസത്തിന്റെ പ്രാധാന്യം പ്രകട മാക്കുന്ന ഒരു പ്രതിഭാസവുമാണ്. വിശുദ്ധ ഹജ്ജ് എന്നറിയപ്പെടുന്ന മക്കയിലേക്കുള്ള തീർത്ഥാടനം ഇസ്‌ലാമിന്ന് മുമ്പേയുള്ളതും യുഗങ്ങൾ പഴക്കമുള്ള തുമായ ഒരു സമ്പ്രദായമാണ്. ഇസ്‌ലാമി ന്ന് നൂറ്റാണ്ടുകൾക്ക് മുമ്പ് ഹജ്ജ് നിരവധി മാറ്റങ്ങൾക്കും രൂപാന്ത രണത്തിന്നും വിധേയമായിട്ടുണ്ട്. അതിൽ തൗഹീദിന്ന് (ദൈവത്തി ന്റെ ഏകത്വം) വിരുദ്ധമായി കൂട്ടി ചേർത്ത ഘടകങ്ങളും ഉൾപ്പെടുന്നു. ഇസ്‌ലാമിന്റെ ആവിർഭാവത്തോടെ ഹജ്ജിനിടയിൽ അനുഷ്ഠിക്കപ്പെ ടുന്ന തൗഹീദിന്ന് എതിരായ എല്ലാ ഘടകങ്ങളും വിപാടനം ചെയ്യു കയും അതിന്റെ സ്വച്ഛരൂപം നില നിർത്തുകയും ചെയ്തു. അങ്ങനെ ഹജ്ജിന്റെ തനിമ നിലനിർത്തുക യുണ്ടായി.

## തീർത്ഥാടനം ലോക മതങ്ങളിൽ

**ഹിന്ദുമതം:** തീർത്ഥാടനം എന്ന പേരിൽ തന്നെയാണ് ഹിന്ദുമത ത്തിൽ തീർത്ഥാടനം അറിയപ്പെടു ന്നത്. ഒരു നദി കടന്ന് കടവിലേക്ക് അല്ലെങ്കിൽ സുരക്ഷിത സ്ഥലത്തേ ക്കുള്ള യാത്രയെന്നാണ് അതിന്റെ അർത്ഥം. തീർത്ഥാടന കേന്ദ്രങ്ങൾ അക്ഷരാർത്ഥത്തിലും ആലങ്കാ രികാർത്ഥത്തിലും തീർത്ഥങ്ങളു ടെ അടുത്താണ്.[2] ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്കുള്ള യാത്ര. കടവുകൾക്കാണ് തീർ ത്ഥങ്ങൾ എന്ന് പറയുന്നത്. ഒരു ലോകത്തുനിന്നും കുറുകെ കടന്ന് മറ്റൊരു ലോകത്തേക്ക് പോകുക എന്നാണ്. അതിനാൽ പ്രസിദ്ധമായ തീർത്ഥാടന കേന്ദ്രങ്ങൾ മഹാനദി കളുടെ തീരങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. വരാണസി വിശുദ്ധ ഗംഗാ നദിയുടെ തീരത്ത് സ്ഥിതി ചെയ്യുന്നു. അത് ഹിന്ദുക്കൾക്ക് വളരെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമാണ്. ഗംഗാനദിയിൽ കുളിച്ചു കൊണ്ട് തീർത്ഥാടകർ പരിശുദ്ധി ആർജ്ജിക്കുന്നതായി വിശ്വസിക്കപ്പെ ടുന്നു. നിരവധി സ്ഥലങ്ങൾ ഹിന്ദു ഇതിഹാസങ്ങളുമായി ബന്ധപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളാണ്. ചില വ്യക്തികളുമായും പ്രധാനപ്പെട്ട സം ഭവങ്ങളുമായും ഇവക്ക് ബന്ധമുണ്ട്,. മഹാഭാരതത്തിൽ പരാമർശിക്കപ്പെട്ട മഹായുദ്ധവുമായി ബന്ധപ്പെട്ട കുരുക്ഷേത്രം, പ്രവാചകനായ ശ്രീകൃഷ്ണന്റെ[(അ)] ജന്മസ്ഥലമായ മഥുര തുടങ്ങിയ സ്ഥലങ്ങൾ പ്രസി ദ്ധമായ തീർത്ഥാടന സ്ഥലങ്ങളാ ണ്.[3] ചാർധാം എന്നറിയപ്പെടുന്ന ഹിമാലയ പർവ്വതത്തിലെ നാല് പു ണ്യക്ഷേത്രങ്ങളിലേക്കുള്ള തീർത്ഥ യാത്രയും പ്രസിദ്ധമാണ്. പുണ്യ സ്ഥലങ്ങൾ സന്ദർശിക്കാൻ തീർ ത്ഥാടകർ നടത്തുന്ന യാത്രകൾ ധ്യാനത്തിന്റെയും തപസ്സിന്റെയും ശുദ്ധീകരണ രൂപങ്ങളായിട്ടാണ് കാണപ്പെടുന്നത്.

**ബുദ്ധമതം:** പ്രവാചകനായ ബുദ്ധൻ[(അ)] ചരമമടഞ്ഞ സ്ഥലം ഒരു തീർത്ഥാടന കേന്ദ്രമാണ്. അത് പോ ലെ അദ്ദേഹത്തിന്ന് ആത്മീയമായ വികാസങ്ങളുണ്ടായ സ്ഥലങ്ങളും അദ്ദേഹത്തിന്റെ ജീവിതത്തിലെ സുപ്രധാന സംഭവങ്ങൾ നടന്ന സ്ഥലങ്ങളും ബുദ്ധമതക്കാരുടെ തീർത്ഥാടന കേന്ദ്രങ്ങളായി കണ ക്കാക്കപ്പെടുന്നു.[6] ബുദ്ധമതക്കാരുടെ തീർത്ഥാടന കേന്ദ്രങ്ങൾ പ്രധാന മായി നാല് സ്ഥലങ്ങളാണ്.

1. ലുമ്പിനിയിലെ തോട്ടവും അതി ന്നു സമീപസ്ഥമായ കപിലവസ്തു എന്ന പട്ടണവും. അവിടെയാണ് ബുദ്ധൻ ജനിച്ചതും പ്രവാചകനായി എഴുന്നേൽപ്പിക്കപ്പെട്ടതും.

2. ബോധഗയയിലുള്ള ബോധി വൃക്ഷം. അവിടെ വെച്ചാണ് ബുദ്ധ ന്ന് ദൈവിക പ്രകാശം ലഭിച്ചത്.

3. സരാനാഥിലുള്ള പീർ പാർക്ക്. അവിടെവെച്ചാണ് അദ്ദേഹം ആദ്യ മായി പ്രഭാഷണം നടത്തിയത്.

4. കുശിനഗിരി ഗ്രാമം, അവിടെ വെച്ചാണ് അദ്ദേഹം ചരമം പ്രാപി ച്ചത്.

പ്രവാചകനായ ബുദ്ധന്റെ[(അ)] ജീവിതത്തിൽ എന്തെങ്കിലും സംഭ വിച്ചത് ഏത് സ്ഥലത്ത് വെച്ചാണ് എന്നത്, എന്തു സംഭവിച്ചു എന്നത് പോലെ പ്രാധാന്യമർഹിക്കുന്നതാ ണ്. അതിനാൽ മേൽ പ്രസ്താവിച്ച നാലു സ്ഥലങ്ങളിൽ തീർത്ഥാടനം ചെയ്യണം എന്ന് ബുദ്ധൻ[(അ)] തന്നെ യാണ് ശക്തമായി പറഞ്ഞത്.

തീർത്ഥാടകർ ഈ സ്ഥലങ്ങൾ സന്ദർശിക്കുകയും ബുദ്ധന്റെ ജീ വിതത്തിലെ സംഭവങ്ങളും അനുഭ വങ്ങളും സ്മരിക്കുകയും ചെയ്യുന്നു.

**ജൂത മതം:** ജൂത മതത്തിൽ ഇസ്ര യേലിലെ പള്ളിയിൽ വർഷത്തിൽ മൂന്ന് തവണ തീർത്ഥാടനം നടത്തുക എന്നത് ഒരോ യഹൂദനും നിർദ്ദേ ശിക്കപ്പെട്ടതാണ്.[8] ഈ തീർത്ഥാട നോത്സവങ്ങൾ, പെസഹാ, ശാവൂ ത്ത്, സുക്കോത്ത് എന്നിവയാണ്. ഈജിപ്തിൽ നിന്ന് ജൂതന്മാരുടെ പുറപ്പാടിനെ അനുസ്മരിച്ചുകൊ ണ്ട് ഏഴു ദിവസം ആഘോഷിക്കു ന്നതാണ് പെസഹാ. ജൂത ജനത ആഘോഷിക്കുന്ന ഓർമ്മ പെരു ന്നാളാണ് പെസഹാ. ശാവൂത്ത് ഒരു ദിവസമാണ് ആഘോഷിക്ക പ്പെടുക. പർവ്വതത്തിൽ തൗറാത്ത് വെളിപാടായി ഇറക്കപ്പെട്ടതിനെ ഇത് അനുസ്മരിപ്പിക്കുന്നു. പൊ തു ആരാധനാ ഗ്രന്ഥങ്ങളിൽ ഇത് വിവരിക്കപ്പെട്ടിരിക്കുന്നത് തൗറാ ത്ത് നൽകപ്പെട്ട കാലം എന്നാണ്. നിരവധി ജൂതന്മാർ ശാവൂത്തിന്റെ

മുഴു രാത്രിയിലും തൗറാത്ത് പഠന ത്തിന്ന് വേണ്ടി ചെലവഴിക്കുന്നു.

സുക്കോത്ത്(ബൂത്തുകൾ) എട്ടു ദിവസം ആഘോഷിക്കപ്പെടുന്നു. ഇത് ദശകങ്ങളോളം ഈജിപ്തിൽ നിന്നുള്ള പുറപ്പാടിന്നു ശേഷം ജൂതന്മാർ ബൂത്തുകളിൽ അഥവാ ദുർബലമായ കുടാരങ്ങളിൽ താമ സിച്ചതിന്റെ അനുസ്മരണമായി ട്ടാണ് ആഘോഷിക്കപ്പെടുന്നത്. ശാവൂത്ത് തീർത്ഥാടനത്തിന്ന് പോ കുന്നവർ ബൂത്തുകളിൽ താമസി ക്കുന്നു. മതിലുള്ള ഈ നിർമിതി കൾ ഓല കൊണ്ട് മേഞ്ഞതാണ്.[9] ജെറുസലേമിലെ നശിപ്പിക്കപ്പെട്ട ദേവാലയത്തിന്റെ അവശിഷ്ടങ്ങൾ ജൂതന്മാർക്ക് പ്രസിദ്ധമായ ഒരു സ്ഥ ലമാണ്. നശിപ്പിക്കപ്പെട്ട പള്ളി കാ ണുമ്പോൾ ജൂത നിയമ പ്രകാരം ദുഃഖം പ്രകടിപ്പിക്കണം എന്നതി നാൽ, പശ്ചിമ മതിൽ രണ്ടാമത്തെ പള്ളിയുടെ അവശേഷിക്കുന്ന ഭാ ഗം മാത്രമാണ്. വിലാപ മതിൽ എന്ന പേരിൽ ഇത് പ്രസിദ്ധമാണ്.

**ക്രിസ്തു മതം:** ക്രിസ്ത്യാനി കളെ സംബന്ധിച്ചിടത്തോളം മദ്ധ്യ കാലഘട്ടത്തിലെ തീർത്ഥാടകരുടെ ആകർഷക കേന്ദ്രങ്ങൾ സ്പെയി നിലെ സാന്റിയാഗോ ഡി കോമ്പോ സ്റ്റില (Santiago de Compostela) യും റോമും ആയിരുന്നു.[11] ഒരു പ ക്ഷേ ആദ്യകാലത്ത് ഈ തീർ ത്ഥാടന കേന്ദ്രങ്ങളാണ് ഏറ്റവും പ്രശസ്തമായത്. കോൺസ്റ്റന്റ യിൻ ചക്രവർത്തിയുടെ മാതാവായ ഹെലൻ ജെറുസലേമിലേക്ക് യാത്ര ചെയ്യുകയും അവിടെ പ്രവാചക നായ യേശുവിന്റെ ചരിത്രവുമായി ബന്ധപ്പെട്ട പുണ്യസ്ഥലങ്ങൾ തി രിച്ചറിയുകയും ചെയ്യുകയുണ്ടായി. ചക്രവർത്തിനി ആ സ്ഥലങ്ങൾ അട യാളപ്പെടുത്തുകയും അവിടെ ചർ ച്ചുകളും മൃതകുടീരങ്ങളും നിർമി ക്കുകയും അവ തീർത്ഥാടന കേ ന്ദ്രങ്ങളായി തീരുകയും ചെയ്തു. പരിശുദ്ധ കല്ലറയുടെ ചർച്ച് (The Church of the Holy Sepulcher) യേശു കുരിശിലേറ്റപ്പെടുകയും മറയടക്കപ്പെടുകയും ഉയിർത്തെ ഴുന്നേൽക്കുകയും ചെയ്തു എന്ന് വിശ്വസിക്കപ്പെടുന്ന സ്ഥലത്തിന്റെ സമീപമുള്ളതാണ്. ഈ ചർച്ച് ദശ ലക്ഷക്കണക്കിന്ന് ക്രിസ്ത്യാനി കൾ സന്ദർശിക്കുന്ന തീർത്ഥാടന കേന്ദ്രമാണ്.[12] ക്രിസ്തു മതത്തിൽ ബൈബിൾ പ്രവാചകന്മാരുടെയും പുണ്യവാളന്മാരുടെയും മൃതകുടീര ങ്ങളും ചാപ്പലുകളും അറിയപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളാണ്.[13]

## തീർത്ഥാടനം ഇസ്ലാമിൽ

ആഗോള ഉദ്ഗ്രഥനത്തിന്റേയും ഏകത്വത്തിന്റേയും മതമായ ഇസ് ലാമിൽ വാർഷിക തീർത്ഥാടനത്തി ന്നായി ഒത്തുചേരുന്ന ഏക സ്ഥലം മക്കയാണ്. അതിന്റെ പേരാണ് ഹജ്ജ് എന്നത്. തീർത്ഥാടന കേ ന്ദ്രങ്ങൾ എല്ലാമതസ്ഥരിലും ഉണ്ടെ ങ്കിലും അവയുടെ തീർത്ഥാടനകേ ന്ദ്രങ്ങൾ വിവിധ രാജ്യങ്ങളിലായി ചിതറിക്കിടക്കുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ദൈവ ത്തിന്ന് വേണ്ടി മുസ്ലിംകൾ ഏക സ്ഥലത്ത് ഒത്തുചേരണമെന്ന് നിർ ദ്ദേശിക്കപ്പെട്ടിരിക്കുന്നു എന്നത് ലോകമതങ്ങളിൽ ഇസ്ലാമിന്ന് അതുല്യമായ പ്രത്യേകതയാണു ള്ളത്. ഹജ്ജ് തീർത്ഥാടനം സ്വയം അതിന്റെ ലക്ഷ്യവും ആചാരങ്ങളും ആത്മീയതയുടെ തത്വശാസ്ത്രപ രമായ തലങ്ങളിൽ മനുഷ്യ വർഗ്ഗ ത്തിന്റെ ഉദ്ഗ്രഥനത്തിന്ന് വേണ്ടി സ്ഥാപിക്കപ്പെട്ടതും ഹജ്ജിന്റെ നി ശ്ചിത ദിനങ്ങൾക്കപ്പുറം വ്യാപിച്ചു കിടക്കുന്നതുമാണ്.

## ഹജ്ജിന്റെ മൂന്ന് ലക്ഷ്യങ്ങൾ

ഹജ്ജ് എന്നാൽ പുരുഷനോ സ്ത്രീയോ ആയ ഒരു മുസ്ലിം തന്റെ കടമ നിർവ്വഹിക്കാൻ നടത്തു ന്ന വെറും ശാരീരിക യാത്രയല്ല. വാഗ്ദത്ത മസീഹും അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ സ്ഥാപക നുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്[(അ)] പ്രസ്താവിക്കുന്നത് ഇസ്ലാമിലെ ഓരോ ആചാരത്തി ന്നും ഒരു തത്വശാസ്ത്രവും അതി ന്ന് നിദാനമായ ഒരു ആത്മാവും ഉണ്ടെന്നാണ്. ഒരു ശരീരത്തെ പോ ലെ ആരാധനാ നിർവഹണത്തിന്ന് അന്തർലീനമായ ഒരു ആത്മാവും ഉണ്ട്. ആരാധനയുടെ ആത്മാവിനെ കുറിച്ച് ശ്രദ്ധിക്കാതെ ശരീരത്തെ മാത്രം സ്നേഹിക്കുന്ന ഒരാൾ ശവത്തെ ആരാധിക്കുന്നതുപോ ലെയാണ്.[14] വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഹജ്ജിന്റെ ഉദ്ദേശങ്ങൾ വിവരിച്ചു കൊണ്ട് അഹ്മദിയ്യാ മുസ്ലിം ജ മാഅത്തിന്റെ രണ്ടാം ഖലീഫയാ യിരുന്ന ഹദ്റത്ത് മിർസാ ബശീ റുദ്ദീൻ മഹ്മൂദ് അഹ്മദ്[(റ)] ഹജ്ജ് കൊണ്ട് ഉദ്ദേശിക്കപ്പെട്ട ലക്ഷ്യങ്ങ ളും പരിഷ്ക്കരണങ്ങളും പ്രഖ്യാ പിക്കുന്നത് ഇപ്രകാരമാണ്.

- ആത്മാവിനേയും ഞാനെന്ന ഭാവത്തേയും സമൂലമായി പരിഷ് ക്കരിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുക.
- സർവ്വശക്തനായ അല്ലാഹുവു മായി ആത്മാർത്ഥമായ ബന്ധം സ്ഥാപിക്കുക.
- മനുഷ്യ കുലവുമായി ആരോ ഗ്യകരമായ ബന്ധം സ്ഥാപിക്കുക.

യഥാർത്ഥത്തിൽ ഈ ലക്ഷ്യങ്ങ ളും പരിഷ്ക്കരണങ്ങളും എല്ലാ വിധ പാപങ്ങളും ഇല്ലാതാക്കാൻ വേണ്ടിയാണ്. അതായത് പാപം ഒന്നുകിൽ സ്വന്തം ആത്മാവുമായി ബന്ധപ്പെട്ടതായിരിക്കാം. അല്ലെങ്കിൽ ദൈവത്തിന്റെ സൃഷ്ടികളുമായി ബന്ധപ്പെട്ടതായിരിക്കാം.[15] അതി നാൽ ഒരു മുസ്ലിം തീർത്ഥാടകൻ ഹജ്ജിന്റെ ബാഹ്യമായ ചടങ്ങു കൾ പൂർത്തിയാക്കുകയും മേൽ പറഞ്ഞ ലക്ഷ്യങ്ങൾ നേടാതിരി



ഹാജിമാർ അറഫാ മലമുകളിലേക്ക് കയറുന്നു.

ക്കുകയും ചെയ്യുകയാണെങ്കിൽ ദീർഘവും ക്ഷീണമുണ്ടാക്കുന്നതും ചെലവേറിയതുമായ ഒരു യാത്ര ചെയ്യുന്നതിൽ വിജയിച്ചു എന്നല്ലാതെ യാതൊന്നും നേടുന്നില്ല.

## ആത്മീയ സംസ്കരണവും അല്ലാഹുവുമായുള്ള ബന്ധവും

ഹജ്ജിനിടയിൽ നിർവ്വഹിക്കപ്പെടുന്ന ചരിത്ര സംഭവ സ്മരണകൾ, ചടങ്ങുക, പ്രവർത്തികൾ എന്നിവയിലടങ്ങിയ യുക്തിയും തത്വജ്ഞാനവുമാണ് തീർത്ഥാടനത്തിന്റെ യഥാർത്ഥമായ കാതൽ. ഹജ്ജിനിടയിൽ സന്ദർശിക്കുന്ന ചരിത്ര പ്രധാനമായ സ്ഥലങ്ങൾ, പ്രധാന ചടങ്ങുകൾ അർത്ഥ ശൂന്യവുമാണെങ്കിൽ പിന്നെ ഹജ്ജ് അപ്രസക്തവും അർത്ഥ ശൂന്യമായ ഒരു യാത്രയായിരിക്കും. എന്നാൽ താഴെ കൊടുത്ത വിഷയ ക്രമം അനുസരിച്ച് ഹജ്ജിന്റെ വിവിധ വശങ്ങളിലടങ്ങിയ യുക്തികൾ ആത്മ ശുദ്ധി ത്വരിതപ്പെടുത്തുകയും തീർത്ഥാടകനും ദൈവവുമായി ആത്മാർത്ഥമായ ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നതായി കാണാം.

## മക്ക

ഒരു തീർത്ഥാടകൻ യാത്ര ചെയ്ത് ക്ഷീണിതനായി ഒടുവിൽ തന്റെ ദൃഷ്ടിയിൽ മക്കയിലെ മണൽകുന്നു വന്നു പെട്ടാൽ ദൈവത്തിന്ന് വേണ്ടി ത്യാഗമനുഷ്ടിക്കുന്നവനെ അവൻ സംരക്ഷിക്കുമെന്ന യാഥാർത്ഥ്യം മനസ്സിലാക്കുന്നു. പൂർണ്ണമായും ഭക്ഷണവും വെള്ളവും ലഭ്യമല്ലാത്ത തരിശായ ഈ മരുഭൂമിയിലായിരുന്നു സർവ്വശക്തനായ ദൈവം ഇസ്മായിൽ നബി[അ]യേയും മാതാവ് ഹാജറാ ബീവിയേയും രക്ഷിച്ചത് എന്ന യാഥാർത്ഥ്യം ആ തീർത്ഥാടകൻ സ്മരിക്കുന്നു. ചരിത്രപരമായ ഈ സത്യവും ആ ഭൂമിയാണ് ഞാൻ കാണുന്നതെന്ന സാക്ഷ്യവും കൂടിയാവുമ്പോൾ അതയാളുടെ ദൈവ സ്നേഹവും വിശ്വാസവും വർദ്ധിപ്പിക്കുന്നു.

## മിന

മിന എന്ന നാമം ഉംനിയ എന്ന പേരിൽ നിന്നും നിഷ്പന്നമായതാണ്. അതിന്റെ അർത്ഥം ആഗ്രഹം, ഉദ്ദേശം എന്നിങ്ങനെയാണ്. ഹജ്ജ് പൂർത്തിയാക്കുന്ന ഒരു തീർത്ഥടകന്റെ യഥാർത്ഥ ഉദ്ദേശവും ലക്ഷ്യവും അത് തന്റെ നാഥനുമായുള്ള കണ്ടുമുട്ടലാണ്. അതിനെ പ്രതിനിധാനം ചെയ്യുന്നതാണ് മിനായിലേക്കുള്ള പ്രതീകാത്മകമായ ഈ യാത്ര. ശയ്ത്വാനിൽ നിന്ന് പൂർണ്ണമായും മുക്തനായി അല്ലാഹുവിനെ കണ്ടുമുട്ടുക എന്നതാണ് ഈ യാത്രയുടെ അന്തരികമായ ഉദ്ദേശം.

## അറഫാത്ത്

ഈ അറബി പദത്തിന്റെ മൂലാർത്ഥം മനസ്സിലാക്കുക, തിരിച്ചറിയുക എന്നൊക്കെയാണ്. അറഫാത്ത് സന്ദർശിക്കുന്ന തീർത്ഥാടകൻ

ഇപ്പോൾ അല്ലാഹുവിനെ തിരിച്ചറിയുകയും അവനെ കണ്ടുമുട്ടുകയും ചെയ്തിരിക്കുന്നു.

## മുസ്ദലിഫ:

മുസ്ദലിഫ എന്നത് സാമീപ്യത്തെ കാണിക്കുന്നു. മുസ്ദലിഫ സന്ദർശിക്കുന്നത് അർത്ഥമാക്കുന്നത് ഏതൊരു ലക്ഷ്യത്തെയാണോ തീർത്ഥാടകൻ തേടുന്നത് അതിപ്പോൾവളരെ സമീപസ്ഥമാണെന്നാണ്.

## കഅബ

ആദം നബി(അ) മുതൽക്കുള്ള ആ പുരാതന ഗേഹം ആദ്യമായി കാണുമ്പോൾ തീർത്ഥാടകൻ വികാരഭരിതനാവുന്നു. ദൈവ സ്നേഹത്തിന്റെ പ്രകടനമായി ഈ ഗേഹം സന്ദർശിക്കുന്ന തലമുറകളായ ജനങ്ങളുടെ ശൃംഖലയുടെ ഭാഗമാണ് താനെന്നത് അവൻ മനസ്സിലാക്കുന്നു. കഅബയോടുള്ള ബഹുമാനം അത് ഇസ്‌ലാമിൽ ഏറ്റവും പുണ്യമായ പ്രതീകമാണെന്ന തിരിച്ചറിവ് തീർത്ഥാടകന്റെ മനസ്സിൽ ദൈവത്തോട് മാത്രമുള്ള സ്നേഹം നിറക്കുന്നു.

## ഹജറുൽ അസ്‌വദിനെ ചുംബിക്കൽ

ദൈവത്തിന്റെ അസ്തിത്വത്തിന്റെ പ്രതീകമാണ് രൂപരഹിതമായ ഈ ശില. മനുഷ്യനാണ് ബിംബം രൂപപ്പെടുത്തി കൊത്തി യുണ്ടാക്കുന്നത്. ദൈവം ഒന്നേയുള്ളൂ. അവൻ ഏകനാണ് എന്ന ബോധത്തിൽ നിന്ന് മാറ്റപ്പെടാൻ തീർത്ഥാടകൻ ആഗ്രഹിക്കുന്നില്ല എന്നതിന്റെ പ്രകടനമാണ് ശിലാ ചുംബനം.

## ഇഹ്റാം

പുരുഷ തീർത്ഥാടകർ ധരിക്കുന്നത് തുന്നലില്ലാത്ത രണ്ട് കച്ചകൾ ആണ്. മരണത്തെ കുറിച്ച് ആ ലളിത വസ്തധാരണം ഓർമ്മിപ്പിക്കുന്നു. മുസ്‌ലിംകൾ മൃതദേ



ഹത്തെ ധരിപ്പിക്കുന്ന അതേമാതിരി കച്ചകൾ പ്രതീകാത്മകമാണ്. ദശലക്ഷക്കണക്കിന് തീർത്ഥാടകർ മിനായിലും അറഫായിലും ഇഹ്റാം കെട്ടി ഒരുമിച്ചു കൂടുമ്പോൾ അത്തരമൊരു രംഗം സൃഷ്ടിക്കുന്ന കണക്കെടുപ്പ് ദിവസത്തെ ഓർമ്മിപ്പിക്കാനാണ്. തീർത്ഥാടകർക്ക് അപ്പോൾ തങ്ങളുടെ കബറിടങ്ങളിൽ നിന്ന് എഴുന്നേൽപ്പിക്കപ്പെട്ട് ദൈവ സമക്ഷം ഹാജരാക്കപ്പെടുമെന്ന തോന്നലുണ്ടാകുന്നതാണ്.

## ത്വവാഫ് (പ്രദക്ഷിണം)

ഒരു തീർത്ഥാടകൻ അയിരക്കണക്കായ മറ്റുള്ളവരോടൊപ്പം ത്വവാഫ് ചെയ്യുമ്പോൾ അവർ ഈ ലോകത്ത് നിന്നും മുറിക്കപ്പെട്ടവനായി തോന്നുകയും യഥാർത്ഥത്തിൽ ദൈവസാന്നിദ്ധ്യത്തിലാണ് ഉള്ളതെന്നും വിചാരിക്കുകയാൽ സ്വയം വിനയം കൈകൊള്ളുകയും അവന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുകയും ചെയ്യുന്നു. യഥാർത്ഥവും അഗാധവുമായ ദൈവസ്നേഹത്തിന്റെ പ്രകടനമാണ് ത്വവാഫ്. ത്വവാഫിന്റെ തത്വജ്ഞാനത്തെക്കുറിച്ച് വാഗ്ദത്ത മസീഹ്(അ) പ്രസ്താവിക്കുന്നു. അത് ദൈവസ്നേഹികളുടെ ഒരു അടയാളമാണ്. അതായത് തങ്ങൾക്ക് തങ്ങളുടെതായ ഒരു ഇച്ഛയുമില്ലെന്നും തങ്ങളുടെ ജീവിതം അവന്റെ മുമ്പിൽ അർപ്പിച്ചിരിക്കുകയാണെന്നും അവൻ

പ്രഖ്യാപിക്കുന്നു.[16]

## സഈയി
### (സഫാ മർവാ കുന്നുകൾക്ക് ഇടയിലുള്ള ഓട്ടം)

സഫാ മർവാ കുന്നുകൾക്കിടയിൽ ഓടുമ്പോൾ ഒരു തീർത്ഥാടകൻ ആ സ്ഥലത്ത് വെച്ച് ഹാജറ ബീവി ഉത്ക്കണ്ഠാകുലയായി ഓടിയത് അനുസ്മരിക്കുന്നു. എല്ലാം ഉപേക്ഷിച്ച് മരുഭൂമിയിൽ താമസമാക്കിയ ആ ത്യാഗം അനുസ്മരിച്ച് കൊണ്ട് താനും ആ ത്യാഗത്തിന്ന് തയ്യറാകണമെന്ന് തീർത്ഥാകൻ മനസ്സിലാക്കുന്നു. ഹാജറായുടെയും ഇസ്മായിലിൻ്റേയും ത്യാഗം അല്ലാഹു എപ്രകാരം വ്യഥാവിലാക്കിയില്ലയോ അപ്രകാരം തൻ്റെയും ത്യാഗം ഒരിക്കലും വ്യഥാവിലാവില്ല.

## റംയൽ ജമർ

ശയ്ത്വാൻ്റെ പ്രതീകമായ മൂന്ന് തൂണിന്മേൽ കല്ലെറിയുന്നത് അർത്ഥമാക്കുന്നത് ശയ്ത്വാൻ്റെ ആക്രമണത്തിൽ നിന്നുള്ള പൂർണ്ണ നിരാകരണമാണ്. മിനായിൽ മൂന്ന് തൂണുകൾ ഉയർത്തപ്പെട്ടിരിക്കുന്നത് ഇബ്രാഹിം നബി(അ) മൂന്ന് സ്ഥലങ്ങളിൽ ശയ്ത്വാൻ്റെ മൂന്ന് ആക്രമണങ്ങൾ പൂർണ്ണമായും നിരാകരിച്ച സ്ഥലമാണ്. ഈ മൂന്നു തൂണുകൾ മനുഷ്യ ജീവിതത്തിലെ മൂന്ന് ഘട്ടങ്ങളാണ്. അതായത് ഐഹിക ജീവിതം. ബർസഖി സ്ഥലം, ശ്വാശ്വത മരണാനന്തര ജീവിതം. ഓരോ തൂണിലും കല്ലെറിയുന്നത് പ്രതീകാത്മകമായിട്ടാണ്, തീർത്ഥാടകർ ഐഹിക ജീവിതത്തിൽ നിന്നും ശയ്ത്വാനിൽ നിന്നും വിദൂരപ്പെട്ട് ബർസഖിയായ അവസ്ഥയിലും അവസാനം പരലോക ജീവിതത്തിലും പ്രവേശിക്കുന്നത് ശയ്ത്വാനിൽ നിന്നും പരിപൂർണ്ണ മോചനം നേടിക്കൊണ്ടായിരിക്കണം.

## സബീഹാ
### (മൃഗബലി)

എപ്പോഴെങ്കിലും ആവശ്യമായാൽ തീർത്ഥാടകർ ദൈവ മാർഗ്ഗത്തിൽ ജീവൻ വെടിയാൻ തയ്യാറായിരിക്കണം എന്നതാണ് മൃഗബലി നടത്തുന്നത് കൊണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

## മഖാമെ ഇബ്റാഹിം
### (ഇബ്രാഹിമിൻ്റെ സ്ഥാനം)

ഇബ്രാഹിമിൻ്റെ സ്ഥാനത്ത് വെച്ചുള്ള അഥവാ സ്ഥലത്ത് വെച്ചുള്ള നമസ്ക്കാരം ഇബ്രാഹിം നബി(അ)യുടെ ആത്മീയ സഹനത്തെക്കുറിച്ച് സൂചിപ്പിക്കാനുള്ള പ്രതീകമാണ്. അതാണ് ഓരോ മുസ്‌ലിമിൻ്റയും ലക്ഷ്യം എല്ലാ തടസ്സങ്ങളെയും നീക്കികൊണ്ട് ഐഹികമായ എല്ലാ ബന്ധങ്ങളെയും വിച്ഛേദിച്ചു കൊണ്ട് തങ്ങളുടെ ആഗ്രഹങ്ങൾ അല്ലാഹുവിന്ന് വേണ്ടി ഉപേക്ഷിച്ചുകൊണ്ട് ദൈവത്തെ പ്രാപിക്കാനുള്ള സ്ഥാനം അവർ പ്രാപിക്കുന്നു. അങ്ങനെ ആരാധന അതിൻ്റെ സമഗ്രമായ രീതിയിലും എത്തുന്നു.[18] തിരഞ്ഞെടുക്കപ്പെട്ട ചില ചരിത്ര സ്മാരകങ്ങൾക്ക് പിന്നിലുള്ള ശക്തി മനസ്സിലാക്കുമ്പോൾ തീർത്ഥാടകന് ഹജ്ജിലെ ഓരോ ചടങ്ങിൻ്റെയും ഉന്നതമായ ഒരു ആത്മീയ അവസ്ഥ പ്രാപിക്കാൻ സാധിക്കുന്നു. അല്ലാത്ത പക്ഷം അത് നഷ്ടമാവുന്നു. അതുകൊണ്ട് അർത്ഥ പൂർണ്ണമായ ഹജ്ജ് നിർവഹിക്കപ്പെടുമ്പോൾ പരമോന്നതമായ ഒരു ലക്ഷ്യത്തിന്ന് വേണ്ടി പ്രയത്നിക്കുമ്പോൾ ഇസ്‌ലാമിലെ ഒരു തീർത്ഥാടകന്ന് ഞാനെന്ന ഭാവം ഇല്ലാതാവുകയും തൻ്റെ സ്രഷ്ടാവുമായി എന്നെന്നും നിലനിൽക്കുന്ന ഒരു ബന്ധം ഉണ്ടാവുകയും ചെയ്യുന്നു.

## മനുഷ്യകുലവുമായുള്ള ആരോഗ്യകരമായ ബന്ധം സ്ഥാപിക്കൽ

മനുഷ്യൻ സ്വയം സംസ്ക്കരിക്കേണ്ടതിൻ്റെ ആവശ്യകതയും ദൈവത്തോട് അർഹമായ കടമകൾ നിറവേറ്റുന്നതിനെക്കുറിച്ചും ഊന്നി പറയുന്നത് പോലെത്തന്നെ സഹ ജീവികളോടുള്ള കടമകളുടെ പ്രാധാന്യത്തെ പറ്റി പൊതുവിൽ മനുഷ്യകുലത്തോട് പുലർത്തേണ്ട ആരോഗ്യകരമായ ബന്ധം ഉണ്ടാകേണ്ടതിൻ്റെ ആവശ്യകതയും എടുത്തു കാട്ടുന്നു. ലോകത്തിൻ്റെ ഏതു ഭാഗത്തുള്ള മുസ്‌ലിംകളും ഒന്നായി ചേരാനും സ്നേഹത്തിൻ്റെയും സാഹോദര്യത്തിൻ്റേയും ബന്ധം ഊട്ടിയുറപ്പിക്കാനും വെറുപ്പിൻ്റേയും ശത്രുതയുടേയും വികാരങ്ങൾ കൈവെടിയാനുമുള്ള അവസരം ഹജ്ജ് മുഖേനയുണ്ടാകുന്നു. മീനാ താഴ്‌വരയിൽ മൂന്ന് ദിവസം കഴിച്ചു കൂട്ടുന്നതിന്നുള്ള യുക്തി വെറും ദൈവസ്മരണ മാത്രമല്ല. മുസ്‌ലിം പണ്ഡിതന്മാരും നേതാക്കന്മാരും മുസ്‌ലിം രാഷ്ട്രങ്ങൾക്കിടയിലും സമാധാന സംസ്ഥാപനത്തിന്നായി ഒരുമിച്ചുകൂടണം.[19]

അങ്ങനെയുള്ള അവസരത്തിൽ ഇസ്‌ലാമുമായി ദൗർഭാഗ്യവശാൽ ചേർത്തുപറയുന്ന ഏറ്റവും മോശപ്പെട്ട കാര്യങ്ങൾ അവരിൽ നിന്നും വിപാടനം ചെയ്യാൻ പരസ്പരം ചർച്ച നടത്തുകയും തന്ത്രങ്ങൾ മിനഞ്ഞെടുക്കുകയും അതുവഴി ഇസ്‌ലാമിനെ പരത്താനും ഉയർത്താനും ശ്രമിക്കണം.[20] പ്രത്യേകമായി ഉണർത്താനുള്ള മറ്റൊരു കാര്യം ഹജ്ജുമായി ബന്ധപ്പെട്ട സമാധാന സംസ്ഥാപനത്തിൻ്റെ സാധ്യത മുസ്‌ലിംകൾക്ക് മാത്രമല്ല വർഗ്ഗഭേദമന്യേ എല്ലാ രാഷ്ട്രങ്ങളിലേക്കും വ്യാപിപ്പിക്കണം. ശ്രദ്ധേയമായ കാര്യം വിശുദ്ധ ഖുർആൻ്റെ അദ്ധ്യാപനമനുസരിച്ച് കഅബ നിർമ്മാണത്തിൻ്റെ ലക്ഷ്യങ്ങളിലൊന്ന് ലോകത്തെ ഏകീകരിക്കലും സമാധാനം സ്ഥാപിക്കലുമാണ്.[21]

ഹദ്റത്ത് മിർസാ നാസിർ അഹ്മദ്(റഹ്) അഹ്മദിയ്യാ ജമാഅത്തിൻ്റെ മൂന്നാം ഖലീഫ വിശുദ്ധ ഖുർആൻ സൂറ: ബക്കറയിലെ 126-ാം വചനത്തെ വ്യാഖ്യാനിച്ചു കൊണ്ട് പറഞ്ഞത്

ലോകത്തിലെ ഒരു സംഘടനക്കും അതെത്ര തന്നെ പരിശ്രമിച്ചാലും അല്ലാഹുവിന്റെ ഈ ഭവനത്തിൽ നിന്ന് പ്രവാചകൻ(സ) അവതരിപ്പിച്ച അദ്ധ്യാപനങ്ങൾ പിന്തുടരാതെ ലോകത്ത് സമാധാനം സ്ഥാപിക്കാൻ സാദ്ധ്യമല്ല എന്നാണ്.[22]

ലോക സമാധാന സ്ഥാപനത്തിന്നായി വിശുദ്ധ ഖുർആൻ മുന്നോട്ട് വെക്കുന്ന അടിസ്ഥാനപരമായ അഞ്ച് തത്വങ്ങൾ അന്തർ ദേശീയ സംഘടനകൾ പിന്തുടർന്നാലല്ലാതെ അവർക്ക് വിജയം കൈവരിക്കാൻ സാദ്ധ്യമല്ല എന്നാണ്.

- ഒരു രാഷ്ട്രത്തിന്നും മറ്റൊരു രാഷ്ട്രത്തിന്ന് മേൽ മുൻഗണന നൽകരുത്.
- തർക്കങ്ങൾ അതാരംഭിക്കുന്ന നിമിഷം തന്നെ പരിഹരിക്കണം.
- അന്തർ ദേശീയ സന്ധികൾക്ക് കോട്ടം വരുത്തുന്ന പ്രാദേശികമായ മുൻവിധികൾ ഒഴിവാക്കണം.
- തർക്കങ്ങൾ ഉയർന്നു വരുമ്പോൾ വെറും പക്ഷപാതത്തിന്റെ പേരിൽ രാഷ്ട്രങ്ങൾക്ക് ശിക്ഷ നിർദ്ദേശിക്കരുത്. അതിന്ന് പരിഹാരം കണ്ടെത്തണം.
- ആഗോള സമാധാനം കൈവരുത്താൻ ഒരോ രാഷ്ട്രവും ത്യാഗം വരിക്കണം. ഇസ്‌ലാമിന്റെ കേന്ദ്ര സ്ഥാനവും ഏറ്റവും പുണ്യം നിറഞ്ഞതുമായ കഅബയുടെ ഈ ലക്ഷ്യവും തീർത്ഥാടനവും ഹജ്ജിന്റെ ദിനങ്ങൾക്കപ്പുറമാണ്. ലോക സമാധാനം ഉണ്ടാക്കുക മാത്രമല്ല അത് ലക്ഷ്യം വെക്കുന്നത് അതിനെ അന്ത്യനാൾ വരെ നിലനിർത്താനും അതുപകരിക്കുന്നു.

## ഉപസംഹാരം

വിശുദ്ധമായ ചരിത്ര സ്മാരകങ്ങളിലേക്കുള്ള തീർത്ഥാടനം ഓരോ ലോക മതത്തിന്റേയും ഭാഗമാണ്. ഇസ്‌ലാമിൽ മക്കയിലേക്കുള്ള വാർഷിക തീർത്ഥാടനം ദൈവവുമായി എന്നെന്നും നിലനിൽക്കുന്ന ബന്ധം നിലനിർത്താൻ മുസ്‌ലിംകൾക്ക് അവസരം നൽകുന്നു. അവനോടും അവന്റെ സൃഷ്ടികളോടും സമാധാനത്തിൽ കഴിയാനും അവസരം നൽകുന്നു. ഓരോ വശത്തിലുമടങ്ങിയ തത്വശാസ്ത്രവും യുക്തിയും എത്രത്തോളം അഗാധവും തീർത്ഥാടനത്തിന്റെ അവസരം സ്വയം തന്നെ എത്രത്തോളം വിപുലവുമാണെന്ന് വെച്ചാൽ അത് ഹജ്ജിന്ന് അതുല്യമായ മുഖഛായയും ഗുണങ്ങളും നൽകുന്നു. അവ മറ്റുള്ള മതങ്ങളുടെ തീർത്ഥാടനങ്ങളിൽ കണ്ടെത്തുകയില്ല. മക്കയിലേക്കുള്ള തീർത്ഥാടനം പൂർത്തിയാക്കൽ സർവ്വ ശക്തനായ ദൈവത്താൽ സ്വീകരിക്കപ്പെട്ട ഒന്നാണ്. ഓരോ മുസ്‌ലിമിന്റേയും ഹൃദയംഗമമായ അഭിലാഷമാണ്. എന്നാൽ സത്യമിതാണ്, അല്ലാഹുവിന്റെ ആകാശത്തുള്ള ഭവനത്തിലേക്കുള്ള ഹജ്ജ് ഒരു വ്യക്തി നിർവ്വഹിക്കുന്നില്ലെങ്കിൽ അയാളുടെ ഭൂമിയിലെ ഹജ്ജ് സ്വീകരിക്കപ്പെടുന്നതല്ല. അതായത് ഹജ്ജിന്റെ യഥാർത്ഥ ലക്ഷ്യമായ ആത്മ സംസ്കരണം ഒരാൾ നേടുന്നില്ലെങ്കിൽ ഹജ്ജ് നിരർത്ഥകമാണ്. ഹജ്ജിന്റെ യഥാർത്ഥമായ തത്വജ്ഞാനം മനസ്സിലാക്കാനും അതുൾകൊള്ളാനും സർവ്വശക്തനായ അല്ലാഹു മുസ്‌ലിംകളെ പ്രാപ്തരാക്കട്ടെ (ആമീൻ)

**Endnotes**


1. Wendy Doniger, "Pilgrimage", Britannica Encyclopedia of World Religions (Chicago, IL: Encyclopaedia Britannica, 2006), 857.
2. W.J. Johnson, Oxford Dictionary of Hinduism (Oxford: Oxford UP, 2009), 236.
3. John Bowker, "Hinduism", World Religions: The Great Faiths Explored & Explained (New York, N.Y: DK, 1997), 34.
4. Stewart Murray et al., "Pilgrimages", Atlas of World Religions: A Visual History of Our Great Faiths (Long Island City, NY: Hammond World Atlas, 2009), 379
5. W. J. Johnson, Oxford Dictionary of Hinduism (Oxford: Oxford UP, 2009), 236.
6. Wendy Doniger, "Pilgrimage", Britannica Encyclopedia of World Religions (Chicago, IL: Encyclopaedia Britannica, 2006), 857.
7. John S. Strong, "Life Story and Pilgrimage", The Buddha: A Short Biography (Oxford: Oneworld, 2001), 7-8.
8. Exodus 23:17
9. Matt Stefon, "Pilgrim Festivals", Judaism: History, Belief, and Practice (New York: Britannica Educational Pub. in Association with Rosen Educational Services, 2012) 172-77.
10. Stewart Murray et al., "Pilgrimages", Atlas of World Religions: A Visual History of Our Great Faiths (Long Island City, NY: Hammond World Atlas, 2009), 379.
11. Wendy Doniger, "Jerusalem, Temple of", Britannica Encyclopedia of World Religions (Chicago, IL: Encyclopaedia Britannica, 2006), 857.
12. Stewart Murray et al., "Pilgrimages", Atlas of World Religions: A Visual History of Our Great Faiths (Long Island City, NY: Hammond World Atlas, 2009), 210.
13. Wendy Doniger, "Pilgrimage", Britannica Encyclopedia of World Religions (Chicago, IL: Encyclopaedia Britannica, 2006), 857.
14. Hazrat Hafiz Mirza Nasir Ahmad[ra], Twenty-three Great Objectives of Building the House of Allah (Tilford: Islam International Publications, 2012), 92.
15. Holy Qur'an, Surah Al-Baqarah, Verse 198.
16. Hazrat Mirza Ghulam Ahmad[ra], Mir'atul Haqa'iq, Collection of Fatawa Ahmadiyya, Comp. Muhammad Fadl Changawi, Vol. 3.
17. Holy Qur'an, Surah Al-Baqarah, Verse 204.
18. Hazrat Hafiz Mirza Nasir Ahmad[ra,] Twenty-three Great Objectives of Building the House of Allah (Tilford: Islam International Publications, 2012), 15.
19. Holy Qur'an, Surah Al-Baqarah, Verse 204.
20. Holy Qur'an, Surah Al-Baqarah, Verse 199.
21. Holy Qur'an, Surah Al-Baqarah, Verse 126.
22. Hazrat Hafiz Mirza Nasir Ahmadra, Twenty-three Great Objectives of Building the House of Allah (Tilford: Islam International Publications, 2012), 24-25.



# ആസൂത്രിത ശിശുഹത്യ നടത്തുന്ന ഇസ്റയേലും നയം മാറ്റത്തിനൊരുങ്ങുന്ന യൂറോപ്യൻ യൂണിയനും

യഹൂദ രാഷ്ട്രത്തിന്റെ അതി ഭയാനകമായ ക്രൂരത കണ്ട് ലോകം ഭയന്ന് സ്തംഭിച്ചു നിൽക്കുകയാണ്. ഏറ്റവും സ്തോഭജനമായുള്ളത് 2023 ഒക്ടോബറിൽ ഗസ്സാ ആക്രമണം തുടങ്ങിയതിന് ശേഷം 17,000 ലധികം ശിശുക്കളെ അവർ കൊന്നൊടുക്കിയതാണ്. 2025 മാർച്ചിൽ ഇസ്റയേൽ യുദ്ധം വീണ്ടും ശക്തമാക്കിയപ്പോൾ ഓരോ ദിവസവും 100 വീതം കുഞ്ഞുങ്ങളെ കൊല്ലുകയോ പരിക്കേൽപ്പിക്കുകയോ ചെയ്തു കൊണ്ടിരിക്കുകയാണ്. ഇത് പറഞ്ഞത് മറ്റാരുമല്ല. ഐക്യരാഷ്ട്ര സഭാ അധികൃതരാണ്. 'കുട്ടികളെ കൊല്ലുന്നതിതിൽ യാതൊരു ന്യായീകരണവുമില്ല' എന്ന പേരിൽ ഫലസ്തീൻ അഭയാർത്ഥികൾക്കായുള്ള യുഎൻ ഏജൻസി UNRWA (United Nations Relief and Works Agency) യുടെ മേധാവി ഫിലിപ്പ് ലാസാരിനി എക്സ്-ൽ പോസ്റ്റ് ചെയ്ത കുറിപ്പിലാണ് ഈ ഭയാനക സത്യം ലോകത്തോട് വിളിച്ചു പഞ്ഞത്. ഞെട്ടിപ്പിക്കുന്ന രീതിയിൽ അനാഥകളായ കുഞ്ഞുങ്ങൾ ഗസ്സയിൽ വർദ്ധിച്ചു വരികയാണ്. ബാക്കി കുട്ടികൾക്ക് ഭക്ഷണം തടഞ്ഞ് പട്ടിണിക്കിട്ട് ഇസ്റയേൽ കൊല്ലാക്കൊല ചെയ്യുകയാണ്. മാധ്യമ പ്രചരണങ്ങളിൽ നിറഞ്ഞ് നിൽക്കുന്നത് പോലെ ഹമാസ് പോരാളികളെയോ തീവ്രവാദികളെയോ അല്ല ഇസ്റയേൽ കൊല്ലുന്നത്. അവർ കൊന്ന് തീർത്ത് ഇല്ലാതാക്കുന്നത് കുട്ടികളെയും സ്ത്രീകളെയുമാണ്. 2023 ഒക്ടോബർ മുതൽ ഇതുവരെ ഇസ്റയേൽ കൊന്നൊടുക്കിയ ഫസ്തീനികൾ ഏകദേശം 62,000 പേരാണ്. അതിൽ 18000 പേർ 12 വയസ്സിനു താഴെയുള്ള കുട്ടികളാണ് എന്നറിയുമ്പോഴാണ് ഇസ്റയേലീ ഭീകരതയുടെ ആസൂത്രണം നാം അറിയുന്നത്. അതിൽ പ്രസവിച്ച ഉടനെയുള്ള നവജാതശിശുക്കളും ഉൾപ്പെടും. അതികഠിനമായ പോഷക കുറവ് അനുഭവിക്കുന്ന 70,000 കുട്ടികൾ ഇപ്പോൾ മരണമുഖത്താണ്. വംശീയ ഉന്മൂലനവും അവരുടെ ഭൂമി പിടിച്ചടക്കലുമാണമാണ് ഈ കൂട്ടക്കൊലകളുടെ ലക്ഷ്യം എന്ന് വ്യക്തമാണ്.

2024 നവംബറിൽ ലോക ക്രിമിനൽ കോടതി ഇസ്റയേൽ പ്രധാന മന്ത്രി നെതന്യാഹുവിനെതിരെ

അവരുടെ പ്രതിരോധ മന്ത്രിക്കെതിരെ വംശഹത്യക്ക് അറസ്റ്റ് വാറന്റ് പുറപ്പെടുവിച്ചിട്ടും നരമേധങ്ങൾ നിർബാധം തുടരുകയാണ്. ലോകത്തിന്റെ നീതി സംവിധാനങ്ങൾക്ക് അവർ കൽപ്പിക്കുന്ന വില ഊഹിക്കാമല്ലോ. ഏറ്റവും സങ്കടകരമായിട്ടുള്ളത് പിശാചുക്കൾ പോലും ഭയന്നു പോകുന്ന വിധം ഗസ്സയിൽ നിർബാധം നടക്കുന്ന ശിശുഹത്യകൾ പരിഷ്കൃതമെന്ന് പറയുന്ന ഈ ലോകം നിസ്സംഗരായി നോക്കി നിൽക്കുന്നതാണ് കാഴ്ച. ഈ കൂട്ടക്കൊലകളിൽ കൂട്ടു പ്രതിയായ അമേരിക്കൻ പ്രസിഡന്റ് ഡോണാൾഡ് ട്രംപിനെ മുസ്ലിം രാജ്യങ്ങളുടെ നേതൃസ്ഥാനത്തുള്ള സഊദി അറേബ്യയും ഖത്തറും ആദരിക്കുകയും ലോകത്ത് മറ്റാരും നൽകാത്ത വിധം വിലകൂടിയ സമ്മാനങ്ങൾ നൽകി അയാളെ സന്തോഷിപ്പിക്കുകയും ചെയ്യുന്നു.

ശിശുക്കളെ ബോധപൂർവ്വം കൊന്നൊടുക്കുന്ന കിരാതന്മാരായ രക്തരക്ഷസുകളെ നമുക്ക് ചരിത്രത്തിലും മതഗ്രന്ഥങ്ങളിലും ഇതിഹാസങ്ങളിലും മിത്തുകളിലും കാണാം. യഹൂദ ജനതയുടെ തന്നെ ന്യായപ്രമാണ ദാതാവായ മോസസിന്റെ ജനന കാലത്തെ ഫറോവാ, ആഹാബിന്റെയും ഇസേബലിന്റെയും പുത്രിയും, ഇസ്റയേൽ രാജാവ് ഒമ്രിയുടെ പൗത്രിയുമായിരുന്ന അഥല്യ, യേശുവിന്റെ ജനന കാലത്തെ ഹെരോദ് രാജാവ് മുതലായവർ അവരുടെ അധികാരം നിലനിർത്താനുള്ള ആകുലതയിലും ആശങ്കയിലും ശിശുഹന്താക്കളായി മാറിയ ബൈബിൾ കഥാപാത്രങ്ങളാണ്. പക്ഷേ ദൈവം അവരെയെല്ലാം ചരിത്രത്തിനു മുന്നിൽ ഹീന കഥാപാത്രങ്ങളാക്കി മാറ്റി. അവശേഷിച്ചതും നിലനിന്നതും സത്യത്തിന്റെയും നീതിയുടെയും പ്രകാശമായിരുന്നു.

ഇസ്റയേലിന്റെ പാശ്ചാത്യ സുഹൃദ് രാജ്യങ്ങളും എന്തിനധികം അമേരിക്കയിൽ നിന്നു പോലും ഇസ്റയേലിന്റെ ക്രൂരതക്കും അധിനിവേശത്തിനുമെതിരെ വിയോജിപ്പുകളും വിമർശനങ്ങളുമുണ്ടാവുന്നു. ട്രംപ് സൗദി അറേബ്യ, ഖത്തർ, യു എ ഇ, എന്നീ രാജ്യങ്ങൾ സന്ദർശിച്ചപ്പോൾ ഇസ്റയേൽ സന്ദർശിക്കാത്തത് ഇതിന്നുള്ള തെളിവായി ചില മാധ്യമങ്ങൾ ചൂണ്ടികാട്ടുന്നുണ്ട്. മാത്രമല്ല അമേരിക്ക ഇസ്റയേലിന്റെ വിരോധികളായ ഇറാൻ, ഹൂദികൾ, യമൻ എന്നിവരുമായി ചർച്ചകളും നടത്തുകയുണ്ടായി. അവസാനമായി അമേരിക്കൻ വൈസ് പ്രസിഡന്റ് ജെ ഡി വാൻസ് ഇസ്റയേലി സന്ദർശനം റദ്ദാക്കുകയും ചെയ്തിരിക്കയാണ്. എങ്കിലും ട്രംപിനെ പോലെ ഒരു സുഹൃത്ത് ഇസ്റയേലിന്റെ ചരിത്രത്തിലുണ്ടായിട്ടില്ല എന്നാണ് ഇസ്റയേലീ മാധ്യമങ്ങൾ പറയുന്നത്. ഏതാനും ദിവസങ്ങൾക്ക് മുമ്പ് അമേരിക്കൻ പ്രസിഡന്റിന്റെ പ്രത്യേക ദൂതൻ സ്റ്റീവ് വിറ്റ്കോഫ് ഗസ്സയിലെ ഹ്യൂമാനിറ്റേറിയൻ പ്രതിസന്ധി പരിഹരിക്കുന്നതിൽ ട്രംപിനും നെതന്യാഹുവിനും പ്രകടമായ അഭിപ്രായ ഭിന്നതയില്ല എന്ന് പറയുകയുണ്ടായി.

ഫലസ്തീനികളെ മുഴുവൻ അവിടെ നിന്നും ഉന്മൂലനം ചെയ്ത് ഗസ്സ പൂർണ്ണമായും ഇസ്റയേലിന്റെ കീഴിൽ കൊണ്ടു വന്ന് അവിടെ റിയൽ എസ്റ്റേറ്റ് സാധ്യതകളിൽ കണ്ണ് വെച്ചിരിക്കുന്ന ട്രംപും നെതന്യാഹുവും തമ്മിൽ അഭിപ്രായ വ്യത്യാസമില്ല എന്നാണോ ഇപ്പറഞ്ഞത്. അതിന്റെ അവസാന രംഗത്തിന്റെ അരങ്ങേറ്റമാണോ ഗസ്സയിൽ ഇപ്പോൾ നടക്കുന്നത്. ഈ സന്ദർഭത്തിൽ ട്രംപിന് നെതന്യാഹുവുമായി അൽപ്പം വിയോജിപ്പ് അഭിനയിക്കുന്നത് എന്തു കൊണ്ടും ലാഭകരമാണ്. ലോകാഭിപ്രായം ഇപ്പോൾ പൂർണ്ണമായും ഇസ്റയേലിന് എതിരാണല്ലോ. ഏതായാലും ട്രംപും ഇസ്റായേലുമായുള്ള ബന്ധത്തിലെ നിഗൂഢ നാടകീയത ഒരു കപടതയായിരിക്കാനാണ് സാധ്യത.

2023 ഒക്ടോബർ 7 ന് ഹമാസിന്റെ ആക്രമണത്തെ അപലപിക്കുകയും ഇസ്റയേലിനെ പിന്തുണക്കുകയും ചെയ്ത യൂറോപ്യൻ യൂണിയനിൽ നിന്നും ഇസ്റയേലിനെതിരെ വിയോജിപ്പിന്റെ സ്വരങ്ങൾ ഉയരുകയാണ്. ഗസ്സയിൽ കിരാതമായ അക്രമം നടത്തുന്നതോടൊപ്പം അവരുടെ ഭൂമിയും പിടിച്ചെടുക്കാനുള്ള ശ്രമം അമേരിക്കയിൽ പരക്കെ വിമർശനം ഉയർത്തിയിരിക്കുന്നു. യു എസ് തലസ്ഥാനമായ വാഷിംഗ്ടണിൽ 2025 മെയ് 21 ന് ഇസ്റയേൽ എംബസ്സിയിലെ രണ്ട് യഹൂദരായ ഉദ്യോഗസ്ഥരെ വെടിവെച്ച് കൊന്ന സംഭവത്തിൽ അറസ്റ്റ് ചെയ്ത ഏലിയാസ് റോഡ്രിഗ്വസ് എന്ന യുവാവ് പറഞ്ഞത് താൻ അത് ഫലസ്തീനു വേണ്ടിയും ഗസ്സക്ക് വേണ്ടിയും ചെയ്തു എന്നാണ്. അദ്ദേഹത്തിന് ഹമാസുമായി യാതൊരു ബന്ധവും ഇല്ല. അദ്ദേഹം ഒരു കത്തോലിക്കനാണ് എന്നാണ് സൂചന. ഗസ്സയിലെ ഇസ്റയേൽ നടത്തുന്ന ക്രൂരതക്കെതിരെ അമേരിക്കൻ പൗരന്മാരുടെ രൂക്ഷമായ എതിർപ്പാണ് ഇത് കാണിക്കുന്നത്.

യുദ്ധം തുടരുകയാണെങ്കിൽ ഇസ്റയേലിനെതിരെ ഉപരോധം ഏർപ്പെടുത്തുമെന്ന് യൂറോപ്യൻ യൂണിയനിലെ പ്രമുഖരായ യു കെ, കാനഡ, ഫ്രാൻസ് എന്നീ രാജ്യങ്ങൾ ഭീഷണി മുഴക്കിയിരിക്കുകയാണ്. ഗസ്സക്കെതിരെ പ്രത്യേകിച്ച് കുട്ടികൾക്ക് ഭക്ഷണവും വെള്ളവും വൈദ്യുതിയും നിഷേധിച്ച് ഇസ്റയേൽ നടത്തുന്ന കിരാതമായ യുദ്ധത്തിരെ ഇ യു വിൽ രോഷം ആളിപ്പടരുകയാണ്.

1995 ൽ യൂറോപ്യൻ രാജ്യങ്ങളും ഇസ്റയേലും തമ്മിൽ രാഷ്ട്രീയ സാമ്പത്തിക സാംസ്കാരിക വിഷയങ്ങളിൽ സുദൃഢബന്ധം ഊട്ടിയുറപ്പിക്കാൻ ഒപ്പുവെച്ച ഇ യു-

ഇസ്റയേൽ അസോസിയേഷൻ എഗ്രിമെന്റ് (EU-Israel Association Agreement) 2024 ൽ ഇസ്റയേലി വ്യാപാരത്തിന്റെ 32% നടന്നത് ഈ എഗ്രിമെന്റ് പ്രകാരം യൂറോപ്യൻ രാജ്യങ്ങളുമായിട്ടാണ്. ഗസ്സയിലെ മനുഷ്യാവകാശ ധ്വംസനങ്ങളുടെ വെളിച്ചത്തിൽ ഈ കരാർ പുനഃപരിശോധിക്കണമെന്ന് ഇ യു വിലെ ഡച്ച് പ്രതിനിധി ആവശ്യപ്പെട്ടിട്ടുണ്ട്. 2025 മെയ് 20 ന് ബ്രസ്സൽസിൽ ചേർന്ന ഇ യു വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിനു ശേഷം ഇ യു വിദേശകാര്യ ചീഫ് സെക്രട്ടറി കാജാ കല്ലാസും ഇസ്റയേലുമായുള്ള വ്യാപാര പങ്കാളിത്തവും സഹകരണവും പുനഃപരിശോധിക്കുമെന്ന് പറഞ്ഞു. ഇ യു വിദേശകാര്യ സെക്രട്ടറിക്കെതിരെ ഉടൻ ഇസ്റയേലിന്റെ പ്രതികരണം വന്നു. ഇസ്റയേലീ പ്രശ്നം മനസ്സിലാക്കുന്നതിൽ ഇ യു തെറ്റിദ്ധരിച്ചിരിക്കുകയാണെന്ന് പറഞ്ഞ് കല്ലാസിന്റെ വിമർശനത്തെ അവർ തള്ളിക്കളയുകയുണ്ടായി.

ഇസ്റയേലിനോടുള്ള സമീപനത്തിലെ നിലപാടിനെ ചൊല്ലി 27 അംഗങ്ങളുള്ള യൂറോപ്യൻ യൂണിയനിൽ ഇപ്പോൾ ഒരു വിഭജനം സംജാതമായിരിക്കുന്നു. 2024 ഫെബ്രുവരിയിൽ അയർലന്റ്, നോർവ്വേ, സ്ലോവേനിയ, സ്പെയിൻ എന്നീ രാജ്യങ്ങൾ ഫലസ്തീൻ സ്റ്റേറ്റിനെ അംഗീകരിച്ചു കൊണ്ട് പ്രഖ്യാപനം നടത്തുകയും, ഇസ്റയേൽ 1967 ലെ അതിർത്തിയിലേക്ക് പോകണമെന്ന് ആവശ്യപ്പെടുകയും ഇസ്റയേലിനെ രൂക്ഷമായി വിമർശിക്കുകയും ഇസ്റയേലിനെതിരെ കഠിനമായ നടപടികൾ എടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നവരാണ്. ഇ യു വിൽ ഇസ്റയേലിനെ അനുകൂലിക്കുന്നവർ ജർമ്മനി, ആസ്ട്രിയ, ഹംഗറി, ചെക്ക് റിപ്പബ്ലിക്ക് എന്നീ രാജ്യങ്ങളാണ്. അതിൽ ജർമ്മനി അമേരിക്ക കഴിഞ്ഞാൽ ഇസ്റയേലിലേക്ക് ഏറ്റവും കൂടുതൽ ആയുധം കയറ്റുമതി ചെയ്യുന്ന രാജ്യമാണെന്നോർക്കണം. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ ഒക്ടോബർ 7 ന്റെ ഇസ്റയേൽ നടത്തിയ അക്രമണത്തെ അപലപിച്ചുവെങ്കിലും. ഇപ്പോൾ നിലപാട് മാറ്റിയിരിക്കുന്നു. ഇസ്റയേലിന്റെ ഗസ്സയിലെ കൂട്ടക്കൊലയെ വിമർശിക്കുകയും വെടിനിർത്തലിന് ആവശ്യപ്പെടുകയും ചെയ്യുന്നതായാണ് കാണുന്നത്.

ഗസ്സ, വെസ്റ്റ് ബാങ്ക് എന്നിവിടങ്ങളിലെ ഫലസ്തീനികൾക്ക് ഇ യു ഒരു പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. തീർച്ചയായും ഇത് അവർക്ക് എത്തിക്കുമെന്ന് ഇ യു പറഞ്ഞു. ഇപ്പോൾ എല്ലാ യൂറോപ്യൻ തലസ്ഥാനങ്ങളിലും ഇസ്റയേലിനെതിരെ ജനകീയ പ്രതിഷേധം അലയടിക്കുകയാണ്. അതിനെ കണ്ടില്ലെന്ന് നടിക്കാൻ യൂറോപ്യൻ രാജ്യ നേതാക്കന്മാർക്കും ഭരണാധികാരികൾക്കും ആകില്ല.

**'പറയുക സത്യം വന്നു, അസത്യം അപ്രത്യക്ഷമായി തീർച്ചയായും അസത്യം അപ്രത്യക്ഷമാവുന്നത് തന്നെയാണ്.'** (വിശുദ്ധ ഖുർആൻ 17:82) **'തീർച്ചയായും അക്രമികൾ വിജയം പ്രാപിക്കില്ല.'** (വിശുദ്ധ ഖുർആൻ 6:22) ●.

## വാർത്തകൾ



**ഇറ്റലിയിലെ അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ ചീഫ് മിഷണറി ഇമാം അതാ ഉൽ വസീഹ് സാഹിബ് ഖലീഫത്തുൽ മസീഹ് മിർസാ മസ്റൂർ അഹ്മദിന്റെ സമാധാന സന്ദേശം ആദരണീയനായ പുതിയ മാർപ്പാപ്പക്ക് കൈമാറുന്നു.**



**ബ്രിട്ടീഷ് പൗരനും അഹ്മദിയുമായ ഖുദ്സിറഷീദ്സാഹിബ് കുവൈത്തിലെ ബ്രിട്ടീഷ് അംബാസിഡറായി നിയമിതനായിരിക്കുന്നു. ഈ വർഷം സെപ്തംബറിലാണ് അദ്ദേഹം ചാർജ്ജ് എറ്റെടുക്കുക.**

# ഗസ്സ: ഫലസ്തീനികൾക്കും ഹ്യൂമാനിറ്റി ഫസ്റ്റ് പ്രവർത്തകർക്കും വേണ്ടി പ്രാർത്ഥിക്കുക.

**ഡോ. അസീസ് അഹ്‌മദ് ഹാഫിസ്** (ചെയർമാൻ ഹ്യൂമാനിറ്റി ഫസ്റ്റ് )




ഗസ്സയിലെ പീഢിതരായ ഫലസ്തീൻ ജനതയുടെ സേവത്തിനായി പ്രവർത്തിക്കുന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിലുള്ള ആഗോള ജീവ കാരുണ്യ സന്നദ്ധ സേവന പ്രവർത്തക സംഘടനയായ ഹ്യുമാനിറ്റി ഫസ്റ്റ് പ്രവർത്തകർക്ക് വേണ്ടി ഉള്ളുരുകിയുള്ള പ്രാർത്ഥനകൾ നിർവ്വഹിക്കാൻ ഹുമാനിറ്റി ഫസ്റ്റ് ചെയർമാൻ ഡോ. അസീസ് അഹ്‌മദ് ഹാഫിസ് അഭ്യർത്ഥിച്ചു. ഹ്യുമാനിറ്റി ഫസ്റ്റിന്റെ അഹ്മദീ പ്രവർത്തകർ ജീവൻ പണയം വെച്ചുള്ള സമർപ്പിതരായ സന്നദ്ധ പ്രവർത്തനമാണ് അത്യന്തം അപകടകരമായ ഗാസയിലെ യുദ്ധമുഖത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ അവരുടെ അവസ്ഥ വളരെ അപകടകരമാണ്. അവരുടെ വീടുകൾക്ക് നേരെയും ബോംബാക്രമണവും ഷെല്ലാക്രമണവും കുട്ടികളിൽ അതിന്റെ നടുക്കുന്ന ആഘാതകങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോഴും ഹ്യൂമാനിറ്റി ഫസ്റ്റ് പ്രവർത്തകർ ദൈവാഭീഷ്ടത്തിന് വേണ്ടി സേവന നിരതരായിക്കൊണ്ടിരിക്കുകയാണ്. അല്ലാഹുവിന്റെ കൃപയാലും ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ പ്രാർത്ഥനയാലും മാത്രമാണ് അവർ ഇതുവരെ സംരക്ഷിക്കപ്പെട്ടത്.

അല്ലാഹുവിന്റെ എണ്ണമറ്റ ദൈവിക സംരക്ഷണത്തിന്റെ അടയാളങ്ങളിൽ, ഒരു സംഭവം ശ്രദ്ധേയമാണ്. നമ്മുടെ മൂന്ന് സഹോദരന്മാർ അവരുടെ സേവന ചുമതലകൾ നിർവഹിച്ചുകൊണ്ട് ഒരു തെരുവിലൂടെ നടന്നുപോകുമ്പോൾ, വ്യക്തമായ കാരണമൊന്നുമില്ലാതെ, അവരിൽ ഒരാൾ പെട്ടെന്ന് ഒരു ഉൾവിളിയെന്നോണം നടത്തം നിർത്തി പിൻവാങ്ങി. മറ്റുള്ളവർ ഒരു മടിയും കൂടാതെ അദ്ദേഹത്തെ പിന്തുടർന്നു. നിമിഷങ്ങൾക്കകം ശക്തമായ ഒരു സ്ഫോടനം ആ പ്രദേശത്തെ പിടിച്ചുകുലുക്കി-ആ സ്ഥലത്ത് ഒരു ബോംബ് പതിക്കുകയായിരുന്നു. നിർഭാഗ്യവശാൽ, അവിടെ ആ സമയത്തുണ്ടായിരുന്ന മൂന്ന് പേർക്ക് ജീവൻ നഷ്ടപ്പെട്ടു. അല്ലാഹുവിന്റെ കാരുണ്യത്താൽ മാത്രമാണ് ഹ്യൂമാനിറ്റി ഫസ്റ്റ് പ്രവർത്തകർ രക്ഷപ്പെട്ടത്. ദൈനംദിന പ്രാർത്ഥനകളിൽ ഗാസയിലെ ജനങ്ങളെയും ഹ്യൂമാനിറ്റി ഫസ്റ്റ് പ്രവർത്തകരെയും ഓർക്കുവാൻ ഞങ്ങൾ ആത്മാർത്ഥമായി അഭ്യർത്ഥിക്കുന്നു. അല്ലാഹു അവരുടെ രക്ഷാധികാരിയായിരിക്കട്ടെ, അവരെ എല്ലാ അപകടങ്ങളിൽ നിന്നും സംരക്ഷിക്കുകയും ഈ ഭീകരാവസ്ഥയിൽ നിന്ന് അവർക്ക് സമാധാനവും ആശ്വാസവും നൽകുകയും ചെയ്യുമാറാകട്ടെ.-

അൽഹക്കം 17 ജൂ 2025

**അനുസ്മരണം**

# സയ്യിദ് മീർ മഹ്മൂദ് അഹ്മദ് നാസിർ സാഹിബ്



അഹ്മദിയ്യാ മുസ് ലിം ജമാഅത്തിലെ സമുന്നത പണ്ഡിതൻ സയ്യിദ് മീർ മഹ്മൂദ് അഹ്മദ് നാസിർ സാഹിബ് (96) പാകിസ്താനിലെ റബ്വയിൽ വഫാത്തായി (ഇന്നാലില്ലാഹി) ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ ജാമാതാവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഭാര്യാ പിതാവ് ഹദ്റത്ത് സയ്യദ് മീർ നാസിർ നവാബ് സാഹിബ്(റ)ന്റെ പൗത്രനുമാണ്. അതായത് ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് സയ്യദ നുസ്രത്ത് ജഹാൻ ബേഗം(റ)യുടെ സഹോദരൻ ഹദ്റത്ത് സയ്യിദ് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബ്(റ)ന്റെയും ഹദ്റത്ത് സലേഹ ബീഗം സാഹിബയുടെയും മകനാണ്. വാഗ്ദത്ത മസീഹി(അ)ന്റെ കുടുംബ വൃത്തത്തിൽ നിന്നുള്ള സയ്യിദ് സാഹിബ് മഹാപണ്ഡിതനും അനേകം സദ്ഗുണങ്ങളുടെ അനുകരണീയ മാതൃകയുമായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ(റ) ലണ്ടനിലെ സ്കൂൾ ഓഫ് ഓറിയന്റൽ സ്റ്റഡീസിൽ പഠിക്കുമ്പോൾ സഹപാഠിയായിരുന്നു.

സയ്യിദ് സാഹിബ് വഖ്ഫെ സിന്ദഗിയാണ്. 'സീറത്തുൽ മഹ്ദി' ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത അദ്ദേഹം എഴുതിയ നിരവധി ലേഖനങ്ങൾ 'നുക്താ യെ ന സർ' എന്ന പേരിൽ പുസ്തകമായുണ്ട്. പരന്ന വായനക്കാരനായ സയ്യിദ് സാഹിബ് ഇംഗ്ലണ്ടിലും പിന്നീട് അമേരിക്കൻ ഐക്യനാടുകളിലും സ്പെയിനിലും നിരവധി വർഷങ്ങൾ ജമാഅത്തിന്റെ മിഷനറിമാരിൽ ഒരാളായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിൽ അദ്ദേഹം ജാമിയ അഹ്മദിയ്യാ റബ്വയുടെ പ്രിൻസിപ്പാളായിരുന്നു. വിദ്യാർത്ഥികളോട് പിതൃതുല്യമായ സ്നേഹത്തോടെയും വിനയത്തോടെയും പെരുമാറിയ മഹാനായ ഒരു മനുഷ്യസ്നേഹി കൂടിയായിരുന്നു സയ്യിദ് മീർ മഹ്മൂദ് അഹ്മദ് നാസിർ സാഹിബ്. അദ്ദേഹത്തിന് ജന്നത്തും മഗ്ഫിറത്തും നൽകി അല്ലാഹു അനുഗ്രഹിക്കട്ടെ. ●.

**അഹ്മദീ രക്തസാക്ഷി**



പാകിസ്താനിലെ പഞ്ചാബ് സർഗോദയിൽ രാജ്യത്തെ ഏറ്റവും പ്രശസ്തനായ ഗാസ്ട്രോ എന്ററോളജിസ്റ്റും അറിയപ്പെടുന്ന ജീവകാരുണ്യ പ്രവർത്തകനും ജനസേവകനുമായ ഡോ. ശേഖ് മഹ്മൂദ് സാഹിബ്(58) മതതീവ്രവാദികളുടെ വെടിയേറ്റ് 2025 മെയ് 16ന് ആശുപത്രി പരിസരത്ത് വെച്ച് ശഹീദാക്കപ്പെടുകയുണ്ടായി. (ഇന്നാലില്ലാഹി....) ഒരു മാസത്തിനുള്ളിൽ മത തീവ്രവാദികളുടെ കൈകളാൽ ശഹീദാക്കപ്പെടുന്ന നാലാമത്തെ രക്തസാക്ഷിയാണ് ശേഖ് സാഹിബ്. വധത്തെ ഖലീഫത്തുൽ മസീഹ് അപലപിക്കുകയും ശഹീദിനു വേണ്ടിയും പാകിസ്താനെ തീവ്രവാദികളുടെ പിടിയിൽ നിന്ന് രക്ഷിക്കുന്നതിന് വേണ്ടിയും പ്രാർത്ഥിക്കാൻ ആഹ്വാനം ചെയ്യുകയുമുണ്ടായി.

Published on 07.06.2025

Pages 44

Vol: 97 Issue.06
Price Rs. 30/-

RNI No. 3332/1957, Registered KL/EKM/726/2024-26
Licence No. KL/CR/EKM/WPP-19/2024-26. Licensed to post without
Prepayment **The Sathyadoothan Monthly**

# കേവലനീതി
# കാരുണ്യം, ബന്ധുത്വം
## മൂന്ന് ക്രിയാത്മക തത്ത്വങ്ങൾ

മനുഷ്യബന്ധങ്ങളിൽ പ്രതിഫലിക്കേണ്ട ദൈവ കൽപിതമായ നീതിയുടെയും കാരുണ്യത്തിന്റെയും അദ്ധ്യാപനങ്ങളെ സംബന്ധിച്ച് സൂക്ഷ്മവും സമഗ്രവുമായി പ്രതിപാദിക്കുന്ന ഉജ്ജ്വല ഗ്രന്ഥം.

## ജൂലൈ 20 ന്
## എറണാകുളം ടൗൺ ഹാളിൽ വെച്ച്
## പ്രകാശനം ചെയ്യുന്നു.




Hadrath Mirza Tahir Ahmad
(Khalifathul Masih IV)

വിവർത്തനം : എ.എം. മുഹമ്മദ് സലീം

**പ്രസാധകർ**
**മജ്‌ലിസ് അൻസാറുല്ലാഹ്**
**എറണാകുളം ജില്ല**

Printed & Published by B.B.Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at A-One Oset Prints, Ramanattukara, Calicut, Kerala - 673 633
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim.